بسم الله الرحمن الرحيم
نحمده ونصلي على رسوله الكريم وعلى عبده المسيح الموعود

പുസ്തകം 70
ലക്കം 11
■
നവംബർ 2002
നുബുവ്വത്ത് 1381
ശഅ്ബാൻ - റമസാൻ 1423
■
ചീഫ് എഡിറ്റർ
മുഹമ്മദ് ഉമർ എച്ച്. ഏ.
■
എഡിറ്റർ
ഏ. എം. മുഹമ്മദ് സലിം
■
എഡിറ്റോറിയൽ ബോർഡ്
പ്രൊഫ. മഹ്മൂദ് അഹ്മദ്
(ചെയർമാൻ)

കെ. വി. ഈസക്കോയ
കെ. വി. ഹസ്സൻ കോയ
പി. എം. സലിം
പി. എം. ബഷീർ അഹ്മദ്
■
സെക്രട്ടറി പീരിയോഡിക്കൽസ്
പി. എം. അഹ്മദ് ഹസ്സൻ
■
മാനേജർ
എം. കെ. ഇമ്പിച്ചിക്കോയട്ടി
■
സർക്കുലേഷൻ മാനേജർ
എസ്. മുഹമ്മദ് സലിം
■
വരിസംഖ്യ - 100 ക.
ഒറ്റപ്രതി - 10 ക.
■
വിലാസം
**സത്യദൂതൻ**
**ജി. എച്ച്. റോഡ്**
**കോഴിക്കോട്.**

لا اله الا الله محمد رسول الله

# സത്യദൂതൻ

**വജ്ര ജൂബിലി പിന്നിട്ട മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം**

## ഉള്ളടക്കം

4 *യുഗശബ്ദം*

5 *മുഖക്കുറിപ്പ്*

6 *സ്വർഗ്ഗവാതിലുകൾ തുറക്കപ്പെടുന്ന റമസാൻമാസം*
**ഹസ്റത്ത് ഖലീഫത്തുൽ മസീഹ് - IV**

10 *മൗലാനാ മുഹമ്മദ് അബുൽ വഫാ: ശുഭകരമായ ഒരു മഹൽ ജീവിതം*
**ഹസ്റത്ത് മിർസാ വസീം അഹ്മദ്**

11 *മൗലാനാ അബുൽവഫാ സാഹിബ് (റഹ്) ഒരനുസ്മരണം*
**ഏ. പി. കുഞ്ഞാമു**

15 *ഞാൻ എങ്ങനെ അഹ്മദിയായി*
**മൗലാനാ മുഹമ്മദ് അബുൽ വഫാ (റഹ്)**

17 *സ്നേഹധനനായ എന്റെ വന്ദ്യപിതാവ്*
**ഇബ്നുവഫ**

20 *വ്രതാനുഷ്ഠാനം മതങ്ങളിൽ*
**ഡോ. ആബിദ് അഹ്മദ്**

25 *ദൈവസ്നേഹം*
**ഹസ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)**

27 *പ്രാർത്ഥനയുടെ തത്ത്വശാസ്ത്രം*
**നസീർ അഹ്മദ്**

30 *യേശുവിന് പാപപരിഹാരം സാധ്യമല്ല*
**ഹസ്റത്ത് മിർസാ ത്വാഹിർ അഹ്മദ്**

32 *ജാഹിലിയ്യത്ത് അവസാനിക്കുന്നില്ല*
**ബി.എ. മുഹമ്മദ് നജീബ് എറണാകുളം**

35 *റൂഹാനി ഖസായിൻ വാല്യം 19 (3)*
**മുഹമ്മദ് ഉമർ എച്ച്. ഏ.**

37 *കുറിപ്പുകൾ*

42 *വാർത്തകൾ*

*മുഖചിത്രം : യൂസുഫ് മോസ്ക്-അമേരിക്കയിലെ അരിസോണയിലുള്ള അഹ്മദിയ്യാ മുസ്‌ലിം പള്ളി*

Printed & Published by Dr. B. Mansoor Ahmad for The Kerala Ahmadiyya Jama-at at Geethanjali Offset Press, Feroke, Calicut.
Edited by A. M. Muhammed Saleem. Typeset, Layout & Cover Design : Carrot, Calicut

## ഖുർആനിൽ നിന്ന്


"സത്യവിശ്വാസികളേ, നിങ്ങൾ ഭയഭക്തിയും സൂക്ഷ്മതയും ഉള്ളവരായിത്തീരുന്നതിന്ന് നിങ്ങൾക്ക് മുമ്പുള്ളവരിൽ കടമയാക്കപ്പെട്ടതു പോലെ വ്രതാനുഷ്ഠാനം നിങ്ങൾക്കും കടമയാക്കപ്പെട്ടിരിക്കുന്നു. ഇത് എണ്ണപ്പെട്ട ചില ദിവസങ്ങളാണ്. നിങ്ങളിൽ ആരെങ്കിലും രോഗിയോ യാത്രക്കാരനോ ആണെങ്കിൽ മറ്റു ദിവസങ്ങളിൽ അവർ എണ്ണം പൂർത്തീകരിച്ചുകൊള്ളട്ടെ. പ്രായശ്ചിത്തം നൽകുന്നതിന് കഴിവുള്ളവർ ഒരു അഗതിയുടെ ആഹാരം നൽകേണ്ടതാണ്. (2:184,185)

## നബിവചനം

അബൂഹുറയ്റ (റ) നിവേദനം ചെയ്യുന്നു. തിരുനബി (സ) അരുൾ ചെയ്തു. അല്ലാഹു പറയുന്നു. വ്രതം ഒഴികെയുള്ള മനുഷ്യന്റെ കർമ്മങ്ങളെല്ലാം അവനുള്ളതാണ്. കാരണം വ്രതം എനിക്കുള്ളതാകുന്നു. ഞാനാണ് അതിന് പ്രതിഫലം നൽകുന്നത്. വ്രതം (പാപത്തിനെതിരെയുള്ള) ഒരു പരിചയാണ്. അതുകൊണ്ട് നിങ്ങളിലാരെങ്കിലും വ്രതമനുഷ്ഠിക്കുകയാണെങ്കിൽ അയാൾ അനാവശ്യമായി സംസാരിക്കരുത്. അമിതമായി ശബ്ദിക്കയുമരുത്. ആരെങ്കിലും അയാളെ ശകാരിക്കുകയോ അയാളോടു ശണ്ഠകൂടുകയോ ചെയ്യുന്നുവെങ്കിൽ 'ഞാൻ നോമ്പുകാരനാണ്' എന്നയാൾ പറയട്ടെ. (ബുഖാരി)

## യുഗശബ്ദം

ഇസ്‌ലാമിന്റെ അനുഷ്ഠാന കർമ്മങ്ങളിൽ മൂന്നാമത്തേത് നോമ്പാകുന്നു. മനുഷ്യൻ വിശന്നും ദാഹിച്ചും ഇരിക്കുകയെന്നത് മാത്രമല്ല നോമ്പ്. അതിനൊരു തത്ത്വമുണ്ട്. അതിനൊരു പ്രഭാവമുണ്ട്. അനുഭവത്തിലൂടെയാണ് അതറിയാൻ കഴിയുക. ഭക്ഷണം കുറക്കുന്നതനുസരിച്ച് ആത്മാവ് പരിശുദ്ധമാകുന്നു. ദർശനശക്തി വർദ്ധിക്കുന്നു. ഭൗതിക ഭക്ഷണം കുറച്ച് ആത്മീയ ഭക്ഷണം അധികമാക്കുക എന്നതാണ് അല്ലാഹു ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. വിശപ്പ് മാത്രമല്ല അവനിൽ നിന്ന് പ്രതീക്ഷിക്കുന്നതെന്ന കാര്യം നോമ്പ്കാരന്റെ ദൃഷ്ടിയിലുണ്ടായിരിക്കണം. പ്രത്യുത, ഏകാന്ത വാസവും ഭൗതികതയിൽ നിന്നുള്ള അകൽച്ചയും ലഭിക്കാനായി ദൈവസ്മരണയിൽ അധികമധികം ലയിക്കണം. കേവലം ശരീരത്തിന് പോഷണം നൽകുന്ന ഭക്ഷണം ഉപേക്ഷിച്ച് ആത്മാവിന്റെ തൃപ്തിക്കും സന്തുഷ്ടിക്കും ഉതകുന്ന ഭക്ഷണം സ്വീകരിക്കുക എന്നതാണ് നോമ്പുകൊണ്ടുള്ള ഉദ്ദേശ്യം.



ഒരു ചടങ്ങു തീർക്കുന്നു എന്ന നിലയിലല്ലാതെ ആരാണോ അല്ലാഹുവിനു വേണ്ടി നോമ്പ് നോൽക്കുന്നത് അയാൾ തനിക്ക് ആദ്ധ്യാത്മിക ഭക്ഷണം ലഭിക്കുന്നതിനായി അല്ലാഹുവിനെ സ്തുതിക്കുന്നതിലും അവനെ പ്രകീർത്തിക്കുന്നതിലും അവന്റെ ഏകത്വം കീർത്തനം ചെയ്യുന്നതിലും മുഴുകിക്കൊള്ളട്ടെ. (മൽഫൂസാത്ത്- വാള്ള്യം9, പേ.123)

മുഖക്കുറിപ്പ്

# മൗലാനാ മുഹമ്മദ് അബുൽവഫാ സാഹിബ്

ഉദാത്തവും ത്യാഗനിർഭരവുമായ ചരിത്ര ദൗത്യത്തിനുവേണ്ടി ജീവിതം മൃത്യുവിന്നുമുമ്പിൽ സമർപ്പിച്ച് മരണം കാത്തിരുന്ന മഹാനായിരുന്നു മൗലാനാ അബുൽവഫാ സാഹിബ് (റഹ്). അരനൂറ്റാണ്ടുകൾക്കുശേഷം ആ ത്യാഗിവര്യനെതേടി മരണം വന്നണഞ്ഞു. സംഭവബഹുലമായ സ്മരണകൾ മാത്രം ബാക്കിയാക്കി ആ ചരിത്രപുരുഷൻ കഥാവശേഷനായി. ഇന്നാലില്ലാഹി വ ഇന്നാഇലൈഹി റാജിഊൻ.

യാഥാസ്ഥിതിക ഉലമാക്കന്മാർ മാപ്പിളകേരളത്തെ മകുടിയൂതി മയക്കി വരുതിയിലാക്കി നിർത്തിയ കാലം. അഹ്മദിയ്യത്ത് എന്ന് കേട്ടാൽ മുസ്‌ലിം സമൂഹം സർപ്പത്തെപ്പോലെ ഫണം വിടർത്തി വിഷം ചീറ്റി രുദ്രനൃത്തമാടിയിരുന്ന ആ കാലഘട്ടത്തിൽ മദ്ധ്യമലബാറിൽ വടകരക്കടുത്തുള്ള ജാതിയേരി എന്ന ഗ്രാമത്തിൽ ഒരു യാഥാസ്ഥിതിക സുന്നീ കുടുംബത്തിൽ ജനിച്ച മൗലാനാ സാഹിബ് അഹ്മദിയ്യത്ത് സ്വീകരിക്കാൻ ധൈര്യം കാട്ടുകയുണ്ടായി. കെട്ടുകഥകളെ അതിശയിപ്പിക്കുന്ന ഒരു സംഭവമായിരുന്നു അത്. ഹസ്റത്ത് അബൂബക്കർ (റ)ന്റെയും ഹസ്റത്ത് ബിലാലി(റ)ന്റെയും ഇസ്‌ലാംമത സ്വീകരണത്തിന്റെ കേരളീയമായ ആവർത്തനമായിരുന്നു ആ സംഭവം. പുരോഗമന ചിന്ത മൗലാനാ അവർകളുടെ കൂടപ്പിറപ്പായിരുന്നു. ധിഷണകൊണ്ട് താൻ കണ്ടെത്തിയ ജ്ഞാനവിസ്മയങ്ങളെ സത്യസന്ധമായി മഹാനവർകൾ അനുധാവനം ചെയ്തു. നോക്കുക, അദ്ദേഹത്തിന്റെ ആദ്യത്തെ പേർ 'കുഞ്ഞമ്മദ്' എന്നായിരുന്നു. തിരുനബി (സ)യുടെ പേരിന്റെ ഗ്രാമ്യമായ ഈ നാമവക്രീകരണത്തിൽ യാഥാസ്ഥിതിക പാരമ്പര്യത്തിന്റെ മുദ്ര പതിഞ്ഞിരുന്നു. പ്രത്യുത്പന്നമതിയായ മൗലാനാ അവർകൾ അഹ്മദിയാവുന്നതിന് മുമ്പ്തന്നെ പൂർവ്വാശ്രമം ഉപേക്ഷിക്കുന്ന പരിവ്രാചകനെപ്പോലെ തന്റെ പേർ തിരുത്തി മുഹമ്മദ് അബുൽവഫാ എന്നാക്കി മാറ്റി. സ്വന്തം നാമത്തെ തിരുത്തിക്കുറിച്ചുകൊണ്ട് ആ വിപ്ലവകാരി യാഥാസ്ഥിതിക മതപാരമ്പര്യങ്ങളോട് സൗമ്യമായി പ്രതിഷേധിക്കുകയായിരുന്നു. ആ മഹാമനീഷി തന്റെ നാമത്തിലും സത്തയിലും ആളത്വത്തിലും മാറ്റങ്ങൾ തേടുകയായിരുന്നു. ആ സത്യാന്വേഷണങ്ങൾ ഒടുവിൽ അഹ്മദിയ്യത്തിൽ സഫലങ്ങളായി.

സിന്ധുവിനും ഗംഗക്കും സമാന്തരമായി വർഗ്ഗീയതയുടെ രക്തപ്പുഴയൊഴുകിയ അഭിശപ്തമായ ഒരു കാലഘട്ടം ഇന്ത്യക്കുണ്ടായിരുന്നു. ഇന്ത്യാ-പാക് വിഭജനത്തിന്റെ ആ നാളുകൾ അഹ്മദിയ്യത്തിന്റെ പരീക്ഷണ ഘട്ടങ്ങളായിരുന്നു. കൂട്ടക്കൊലകൾകൊണ്ട് ജനശൂന്യമായി മാറിയ അതിർത്തിക്കടുത്തായിരുന്നു പുണ്യഖാദിയാൻ. രക്തനദികൾ ഉരുവംകൊണ്ട കലാപഭൂമിയിലെ വാഗ്ദത്തമഹ്ദിയുടെ ജന്മഗേഹത്തിന്റെ സംരക്ഷണം ബദർ ശുഹദാക്കളുടെ ത്യാഗം ആവശ്യപ്പെട്ട ഒരു ചരിത്ര സന്ദർഭമായിരുന്നു. ഖലീഫാ തിരുമനസ്സ് രണ്ടാമന്റെ ആഹ്വാനപ്രകാരം അഹ്മദിയ്യത്തിന്റെ ജന്മഗേഹമായ ഖാദിയാൻ സംരക്ഷണത്തിനുവേണ്ടി ജീവൻ ബലിദാനം നൽകാൻ ആയിരക്കണക്കിന് അഹ്മദികൾ സന്നദ്ധരായി. അതിൽ നിന്ന് 313 പേരെ ഖലീഫാതിരുമനസ്സ് തിരഞ്ഞെടുത്തു. എല്ലാ അർത്ഥത്തിലും ബദറിന്റെ അനുരണനങ്ങൾ മുഴങ്ങുകയായിരുന്നു. ആ ഖാദിയാൻ സംരക്ഷണ സംഘത്തിൽ മൗലാനാ അബുൽ വഫാ സാഹിബ് സ്വയം ജീവൻ നൽകാൻ സന്നദ്ധനായി നിലയുറപ്പിച്ചു. മൗലാനാ അവർകൾ ചരിത്രത്തിൽ അമരനാവുകയായിരുന്നു. ചരിത്രത്തിൽ സൂചി കുത്താനിടംകിട്ടിയാൽ തൂമ്പ കയറ്റാനുള്ള വ്യഗ്രത മനുഷ്യസഹജമാണ്. എന്നാൽ അതുല്യവും ത്യാഗോജ്ജ്വലവുമായ ഈ ചരിത്രയോഗ്യതയുണ്ടായിട്ടും അതൊന്നും ഊതിപെരുപ്പിക്കാനോ എഴുതിപ്രചരിപ്പിക്കാനോ അദ്ദേഹം വന്നില്ല. വാസ്തവത്തിൽ, നിസ്സംഗമായ മൗനംകൊണ്ട് ഈ ചരിത്ര യാഥാർത്ഥ്യങ്ങൾക്ക് അദ്ദേഹം മകുടം ചാർത്തുകയായിരുന്നു. അർഹതയുണ്ടെങ്കിൽ തന്റെ ചരിത്രം മറ്റാരെങ്കിലും എഴുതട്ടെ എന്ന ഭാവമായിരുന്നു അദ്ദേഹത്തിന്.

നിസ്വതയിലും അരിഷ്ടതയിലും ഭക്തൻമാരായ പ്രതിഭാശാലികളുടെ പരിചരണവും സമർപ്പണവും കൊണ്ട് വളർന്ന ഒരു പാവനമായ പാരമ്പര്യമാണ് സത്യദൂതന്റേത്. പണ്ഡിത പ്രതിഭയായിരുന്ന മൗലാനാ അവർകൾ 1969 ജൂൺ മുതൽ 1974 വരെ സത്യദൂതൻ പത്രാധിപരായിരുന്നു. 1979 മുതൽ 1984 വരെ വീണ്ടും അദ്ദേഹം മുഖ്യപത്രാധിപരായി സത്യദൂതനെ നയിച്ചു. അറബി സാഹിത്യത്തിൽ പ്രത്യേക അഭിരുചിയുണ്ടായിരുന്ന മൗലാനാ അവർകൾ അറബി കവി കൂടിയായിരുന്നു. പഴയ സുന്നി പള്ളി ദർസുകളിൽ യോഗ്യരായ പണ്ഡിതന്മാരുടെ ശിക്ഷണത്തിൽ ഓതിപ്പഠിച്ച ഇരുത്തം വന്ന പണ്ഡിതനായിരുന്നു അദ്ദേഹം. ഈ അധിഷ്ഠാനത്തിൽ ഇരുന്നുകൊണ്ടുള്ള ഖാദിയാനിലെ ഉപരിപഠനവും യുഗപ്രഭാവനായ മൗലാനാ ബി. അബ്ദുല്ലാ സാഹിബിന്റെ ശിഷ്യത്വവും വാഗ്ദത്ത മസീഹിന്റെ ജ്ഞാനഭണ്ഡാരങ്ങൾ സ്പർശിക്കാൻ അദ്ദേഹത്തെ പ്രാപ്തനാക്കി. അദ്ദേഹത്തിന്റെ ഗദ്യസാഹിത്യം വിജ്ഞാനപ്രദവും ഭാഷ അഭിജാതവുമായിരുന്നു. വികാരപ്രകടനങ്ങളോ സ്ഥൂലവർണ്ണനകളോ ഇല്ലാതെ നേരിട്ട് കാര്യങ്ങൾ പ്രതിപാദിക്കുന്ന ലളിതമനോഹരമായ ശൈലിയായിരുന്നു അദ്ദേഹത്തിന്റേത്. അനുഗൃഹീത വാഗ്മിയായ മൗലാനാ അവർകൾ കുലീനനും മാന്യനുമായ പ്രഭാഷകനായിരുന്നു. പ്രകോപനപരമായി ഒരു

*ശേഷം പേജ് 24 ൽ*

# സ്വർഗ്ഗവാതിലുകൾ തുറക്കപ്പെടുന്ന റമസാൻമാസം

ഹസ്റത്ത് ഖലീഫത്തുൽ മസീഹ് IV

## റമസാൻ മാസത്തിൽ സ്വർഗ്ഗവാതിലുകൾ തുറക്കുകയും നരക കവാടങ്ങൾ ബന്ധിക്കപ്പെടുകയും ചെയ്യുന്നു

വ്രതാനുഷ്ഠാനത്തെക്കുറിച്ച് അല്ലാഹു വിശുദ്ധഖുർആനിൽ അരുൾ ചെയ്യുന്നു:

"സത്യവിശ്വാസികളേ, നിങ്ങൾ ഭയഭക്തിയും സൂക്ഷ്മതയും ഉള്ളവരായിത്തീരുന്നതിന്ന് നിങ്ങൾക്ക് മുമ്പുള്ളവരിൽ കടമയാക്കപ്പെട്ടതുപോലെ വ്രതാനുഷ്ഠാനം നിങ്ങൾക്കും കടമയാക്കപ്പെട്ടിരിക്കുന്നു. ഇത് എണ്ണപ്പെട്ട ചില ദിവസങ്ങളാണ്. നിങ്ങളിൽ ആരെങ്കിലും രോഗിയോ യാത്രക്കാരനോ ആണെങ്കിൽ മറ്റു ദിവസങ്ങളിൽ നോമ്പനുഷ്ഠിക്കട്ടെ (2:184,185). *'വ അലല്ലദീന യുഥീഖൂനഹു ഫിദ്‌യത്തുൻ ഥആമുമ്മിസ്കീൻ'* കഴിവുള്ളവർ സാധുവിന്ന് ഭക്ഷണം *'ഫിദ്‌യ'* ആയി നൽകേണ്ടതാണ്" (2:185)

ഇവിടെ വന്ന *'ഹു'* (അതിന്ന്) എന്ന പദത്തിന് രണ്ടു വിവക്ഷിതങ്ങളുണ്ട്. (1) ഭക്ഷണം കൊടുക്കാൻ കഴിവുള്ളവർ. (2) നോമ്പനുഷ്ഠിക്കാനുള്ള ശക്തിയില്ലാത്തവർ. അതായത് നോമ്പനുഷ്ഠിക്കാനുള്ള ശക്തിയില്ലാത്തവർ ഒരു പാവപ്പെട്ടവന് ഒരുദിവസത്തെ ഭക്ഷണം കൊടുക്കേണ്ടതാണ്.

*'ഫമൻ തത്വവ്വഅ ഖൈറൻ ഫഹു വഖൈറുൽ ലഹു' (2:185)* ഇവിടെ വന്ന *'തത്വവ്വഅ'* എന്ന വാക്കിനും രണ്ടർത്ഥങ്ങളുണ്ട്. (1) നിങ്ങളിൽ ആരെങ്കിലും ഐച്ഛികമായിട്ടു നന്മ ചെയ്യുകയാണെങ്കിൽ അത് അയാൾക്ക് പുണ്യം തരുന്നതായിരിക്കും. കടമ ചെയ്തതിന്നു ശേഷമാണ് ഐച്ഛികമായ കാര്യങ്ങൾ ചെയ്യേണ്ടത്. കടമക്ക് പകരമായി ഐച്ഛിക കാര്യങ്ങൾ ചെയ്യുക നന്മയാകുന്നില്ല. (2) രണ്ടാമത്തെ അർത്ഥം അനുസരണബോധത്തോടുകൂടി നന്മ ചെയ്യുന്നവർക്ക് അതിന്റെതായ പുണ്യം ലഭിക്കുന്നതാണ്. റമസാൻ മാസത്തിൽ രോഗിയോ യാത്രികനോ നോമ്പനുഷ്ഠിക്കുന്നത് പുണ്യകർമ്മമല്ല. ഇത് അല്ലാഹു തന്നരുളിയ ഒരനുവാദത്തെ തിരസ്ക്കരിക്കുന്നതിന്ന് തുല്യമാണെന്ന് ഹസ്റത്ത് വാഗ്ദത്ത മസീഹ് (അ) തന്റെ *ഫത്‌വ* യിൽ അരുൾ ചെയ്യുകയുണ്ടായി. നന്മ അനുസരണത്തിലാണ ധിഷ്ഠിതമായിട്ടുള്ളത്. ബലാൽക്കാരമായി നന്മ ചെയ്തുകൊണ്ട് അല്ലാഹുവിനോടു ധിക്കാരം കാണിക്കുന്നതില്ല. ഹസ്റത്ത് മുസ്ലിഹ് മൗഊദ് (റ) ഈ ആയത്തിന്നു നൽകിയിരുന്ന അർത്ഥം, 'പരിപൂർണ്ണമായ അനുസരണം പുലർത്തിക്കൊണ്ട് നന്മ ചെയ്യുന്ന ആൾക്ക് അതാണുത്തമം' എന്നാണ്.

*'വ അൻതസൂമൂ ഖൈറുൻ ലക്കും ഇൻകുൻതും തഅ്ലമൂൻ'* ഈ മാസത്തിൽ നിങ്ങൾ നോമ്പനുഷ്ഠിക്കുകയാണെങ്കിൽ അത് നിങ്ങൾക്ക് എന്തുകൊണ്ടും നന്മദായകമാണ (2:184,185). വ്രതാനുഷ്ഠാനത്തിൽ എന്തെല്ലാം ഗുണങ്ങളും നന്മകളും അടങ്ങിയിരിക്കുന്നുവെന്ന് നിങ്ങൾ അറിയുമെങ്കിൽ തീർച്ചയായും നിങ്ങൾ നോമ്പനുഷ്ഠിക്കുന്നതായിരിക്കും.

വ്രതാനുഷ്ഠാനത്തെ സംബന്ധിച്ച് ഹസ്റത്ത് റസൂൽ തിരുമേനി (സ)യുടെ ചില ഉപദേശങ്ങളും നിർദ്ദേശങ്ങളും നിങ്ങളുടെ മുമ്പാകെ വെക്കുകയാണ്. ഹസ്റത്ത് അബ്ദുർറഹ്മാനിബ്നു ഔഫ് (റ) രിവായത്ത് ചെയ്യുന്നു: "ഏതൊരാൾ റമസാൻ മാസത്തിൽ ഈമാനോടും പുണ്യം ലഭിക്കണമെന്ന ഉദ്ദേശ്യത്തോടും കൂടി ദൈവാരാധന ചെയ്യുന്നുവോ, അയാൾ നവജാതശിശുവിനെപ്പോലെ പാപങ്ങളിൽ നിന്നു പരിശുദ്ധനായി തീരുന്നു എന്നു ഹസ്റത്ത് റസൂലുല്ലാഹ് അരുൾ ചെയ്തു" അങ്ങനെ ഓരോ റമസാനും നമുക്കു പുതിയൊരു ജന്മത്തിന്റെ സുവിശേഷവുമായി ആഗതമാകുന്നു. നബിതിരുമേനിയുടെ നിർദ്ദേശങ്ങൾക്കും നിബന്ധനകൾക്കും അനുസരിച്ച് നാം നോമ്പനുഷ്ഠിക്കുകയാണെങ്കിൽ ഓരോവർഷവും പുതിയൊരാത്മീയ ജന്മമെടുക്കുവാനും കഴിഞ്ഞ കാലത്തുണ്ടായ പാപങ്ങളിൽ നിന്ന് പരിശുദ്ധിയാർജ്ജിക്കുവാനും സാധിക്കുന്നതാണ് (കിതാബ് സൗം, നിസായി).

മറ്റൊരു രിവായത്തിൽ, ഏതൊരാൾ റമസാൻ മാസത്തിൽ തഹജ്ജുദ് നമസ്ക്കരിക്കുന്നുവോ അയാളുടെ കഴിഞ്ഞകാല പാപങ്ങളെല്ലാം കഴുകപ്പെടുന്നതാണെന്ന് ഹ: നബികരീം(സ) അരുൾ ചെയ്തതായി ഹ: അബൂഹുറയ്റ (റ) പറയുന്നു.

റമസാൻ മാസവും തഹജ്ജുദ് നമസ്കാരവുമായി അഭേദ്യമായ ബന്ധ

മുണ്ട്. ഇതരമാസങ്ങളിലും തഹജ്ജുദ് നമസ്കരിക്കപ്പെടുന്നെങ്കിൽ കൂടി. നോമ്പനുഷ്ഠിക്കുന്നവർക്ക് തഹജ്ജുദിൽ പ്രവേശിക്കുവാനുള്ള ഒരു വഴി തുറന്നുകിട്ടുന്നുവെന്നു ഇതിൽനിന്നു മനസ്സിലാകുന്നു. മറ്റു ദിവസങ്ങളിൽ തഹജ്ജുദിന് എഴുന്നേൽക്കുന്നത് ഭാരമായിത്തോന്നുമെങ്കിലും റമസാനിൽ വയറിന്നുവേണ്ടി, അതായത് അത്താഴം കഴിക്കാനായി ഏതായാലും എഴുന്നേൽക്കുവാൻ നിർബന്ധിതനായിത്തീരുന്നു. അങ്ങനെ ഭൗതികമായ ആഹാരത്തിന്നായി ഉണരുമ്പോൾ എന്തുകൊണ്ട് ആത്മീയാഹാരത്തെയും അതിനോടനുബന്ധിപ്പിച്ചുകൂടാ?

ഹ: നബികരിം (സ) അരുൾ ചെയ്തതായി ഹ: അബൂഹുറയ്റ (റ) രിവായത്ത് ചെയ്യുന്നു!

''റമസാൻ മാസം ആഗതമാകുമ്പോൾ സ്വർഗ്ഗവാതിൽ തുറക്കപ്പെടുകയും നരകവാതിലുകൾ അടക്കപ്പെടുകയും ശൈത്വാൻ ചങ്ങലയിൽ ബന്ധിതനാവുകയും ചെയ്യുന്നു"

റമസാൻ മാസത്തിൽ നരകശിക്ഷക്കർഹമായ ഒരു പാപകർമ്മവും ലോകത്ത് നടക്കുന്നതല്ല എന്നോ വിശ്വാസികളോ അല്ലാത്തവരോ ആയവർക്കെല്ലാംതന്നെ സ്വർഗ്ഗവാതിലുകൾ തുറന്നിടപ്പെടുമെന്നോ ഒരിക്കലും ഈ ഹദീസിന്നർത്ഥമില്ല. വാസ്തവമെന്തെന്നാൽ, പ്രത്യക്ഷത്തിൽ ഒരു സത്യവിശ്വാസിയാണെങ്കിലും അയാൾ റമസാനുമായി ബന്ധപ്പെട്ട കടമകൾ നിർവ്വഹിക്കുന്നില്ലെങ്കിൽ അയാൾക്ക് വേണ്ടി നരകത്തിന്റെ വാതിലുകൾ മലർക്കേ തുറന്നിടപ്പെടുന്നതാണ്.

വാസ്തവത്തിൽ ഈ ഹദീസുകൊണ്ടുള്ള ഉദ്ദേശ്യം, വിശുദ്ധഖുർആന്റെയും നബികരീ(സ)മിന്റെയും അദ്ധ്യാപനങ്ങളനുസരിച്ച്, ആ അദ്ധ്യാപനങ്ങളുടെ വൃത്തത്തിന്നകത്ത് ജീവിക്കുന്നവർക്ക് സുവിശേഷം നൽകുക എന്നതാണ്.

വിശുദ്ധഖുർആനിൽ ധാരാളം സ്ഥലങ്ങളിൽ അല്ലാഹുവിനെയും അവന്റെ റസൂലിനെയും അനുസരിക്കാനുള്ള കൽപ്പന കാണപ്പെടുന്നു. വാസ്തവ

> **റമസാനിൽ വയറിന്നുവേണ്ടി, അതായത് അത്താഴം കഴിക്കാനായി ഏതായാലും എഴുന്നേൽക്കുവാൻ നിർബന്ധിതനായിത്തീരുന്നു. അങ്ങനെ ഭൗതികമായ ആഹാരത്തിന്നായി ഉണരുമ്പോൾ എന്തുകൊണ്ട് ആത്മീയാഹാരത്തെയും അതിനോടനുബന്ധിപ്പിച്ചുകൂടാ?**

ത്തിൽ ഈ രണ്ടു അനുസരണയും ഒന്നുതന്നെയാണ്. റസൂലുല്ലായെ (സ) അനുസരിക്കുക എന്നത് അല്ലാഹുവിനെ അനുസരിക്കുകതന്നെയാണ്. അങ്ങനെ അല്ലാഹുവിനെയും തിരുനബി (സ)യെയും അനുസരിക്കുന്നവർക്കായി സ്വർഗ്ഗവാതിലുകൾ തുറന്നിടപ്പെടുന്നു. റമസാൻ മാസത്തിൽ സ്വർഗ്ഗവാതിലുകൾ സത്യവിശ്വാസികൾക്കായി തുറന്നിടപ്പെടും എന്നത്കൊണ്ട് ഇതര മാസങ്ങളിൽ അടക്കപ്പെടും എന്നും അർത്ഥമില്ല. മറിച്ച്, ഇതര മാസങ്ങളെ അപേക്ഷിച്ച് ഒരു സത്യവിശ്വാസി റമസാനിൽ അധികമായി പുണ്യകർമ്മങ്ങൾ ചെയ്യുന്നതാണെന്നും ഇതരകാര്യങ്ങളിൽ ശ്രദ്ധ ചെലുത്തുവാൻ സമയം കിട്ടാത്ത നിലയിലായിരിക്കുമെന്നുമാണ് ഇതിന്റെ താൽപ്പര്യം.

ഈ ഹദീസിൽവന്ന ശൈത്വാൻ ബന്ധിതനാവുക എന്നു പറഞ്ഞതിന്റെ യാഥാർഥ്യം നാം മനസ്സിലാക്കണം. ഇതിൽ ഹ: റസൂലുല്ലാഹ് (സ) തിരുമേനിയുടെ ഒരു സന്ദേശവും അധ്യാപനവുമാണ് അടങ്ങിയിരിക്കുന്നത്. ശൈത്വാൻ എന്നാൽ എന്താണ്? അവനെ എങ്ങനെ ബന്ധിതനാക്കുവാൻ സാധിക്കും? എന്ന കാര്യത്തെക്കുറിച്ച് കൂലങ്കഷമായി ചിന്തിക്കുകയാണെങ്കിൽ റമസാന്നുശേഷവും നമുക്കു ഈ ശൈത്വാനെ എന്നെന്നേക്കുമായി ബന്ധിതനാക്കുവാൻ സാധിക്കുന്നതാണ്. അവനെ ഒരിക്കലും തന്നെ നമ്മുടെ ജീവിതവുമായി അമ്മാനമാടുവാൻ അനുവദിക്കാതെ അവനെ സ്വതന്ത്രനായി വിടാതിരിക്കേണ്ടതാണ്. അങ്ങനെ ചെയ്യുന്നില്ലെങ്കിൽ നിങ്ങളിൽനിന്നു വിട്ടുപോയ സ്വഭാവങ്ങൾ നിങ്ങളുടെ ജീവിതത്തിൽ വീണ്ടും കുടിയിരിക്കുവാൻ തുടങ്ങുന്നതാണ്.

വാസ്തവത്തിൽ ഉന്നത സ്ഥാനമലങ്കരിക്കുന്ന ഒരു വിശ്വാസി എപ്പോഴും നിയന്ത്രണാധീനനായി ജീവിതം നയിക്കുന്നയാളാണ്. ഒരു റമസാൻ കഴിഞ്ഞാലും അയാൾ സ്വതന്ത്രനായി പുറത്തുവരുന്നില്ല.

ഹസ്റത്ത് റസൂൽ കരീം (സ) അരുൾ ചെയ്യുന്നു: "ലോകം സത്യവിശ്വാസിക്ക് ഒരു തടവറയും അവിശ്വാസിക്ക് സ്വർഗ്ഗവുമാണ്.'' ഇവിടെ ശൈത്വാൻ ബന്ധിതനാകുന്നെന്നല്ല പ്രത്യുത സത്യവിശ്വാസി തടവറയിൽ ബന്ധിതനാണെന്നാണ് പറഞ്ഞിരിക്കുന്നത്. ഓരോ വിശ്വാസിയുടെ അകത്തും കുടിയിരിക്കുന്ന ശൈത്വാൻ അയാളെ എപ്പോഴും വഴിപിഴപ്പിക്കുവാൻ ശ്രമിക്കുന്നു. എന്നാൽ ഈ ശൈത്വാനെ ജീവപര്യന്തം തടവിലിടുകയാണെങ്കിൽ റസൂൽ തിരുമേനി (സ)യുടെ പ്രസ്തുത ഹദീസ് സാർത്ഥകമായിത്തീരുന്നു. ഒരു വിശ്വാസിയിൽ *നഫ്സെ അമ്മാറ* (ദോഷപ്രവണമായ ആത്മാവ്) എന്ന ശൈത്വാൻ ഓടിക്കൊണ്ടിരിക്കുന്നു. എന്നാൽ ആ ആൾ റമസാനിൽ ആത്മനിയന്ത്രണം പാലിക്കുന്നതുകൊണ്ട് അയാളുടെ ആത്മാവ് തടവിൽ ബന്ധിതമാകുന്നു.

മറ്റൊരു ഹദീസിൽ ഇപ്രകാരം കാണപ്പെടുന്നു. ഇതും അബൂഹുറയ്റ(റ)യുടെ രിവായത്താണ്. "റമസാന്റെ ആദ്യരാത്രി സമാഗതമാകുമ്പോൾ ശൈത്വാനും ജിന്നും ബന്ധിതരായിത്തീരുകയും നരകത്തിന്റെ വാതിലുകൾ അടക്കപ്പെടുകയും ചെയ്യുന്നു." ഇവിടെ

വന്ന ജിന്ന് എന്നത് കൊണ്ടെന്താണു ദ്ദേശ്യം? ശൈത്ത്വാൻ *നഫ്സെ അമ്മാറ* യാണെങ്കിൽ കോപവും ജ്വലനവും ഉണ്ടാകുന്ന അവസ്ഥക്കാണ് ജിന്ന് എന്ന് പറയപ്പെടുന്നത്. റസൂൽ തിരുമേനി കോപാഗ്നിയെ ജിന്നുമായി താരതമ്യപ്പെടുത്തിപ്പറഞ്ഞിരിക്കുന്നു. ചിലർ പെട്ടെന്നു കോപിക്കുന്ന സ്വഭാവമുള്ളവരായിരിക്കും. എന്നാൽ നോമ്പനുഷ്ഠിച്ചുകൊണ്ടുള്ള അവസ്ഥയിൽ ആരെങ്കിലും കോപമുണ്ടാകുന്ന കാര്യം പറയുകയോ ചെയ്യുകയോ ആണെങ്കിൽ വ്രതമനുഷ്ഠിക്കുന്നയാൾ മറുപടി പറയാതെ ക്ഷമ കൈക്കൊള്ളണമെന്ന നബിതിരുമേനിയുടെ സന്ദേശം അയാളെ കോപം പ്രകടിപ്പിക്കുന്നതിൽ നിന്നു തടുത്തുനിർത്തുന്നു. അങ്ങനെ ശൈത്ത്വാനോടൊപ്പം ജിന്നും തടവിലാക്കപ്പെടുന്നു. ഇവിടെ ജിന്ന് എന്നത്കൊണ്ട് കോപാഗ്നി എന്നാണുദ്ദേശ്യം. ഇവ രണ്ടും (ശൈത്ത്വാനും ജിന്നും) ബന്ധിതരാവുകയാണെങ്കിൽ സ്വർഗ്ഗത്തിന്റെ വാതിലുകൾ തുറക്കപ്പെടുകയും ചെയ്യുന്നു. ചുരുക്കത്തിൽ റമസാൻമാസം ദോഷപ്രവണമായ ആത്മാവുമായി യുദ്ധം ചെയ്യുവാനുള്ള മാസമാണ്. അങ്ങനെ ഓരോ റമസാനും നോമ്പനുഷ്ഠിക്കുന്നവരെ എന്നെന്നേക്കുമായി നരകത്തിൽനിന്നു മോചിതരാക്കുന്നു. ഓരോ റമസാനുശേഷവും അയാൾ ഒരു പുതിയ മനുഷ്യനായി രൂപാന്തരപ്പെടുന്നു. അയാളിൽ ആത്മീയമായ ഒരു പരിവർത്തനം ഉണ്ടാകുന്നു.

ഹസ്റത്ത് റസൂൽ കരീം (സ) അരുൾ ചെയ്തതായി ഹസ്റത്ത് അബൂ ഹുറയ്റ രിവായത്തുചെയ്യുന്നു: "വ്രതം ഒരു പരിചയാണ്." എല്ലാ വിധത്തിലുള്ള അപായങ്ങളെയും തടുത്തുനിർത്തുന്ന ഒരു രക്ഷാകവചമാണ് പരിച. അങ്ങനെ വ്രതാനുഷ്ഠാനം എന്ന അഭയകേന്ദ്രത്തിൽ ഉള്ള ഒരാൾക്ക് എല്ലാ വിധത്തിലുള്ള അപകടങ്ങളിൽ നിന്നും രക്ഷനേടുവാൻ സാധിക്കുന്നു. എന്നാൽ നോമ്പെടുത്ത ഒരാൾ പഴയ പോലെത്തന്നെ അനാവശ്യ സംസാരങ്ങളും അസഭ്യവാക്കുകളും നുണയും ഏഷണിയും കോപാഗ്നി സ്ഫുരിക്കുന്ന വാക്കുകളും ഉപയോഗിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ അത്തരത്തിലുള്ള വ്രതാനുഷ്ഠാനം വെറും വിശപ്പിന്റെ ശിക്ഷ അനുഭവിക്കുക എന്നതല്ലാതെ അതിന്നൊരർത്ഥവും ഇല്ലതന്നെ.

ഇന്നു രാവിലെ പാക്കിസ്താനിലെ സ്ഥിതിവിശേഷങ്ങളെക്കുറിച്ചറിയാൻ, ഒരുപക്ഷേ ഈ പരിശുദ്ധ റമസാനിൽ അവിടെ കൊള്ളയും കൊലയും ഒന്നുമുണ്ടാവുന്നതല്ല എന്ന പ്രതീക്ഷയോടെ പത്രം നോക്കിയപ്പോൾ എനിക്കു വളരെ നിരാശയും വിഷമവും തോന്നുകയുണ്ടായി. പാക്കിസ്താനിലെ തെരുവുകളിൽ കുറച്ചുകാലത്തേക്കെങ്കിലും ശാന്തിയും സമാധാനവും ഉണ്ടാകും എന്നു ഞാനാശിച്ചിരുന്നു. എന്നാൽ പത്രം മുഴുവനും അവിടെ നടക്കുന്ന പാപകൃത്യങ്ങളുടെ വാർത്തകളാൽ നിറഞ്ഞിരുന്നു. അതിൽ പാക്കിസ്താനിൽ നടക്കുന്ന എല്ലാവിധത്തിലുള്ള ഫസാദുകളുടെയും കലാപങ്ങളുടെയും വാർത്തകൾ നിറഞ്ഞുകിടക്കുകയാണ്. പാക്കിസ്താനിൽ പരിശുദ്ധ റമസാനെക്കുറിച്ചുള്ള കാര്യങ്ങൾ പള്ളികളിൽ മാത്രം പരിമിതമായിത്തീർന്നിരിക്കുന്നതായി തോന്നുന്നു. എന്നാൽ പാക്കിസ്താനിലെ തെരുവുകളും അങ്ങാടികളും വീടുകളും അവിടത്തെ രാപ്പകലുകളും ഹസ്റത്ത് റസൂൽ തിരുമേനി (സ)യിൽ നിന്നും റമസാനിൽ നിന്നും വളരെ വളരെയധികം ദൂരെയാണ്. അവിടെ ആർക്കുംതന്നെ വ്രതാനുഷ്ഠാനം എന്ന പരിച ലഭിച്ചിട്ടില്ല. ഒരു കുടുംബത്തിലെ അംഗങ്ങളെ മുഴുവൻ വെട്ടിക്കൊലപ്പെടുത്തിയ ഒരു വാർത്ത പ്രസ്തുത പത്രത്തിൽ കാണപ്പെടുന്നു. അവിടെ നരകത്തിന്റെ വാതിലുകൾ അടഞ്ഞിരിക്കുന്നു എന്ന് എങ്ങനെയാണ് പറയുവാൻ സാധിക്കുക?

**അങ്ങനെ ശൈത്ത്വാനോടൊപ്പം ജിന്നും തടവിലാക്കപ്പെടുന്നു. ഇവിടെ ജിന്ന് എന്നത്കൊണ്ട് കോപാഗ്നി എന്നാണുദ്ദേശ്യം. ഇവ രണ്ടും (ശൈത്ത്വാനും ജിന്നും) ബന്ധിതരാവുകയാണെങ്കിൽ സ്വർഗ്ഗത്തിന്റെ വാതിലുകൾ തുറക്കപ്പെടുകയും ചെയ്യുന്നു**

ഹസ്റത്ത് റസൂൽ കരീം (സ) ഇപ്രകാരം അരുൾ ചെയ്യുന്നു:

"ഓരോ വസ്തുവിനും ഒരു വാതിലുണ്ട്. ഇബാദത്തിലേക്ക് പ്രവേശിക്കാനുള്ള വാതിൽ നോമ്പാണ്" ഇതിന്റെ അർത്ഥമെന്താണ്? റമസാനിലെ നോമ്പല്ലാതെ മറ്റൊരു ഇബാദത്തും ഇല്ലെന്നാണോ? അഞ്ചുനേര നമസ്കാരവും തഹ്ജ്ജുദും എല്ലാം തന്നെ വർഷം മുഴുവനും അനുഷ്ഠിക്കപ്പെടുന്ന സ്ഥിതിയിൽ വ്രതാനുഷ്ഠാനത്തെ ഇബാദത്തുകളുടെ വാതിൽ എന്നു പറഞ്ഞതിന്റെ ഉദ്ദേശ്യമെന്താണ്? ഇതിന്റെ ഒരർത്ഥം, ആരാധനയെക്കുറിച്ച് അതിന്റെ വിശാലവും ഉദാത്തവും ആയ രീതിയിൽ റമസാൻ പഠിപ്പിക്കുന്നതുപോലെ മറ്റൊരു മാസവും പഠിപ്പിക്കുന്നില്ല എന്നാണ്. മറ്റൊരർത്ഥം, ഇബാദത്തിലുള്ള ആനന്ദാനുഭൂതി റമസാനിൽ ലഭിക്കുന്നതുപോലെ മറ്റൊരു മാസത്തിലും ലഭിക്കുന്നില്ല എന്നാണ്. റമസാന്റെ വാതിലിൽകൂടി പ്രവേശിച്ചാലേ ഇബാദത്തിന്റെ യഥാർത്ഥ ആനന്ദം ലഭിക്കുകയുള്ളൂ.

മറ്റൊരു ഹദീസിൽ റസൂൽ കരീം (സ) അരുൾ ചെയ്യുന്നു:

"റമസാൻ സുരക്ഷിതമാണെങ്കിൽ വർഷം മുഴുവനും സുരക്ഷിതമാണ്"

റമസാനുമായി ബന്ധപ്പെട്ട കടമകളെ ശരിയായ രീതിയിൽ പൂർത്തിയാക്കുന്ന ഒരു മുഅ്മിന്നുള്ള സുവിശേഷമാണിവിടെ അറിയിക്കുന്നത്. അയാളുടെ മുഴുവൻ വർഷവും സുരക്ഷിത

മായിരിക്കും.

ആദ്യത്തെ ഹദീസുകളിൽ ഭൂതകാലത്തെക്കുറിച്ചുള്ള സുവിശേഷങ്ങളാണെങ്കിൽ, അതായത് കഴിഞ്ഞകാല പാപങ്ങൾ പൊറുക്കപ്പെടുന്നതാണെന്നും അപ്പോഴുണ്ടായ ന്യൂനതകളും പോരായ്മകളും പൊറുക്കപ്പെടുന്നതാണെന്നുമുള്ള സുവിശേഷമാണടങ്ങിയിരിക്കുന്നതെങ്കിൽ, നിങ്ങൾ ശരിയായ രീതിയിൽ റമസാന്റെ കടമകൾ നിർവ്വഹിക്കുകയാണെങ്കിൽ ഭാവിയിലുള്ള പതിനൊന്നു മാസങ്ങളും സുരക്ഷിതമായിരിക്കുമെന്ന സുവിശേഷം ഈ ഹദീസ് നൽകുന്നു.

ഹസ്റത്ത് റസൂൽ കരീം (സ) ഇപ്രകാരം അരുൾ ചെയ്യുന്നു: " *സൂമൂ തസിഹ്ഹൂ*-നിങ്ങൾ നോമ്പെടുക്കുകയാണെങ്കിൽ ആരോഗ്യവാനായിത്തീരുന്നതാണ്."

റമസാൻ മാസത്തിൽ വ്രതാനുഷ്ഠാനം മൂലം ആരോഗ്യം നന്നായിത്തീരുകയാണ് ചെയ്യുന്നത്; മോശമാവുന്നില്ല. എന്നാൽ ഒരു രോഗി നോമ്പെടുക്കരുതെന്ന അല്ലാഹുവിന്റെ കൽപ്പനയെ അവഗണിച്ചുകൊണ്ട് നോമ്പെടുത്തു രോഗം മൂർച്ഛിക്കുകയാണെങ്കിൽ അത് നോമ്പിന്റെ കുറ്റമാകുന്നില്ല. അമിതവണ്ണമുള്ള ചിലർ ഭക്ഷണ നിയന്ത്രണം നടത്തുന്നു. വർഷം മുഴുനും ശ്രമിച്ചിട്ടും അവരുടെ ഭാരം കുറയുന്നില്ല.അവർ അധികം ഭക്ഷണം കഴിക്കുന്നത് കൊണ്ടല്ല ഇങ്ങനെ ഭാരം കൂടുന്നത്. എന്റെയടുക്കൽ ഇതുപോലുള്ള രോഗികൾ വരാറുണ്ട്. ഇവർ ഭക്ഷണം കുറയ്ക്കുകയാണെങ്കിൽ ശരീരത്തിൽ രക്തം കുറയുന്നുവെന്നല്ലാതെ ശരീരം മെലിയുന്നില്ല. ചിലർക്ക് തങ്ങളുടെ തടികുറക്കാനുള്ള ശ്രമത്തിൽ എനീമിയ ഉണ്ടാകുന്നു. അങ്ങനെ അവരോടു ആഹാരം നോർമ്മൽ ആക്കുവാൻ ഡോക്ടർമാർ ഉപദേശിക്കുന്നു. Metabolism എന്നാൽ, ഒരാൾ ആഹാരം കഴിക്കുന്നു, അത് അയാളുടെ ശരീരത്തിനകത്ത് ദഹിക്കുന്നു അതോടൊപ്പം ആ ആഹാരം ഊർജ്ജമായി പരിണമിക്കുന്നു. അങ്ങനെ ആ ഊർജ്ജം ജൈവ രാസ പ്രവർത്തനങ്ങൾക്കും മറ്റു ശാരീരിക

**ചിലർക്ക് റമസാന്നുശേഷം നെഞ്ചെരിച്ചിൽ അനുഭവപ്പെടാറുണ്ട്. അതിനുള്ള ചികിത്സ എന്റെ ഗവേഷണമനുസരിച്ച് റമസാൻമാസത്തിൽ നോമ്പുതുറന്നു രാത്രി 2-3 മണിക്കൂറിനുശേഷം, അല്ലെങ്കിൽ രാവിലെ തഹ്ജ്ജുദിന്റെ സമയത്ത് Bryonia 200 കഴിക്കുക എന്നതാണ്. ഇതുകൊണ്ട് ശരീരത്തിലെ Acidity കൊണ്ടുണ്ടാകുന്ന അസുഖം മാറുന്നതാണ്. ഇതിൽ സുഖം പ്രാപിക്കാത്ത വർക്ക് Nuxvomica 30 പ്രയോജനം നൽകുന്നതാണ്.**

വ്യവസ്ഥകളുടെ പ്രവർത്തനങ്ങൾക്കും വേണ്ടി വിനിയോഗിക്കപ്പെടുന്നു. അതായത്, മസ്തിഷ്ക്ക പ്രവർത്തനത്തിനും ഹൃദയമിടിപ്പിനും ശ്വാസോച്ഛ്വാസത്തിനും മറ്റുമായി അതു പ്രയോജനപ്പെടുന്നു. ഇതിൽ നിന്നു ശരീരത്തിന്നുള്ള ഊഷ്മാവും ലഭ്യമാകുന്നു. എന്നാൽ ഈ പ്രവർത്തനം മോശമാവുകയും സന്തുലിതാവസ്ഥയിൽ വ്യതിയാനം ഉണ്ടാവുകയും ചെയ്യുമ്പോൾ ഒരാൾ കഴിക്കുന്ന ആഹാരത്തിൽ നിന്നു ശരീരത്തിനാവശ്യമായ ഊർജ്ജമെടുത്ത് അവശേഷിക്കുന്ന ഊർജ്ജം മാംസത്തിൽ കൊഴുപ്പായി ശേഖരിക്കപ്പെടുന്നു. നല്ല ആരോഗ്യവും വ്യായാമം ചെയ്യുന്ന സ്വഭാവവും ഉള്ള ആളിൽ ആ ഊർജ്ജം പേശികളിൽ ചെന്നുചേരുന്നു. അതിൽനിന്നു പ്രോട്ടീൻ ഉണ്ടാകുന്നു. എന്നാൽ വ്യായാമം ചെയ്യാത്ത ആളിൽ ഇത് പേശികളിൽ അത് പ്രാവർത്തികമാകുന്നില്ല. ഇതിന്നുള്ള ചികിത്സ വ്രതാനുഷ്ഠാനമാണ്.

അതേപ്രകാരം വിശപ്പനുഭവപ്പെടാത്തവർക്ക് വ്രതാനുഷ്ഠാനം മുഖേന ഈ അവസ്ഥ മാറുന്നു. ഇത് മനുഷ്യന്റെ ആരോഗ്യവുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. ചുരുക്കത്തിൽ വ്രതാനുഷ്ഠാനം ആരോഗ്യത്തെ നശിപ്പിക്കുന്നില്ല. മറിച്ച്, അത് ആരോഗ്യദായകമാണെന്ന് വൈദ്യശാസ്ത്രം പറയുന്നു. ഇസ്രായേലിൽ വ്രതാനുഷ്ഠാനത്തെക്കുറിച്ച് ഒരു സംഘം ഗവേഷണം നടത്തിയപ്പോൾ അതിന്റെ ഫലമായി റമസാന്നുശേഷം നോമ്പനുഷ്ഠിച്ച ആൾ പൂർവ്വാധികം ആരോഗ്യവാനായി പുറത്തുവരുന്നതായി അവർക്ക് ഗ്രഹിക്കാൻ സാധിച്ചു. അവർ പല രീതിയിലും പരീക്ഷ നിരീക്ഷണങ്ങൾ നടത്തി. കൊളസ്ട്രോൾ ലെവൽ, മറ്റബൊലിസം മുതലായ കാര്യങ്ങളെക്കുറിച്ചെല്ലാം അവർ ഗവേഷണം നടത്തിയതിന് ശേഷമാണ് അവർ ഈ നിഗമനത്തിലെത്തിയത്.

ഹസ്റത്ത് റസൂൽ തിരുമേനി(സ) 1400 വർഷങ്ങൾക്ക് മുമ്പ് അരുൾ ചെയ്ത *'സൂമൂ തസിഹ്ഹൂ'* എന്ന നിർദ്ദേശം എത്ര വ്യക്തമായാണ് ഇന്നത്തെ ഗവേഷണം ശരിവെച്ചിരിക്കുന്നതെന്നു നോക്കുക.

ചിലർക്ക് റമസാന്നുശേഷം നെഞ്ചെരിച്ചിൽ അനുഭവപ്പെടാറുണ്ട്. അതിന്നുള്ള ചികിത്സ എന്റെ ഗവേഷണമനുസരിച്ച് റമസാൻമാസത്തിൽ നോമ്പുതുറന്നു രാത്രി 2-3 മണിക്കൂറിനുശേഷം, അല്ലെങ്കിൽ രാവിലെ തഹ്ജ്ജുദിന്റെ സമയത്ത് Broyonia 200 കഴിക്കുക എന്നതാണ്. ഇതുകൊണ്ട് ശരീരത്തിലെ acidity കൊണ്ടുണ്ടാകുന്ന അസുഖം മാറുന്നതാണ്. ഇതിൽ സുഖം പ്രാപിക്കാത്തവർക്ക് Nuxvomica 30 പ്രയോജനം നൽകുന്നതാണ്. അതേപ്രകാരം ആമാശയത്തിലെ acidity നശിപ്പിക്കുവാനായി ഇതര മരുന്നുകളും ഹോമിയോപ്പൊതിയിൽ ഉണ്ട്. അവയിൽ ഒന്നു IRIS VERSICOLOR 200 അണ്. ഇത് കഴിക്കുകയാണെങ്കിൽ നല്ല ഫലം ലഭിക്കുന്നതാണ്. ■

# മൗലാനാ മുഹമ്മദ് അബുൽ വഫാ: ശുഭകരമായ ഒരു മഹൽജീവിതം

**ഹസ്റത്ത് മിർസാ വസീം അഹ്മദ്**
(അഹ്മദിയ്യാ ജമാഅത്ത് ഭാരത മേലദ്ധ്യക്ഷൻ)

ദർവേശ് മുബല്ലിഗ് മുസീ ആയിരുന്ന മൗലാനാ അബുൽ വഫാ സാഹിബ് ദിവംഗതനായി. ഇന്നാലില്ലാഹി വഇന്നാ ഇലയ്ഹി റാജിഊൻ. അദ്ദേഹത്തിന്റെ പുത്രനും ജാമാതാവും ജനാസയെ അനുഗമിച്ച് ഖാദിയാനിലെത്തുകയും അവിടെ ജനാസാ ഗാഹിൽ നമസ്ക്കാരം നിർവ്വഹിച്ച് ബിഹ്ശ്ത്തീ മഖ്ബറയിൽ ഖബറടക്കുകയും ചെയ്തു. മൗലാനാ സാഹിബ് തന്റെ സ്വത്തിന്റെ 1/9 ഭാഗം വസിയ്യത്ത് ചെയ്യുകയും വരുമാനത്തിന്റെ 1/9 പ്രകാരം വിഹിതം നൽകുകയും ചെയ്ത വ്യക്തിയുമായിരുന്നു.



മൗലാനാ അബുൽ വഫാ സാഹിബ്
(10.01.1918-13.10.2002) മൂസി നമ്പർ : 9364

പരിണിതപ്രജ്ഞനായ മർഹൂം മൗലവി ബി. അബ്ദുല്ലാഹ് സാഹിബിന്റെ ജാമാതാവായിരുന്നു മൗലാനാ സാഹിബ്. മൗലാനാ ബി. അബ്ദുല്ലാഹ് സാഹിബിന്റെ സഹവർത്തിത്വം മൂലം മർഹൂമിന് ജമാഅത്തിന്റെ പ്രചാരണ പ്രവർത്തനങ്ങളിൽ മുഴുകുവാനും വിജയസോപാനങ്ങൾ കീഴടക്കുവാനും ധാരാളം അനുഭവസമ്പത്ത് കൈവരിക്കുവാനും സാധിച്ചു. പിന്നീട് അദ്ദേഹം കേരളത്തിന്റെ ചുമതല വഹിക്കുന്ന മുബല്ലിഗായി നിയമിതനായി.

കേരളത്തിൽ നിരവധി തവണ ഞാൻ സന്ദർശനം നടത്തിയിട്ടുണ്ട്. പരന്ന വായനക്കാരനായിരുന്ന മൗലവി സാഹിബ് തന്റെ പ്രസംഗങ്ങൾ പ്രമാണയുക്തം സ്ഥാപിക്കുന്നതിൽ അസാമാന്യമായ പാടവം കാട്ടിയിരുന്നു. കേരളത്തിൽ നടന്ന മുബാഹലയിൽ ജമാഅത്തിന്റെ ഭാഗത്ത് നിന്ന് നിയമിക്കപ്പെട്ടവരിൽ ഉൾപ്പെടുവാനും അദ്ദേഹത്തിന് ഭാഗ്യം ലഭിച്ചു. അദ്ദേഹത്തിന് മൂന്ന് ആൺമക്കളും രണ്ട് പെൺമക്കളുമാണ് ഉണ്ടായിരുന്നത്.

ഞാൻ ദീർഘകാലം ദഅ്വത്തോ തബ്ലീഗ് (ഇസ്ലാഹോ ഇർശാദ്-സംസ്കരണ പ്രബോധന വകുപ്പ്) മേധാവിയായി സേവനമനുഷ്ഠിച്ച അവസരത്തിൽ മൗലാനാ സാഹിബ് എന്നോട് വളരെ സഹകരണാത്മക ബന്ധമാണ് പുലർത്തിയത്. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളിൽ ഞാൻ വളരെയധികം സംതൃപ്തനായിരുന്നു. അദ്ദേഹത്തിന് അല്ലാഹു അതിന്നുള്ള പ്രതിഫലം നൽകുമാറാകട്ടെ (ആമീൻ). അദ്ദേഹം എന്നോട് വ്യക്തിപരമായും വാഗ്ദത്ത മസീഹ് (അ)ന്റെ കുടുംബാംഗം എന്ന നിലയിലും വളരെയധികം സ്നേഹബഹുമാനങ്ങളോടെയുള്ള ബന്ധമായിരുന്നു നിലനിർത്തിയിരുന്നത്. എന്റെ സുഖക്ഷേമങ്ങളിൽ അദ്ദേഹം എന്നും തൽപ്പരനായിരുന്നു.

അദ്ദേഹത്തിന്റെ ജീവിതപര്യവസാനം വളരെ ശുഭകരമായി. അല്ലാഹു അദ്ദേഹത്തിന് ബിഹ്ശ്ത്തി മഖ്ബറയിൽ ഇടം ലഭിക്കാനുള്ള സൗഭാഗ്യം നൽകിയനുഗ്രഹിക്കുകയും ചെയ്തു. അല്ലാഹുവിന് സ്തുതി. ■

# മൗലാനാ അബുൽവഫാ സാഹിബ് ഒരനുസ്മരണം

ഏ. പി. കുഞ്ഞാമു (അമീർ, കേരള)

## മൗലാനാ മുഹമ്മദ് അബുൽ വഫാ സാഹിബ് ത്യാഗിവര്യനായ ഒരു ചരിത്രപുരുഷനാണ്. കേരള അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്ന് ആ മഹാനോടുള്ള കടപ്പാട് വാക്കുകൾക്കതീതമാണ്

ഒരു പുരുഷായുസ്സ് മുഴുവൻ ത്യാഗധന്യമായ ഇസ്‌ലാമിക സേവനം നിർവ്വഹിച്ച് മൗലാനാ മുഹമ്മദ് അബുൽ വഫാ സാഹിബ് ഐഹിക ജീവിതത്തോട് വിടപറഞ്ഞു. അല്ലാഹു അദ്ദേഹത്തിന് ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ. കേരളത്തിലെ അഹ്മദിയ്യാ ജമാഅത്തിന്റെ രണ്ടാം തലമുറയുടെ പ്രതിനിധിയായിരുന്നു അദ്ദേഹം. അഹ്മദിയ്യാ ചരിത്രത്തിലെ അപൂർവ്വതകൾ കൊണ്ട് അലംകൃതമായിരുന്നു മൗലാനയുടെ ജീവിതം. ഭാവി തലമുറ ബഹുമാന പുരസ്സരം ആ മഹാനെ സ്മരിക്കുകതന്നെ ചെയ്യും.

ഇരുപത്തൊന്നാം നൂറ്റാണ്ടിലെ രണ്ട് സംവത്സരങ്ങൾ പിന്നിട്ടിട്ടും അഹ്മദിയ്യാ ജമാഅത്തിനോട് മുസ്‌ലിംസമൂഹം അനുവർത്തിക്കുന്ന ക്രൂര മനസ്ഥിതി കുപ്രസിദ്ധമാണല്ലോ. അപ്പോൾ അരനൂറ്റാണ്ട് മുമ്പത്തെ മുസ്‌ലിം കേരളത്തിലെ ഒരു അഹ്മദിയുടെ ജീവിതം അചിന്ത്യമായിരുന്നു. ഭയാനകമായ പീഡനങ്ങളുടെയും ബഹിഷ്ക്കരണങ്ങളുടെയും ഇരുണ്ട കാലഘട്ടമായിരുന്നു അത്. ആ കാലഘട്ടത്തിൽ ഒരു കുഗ്രാമത്തിലെ യാഥാസ്ഥിതിക സുന്നി പണ്ഡിതകുടുംബത്തിൽ ജനിച്ച് മുസ്‌ലിയാരായി ജീവിതമാരംഭിച്ച ഒരാൾ അഹ്മദിയാവുക എന്നത് ഒരത്ഭുതമായിരുന്നു. ത്യാഗോജ്ജ്വലമായ അഗ്നിപരീക്ഷണങ്ങളെ അതിജീവിച്ച് ആ അത്ഭുതം സ്വന്തം ജീവിതത്തിൽ സാക്ഷാത്ക്കരിച്ച മഹാനായിരുന്നു മൗലാനാ സാഹിബ്. സ്വന്തം ജീവിതസൗകര്യങ്ങളെയും സമൂഹത്തിന്റെ എതിർപ്പിനെയും തൃണവൽഗണിച്ച് ഇസ്‌ലാമിന്റെ സത്യം ഉൾക്കൊള്ളുന്ന അഹ്മദിയ്യത്തിനെ വരിച്ച മൗലാനയുടെ ആ ത്യാഗത്തെ അല്ലാഹു സ്വീകരിച്ചു. കേരള ജമാഅത്തിന്റെ ഉന്നതങ്ങളിൽ വിരാജിച്ച അദ്ദേഹം നിറഞ്ഞ സാഫല്യത്തോടെയാണ് ദിവംഗതനായത്.

കോഴിക്കോട് ജില്ലയിൽ വടകരയിലെ നാദാപുരം എന്ന ഗ്രാമത്തിലാണ് മൗലവി സാഹിബ് ജനിച്ചത്. പള്ളിദർസുകളിൽ ദീനീ വിദ്യാഭ്യാസം നിർവ്വഹിച്ച് ഒരു മുസ്‌ലിയാരായിക്കൊണ്ടാണ് അദ്ദേഹം ജീവിതമാരംഭിച്ചത്. പ്രത്യുൽപ്പന്നമതിയും പുരോഗമനചിന്താഗതിക്കാരനുമായിരുന്ന മൗലവി സാഹിബ് എളുപ്പത്തിൽ വഹ്ഹാബി ആശയങ്ങളിൽ (ഇന്നത്തെ മുജാഹിദ് പ്രസ്ഥാനം) ആകൃഷ്ടനായി.

ദേശീയസമരം കൊടുമ്പിരികൊണ്ടിരുന്ന അക്കാലത്ത് മൗലവി സാഹിബ് ഒരു മുസ്‌ലിംലീഗ്കാരനായിരുന്നു. അക്കാലത്ത് തന്നെ മൗലാനാ അവർകൾ ഉജ്ജ്വലവും കാര്യമാത്രപ്രസക്തവുമായ വാഗ്മിത്വംകൊണ്ട് അനുഗൃഹീതനായിരുന്നു. മുസ്‌ലിംലീഗിന്റെ അനിഷേധ്യ നേതാവായിരുന്ന മർഹൂം കെ.യം. സീതിസാഹിബ് മൗലാനാ അവർകളുടെ പ്രസംഗത്തെപ്പറ്റി വളരെ പ്രശംസകൾ ചൊരിഞ്ഞിട്ടുണ്ട്.

മൗലാനാ സാഹിബ് തലശ്ശേരിയിലെ വീടുകളിൽ കുട്ടികൾക്ക് ദീനീ കാര്യങ്ങൾ പഠിപ്പിച്ചിരുന്ന ഒരു ഉസ്താദായാണ് പിന്നീട് ജോലി നോക്കിയത്. എന്റെ ജന്മനാടായ പുന്നോൽ, തലശ്ശേരിയുടെ ഒരു പ്രാന്തപ്രദേശമായിരുന്നു. പുന്നോലിലെ ഒരു ഉയർന്ന കുടുംബത്തിലെ അംഗമായ ജ: അബ്ദുർറഹ്മാൻ സാഹിബ് (ഞങ്ങൾ അദ്ദേഹത്തെ തങ്ങളകത്തെ അന്ത്രൂക്ക എന്നാണ് വിളിക്കാറ്). ഒരു അഹ്മദി അനുഭാവിയായിരുന്നു. മൗലാനാ സാഹിബ് അന്ത്രുക്കയുടെ ഒരു ബന്ധുവീട്ടിൽ കുട്ടികളെ ഓത്തുപഠിപ്പിക്കാൻ വരുമായിരുന്നു. സാത്വികനായ അന്ത്രുക്കയെ മൗലാനാ അവർകൾ വളരെ ബഹുമാന പുരസ്സരമായിരുന്നു കണ്ടിരുന്നത്. ഇദ്ദേഹം ഒരഹ്മദി ആശയക്കാരനാണെന്നറിഞ്ഞപ്പോൾ 'ഇത്ര ദീനിയായ മനുഷ്യൻ ഇങ്ങനെ കാഫിറായിപ്പോയല്ലോ?' എന്ന് മൗലാനാ അവർകൾ സഹതാപത്തോടെ അത്ഭുതം കൂറുകയും ഇക്കാര്യത്തിലുള്ള തന്റെ വേദന അദ്ദേഹത്തെ അറിയിക്കുകയും ഈ ചിന്ത അദ്ദേഹത്തെ അസ്വസ്ഥനാക്കുകയും ചെയ്തു. വാസ്തവത്തിൽ അന്ത്രുക്ക അന്ന് അഹ്മദിയ്യത്തിന്റെ അനുഭാവി മാത്രമാ

യാണ്' 'നബിയാണ്' 'നബിയാണ്' എന്ന ശബ്ദം ആവർത്തിച്ച് തന്റെ കർണ്ണപുടങ്ങളിൽ അലയടിച്ചതായി അദ്ദേഹത്തിന് അനുഭവപ്പെടുകയും ചെയ്തു. അതിന് ശേഷം അദ്ദേഹത്തിന്റെ ഹൃദയത്തിൽ ആ സംശയം നാമ്പെടുത്തിട്ടില്ല എന്ന് മൗലാനാ സാഹിബ് എന്നോട് പറയുകയുണ്ടായി.

പണ്ഡിതന്മാരുടെ പണ്ഡിതനും അത്ഭുത വ്യക്തിത്വത്തിന്നുടമയുമായ അഹ്മദിയ്യാ മുബല്ലിഗ് മൗലാന അബ്ദുല്ലാഹ് സാഹിബുമായി അദ്ദേഹം ബന്ധപ്പെട്ടു. പഴയങ്ങാടിയിലും കോഴിക്കോട്ടും വെച്ച് പല വിഷയങ്ങളെ സംബന്ധിച്ചും ചർച്ച ചെയ്ത് അദ്ദേഹം 1942 നവം. 23ന് അഹ്മദിയ്യാ ജമാഅത്തിൽ ബൈഅത്ത് ചെയ്ത് പ്രവേശിച്ചു. (മൗലാനയെ അഹ്മദിയ്യത്ത് പരിചയപ്പെടുത്തിയ എന്റെ നാട്ടുകാരനായ അന്ത്രുക്കയ്ക്ക് ബൈഅത്ത് ചെയ്യാൻ ഭാഗ്യം ലഭിച്ചത് അതിനുശേഷമാണ്). അതോടെ കഥാപുരുഷന് ജോലി നഷ്ടപ്പെട്ടു. വടകര മൊയ്തീൻ സാഹിബ് മർഹൂമിന്റെ വീട്ടിൽ കുറച്ചുകാലം തങ്ങി. പിന്നീട് കൊൽക്കത്തയിലേക്ക് വണ്ടികയറി. ചില സ്ഥാപനങ്ങളിൽ അവിടെ ജോലി നോക്കി. മൗലാനാ അവർകൾക്ക് വളരെയധികം ത്യാഗങ്ങളും ജീവിത പ്രയാസങ്ങളും സഹിക്കേണ്ടിവന്ന ഘട്ടമായിരുന്നു അത്. ജോലിയില്ലാതെ കഷ്ടപ്പെട്ട അദ്ദേഹം വളരെ തുച്ഛമായ കൂലിക്ക് ജോലി ചെയ്യുകയുണ്ടായി.

അതിനിടെ തന്റെ ജന്മനാട്ടിൽ സ്വന്തം തട്ടകത്തിൽ അദ്ദേഹത്തിന് ഒരു വാദപ്രതിവാദം നടത്തേണ്ടിവന്നു. തന്റെ പഴയ ദർസിലെ ഉസ്താദന്മാരായിരുന്നു പ്രതിയോഗികൾ. ഉത്തരം മുട്ടിയ മുദരിസ്സുമാർ അവരുടെ സ്ഥിരം ശൈലിയിൽ സുന്നികളായ സദസ്സ്യരെ പ്രകോപിതരാക്കി. അതിന്റെ ഫലമായി മൗലാനാ അവർകൾക്ക് മർദ്ദനമേൽക്കേണ്ടിവന്നു. പരീക്ഷണങ്ങളും കഷ്ടപ്പാടുകളും മർദ്ദനങ്ങളും ആ ത്യാഗിവര്യനെ കൂടുതൽ കർമ്മോത്സുകനാക്കുകയാണുണ്ടായത്. അദ്ദേഹം തളർന്നുപോയില്ല. കാലത്തിന്റെ ഇമാം ഹസ്റത്ത് അഹ്മദുൽ ഖാദിയാനി(അ)യുടെ ഹൃദയം അഹ്മദിയ്യത്തിലേക്ക് ആകർഷിക്കപ്പെടുകയായിരുന്നു. പിന്നീട് അന്ത്രുക്കയോട് കൂടുതൽ അഹ്മദിയ്യാ സാഹിത്യങ്ങൾ വാങ്ങി ആർത്തിയോടെ അദ്ദേഹം വായിച്ചു. അദ്ദേഹം ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്തുകൊണ്ടിരുന്ന പണ്ഡിത വരേണ്യരോടും ഉസ്താദുമാരോടും തന്റെ സംശയങ്ങളും സന്ദേഹങ്ങളും തിരക്കി. ഗുരുഭൂതന്മാരുടെ ഉപദേശം: 'ആ വിഷയവും തലയിലേറ്റി നീ അധികം നടക്കേണ്ട' എന്നായിരുന്നു. 'ലോക മുസ്ലിംകൾ കാഫിറാക്കിയ കക്ഷിയാണ് ഖാദിയാനികൾ അതുകൊണ്ട് അവരുടെ കാര്യങ്ങൾ അധികം പഠിക്കാൻ പോവുന്നതത്ര നല്ലതിനല്ല' എന്ന ഉലമാക്കളുടെ ഭീഷണിസ്വരത്തിലുള്ള മറുപടിയൊന്നും ആ സത്യാന്വേഷിയെ തൃപ്തനാക്കിയില്ല. ചില പണ്ഡിതന്മാരുടെ പ്രതികരണം മറ്റൊരു പ്രകാരത്തിലായിരുന്നു. ' ഈസാ നബി(അ) മരിച്ചു എന്നു തന്നെയാണ് ഖുർആനിൽ നിന്നു തെളിയുന്നത്. അത് ഖാദിയാനികൾക്ക് വളമായിപ്പോകുമെന്നുള്ളത്കൊണ്ട് വെട്ടിത്തുറന്ന് പറയുന്നത് ശരിയല്ല.' ഈ ഉത്തരങ്ങൾകൊണ്ടും ഉലമാക്കളുമായുള്ള അഭിമുഖങ്ങൾകൊണ്ടും മതിവരാത്ത മൗലാനാ അവർകൾ തന്റെ അന്വേഷണം നിർത്തിവെച്ചില്ല. ഹസ്റത്ത് അഹ്മദിന്റെ ലഭ്യമായ എല്ലാ പുസ്തകങ്ങളും അദ്ദേഹം വായിച്ചു. അങ്ങനെ, 'ഈ മനുഷ്യൻ ഒരു മുജദ്ദിദ് തന്നെ' എന്ന കാര്യത്തിൽ അദ്ദേഹം ഉറച്ചു. 'അന്ത്യപ്രവാചകൻ' എന്ന് ചെറുപ്പംമുതൽക്കേ ഉരുവിട്ടു പഠിച്ച അദ്ദേഹത്തിന് ഹസ്റത്ത് അഹ്മദ് (അ)ന്റെ നുബുവ്വത്ത് വാദത്തെ അംഗീകരിക്കാൻ സാധിച്ചിരുന്നില്ല. അദ്ദേഹം തന്റെ സന്ദേഹം ദൈവത്തിനു മുന്നിൽ സമർപ്പിച്ചു. മനമുരുകിയ തന്റെ പ്രാർത്ഥനകളിൽ ഈ സന്ദേഹ നിവാരണത്തിന്നായി അല്ലാഹുവിനോട് അർത്ഥിച്ചുകൊണ്ടേയിരുന്നു. അർത്ഥിതന്റെ വിളിക്കുത്തരം നൽകുന്ന അല്ലാഹു അദ്ദേഹത്തിന്റെ സംശയങ്ങൾക്ക് ശമനം നൽകി. ഒരവസരത്തിൽ ഒരു മയക്കം അദ്ദേഹത്തെ പിടികൂടുകയും 'നബിയിരുന്നു. അക്കാലത്ത് അഹ്മദിയ്യത്തിന്റെ എതിരാളി മൂപ്പൻമാരുടെ നേതാവായ കെ.യം. മൗലവി സാഹിബ് എഴുതിയ അഹ്മദിയ്യത്തിനെതിരെയുള്ള ഒരു ഖണ്ഡന ലേഖനം സംഘടിപ്പിച്ച് അബുൽവഫാ സാഹിബ് അന്ത്രുക്കയ്ക്ക് നൽകുകയും അതിന്റെ ധാരാളം കോപ്പികൾ പുന്നോൽ പ്രദേശമാകെ വിതരണം ചെയ്യുകയും ചെയ്തു. അദ്ദേഹത്തിന്റെ ലഘുലേഖ സ്വീകരിച്ച അന്ത്രുക്കയുടെ ലളിതസുന്ദരമായ പ്രതിവചനം ഇങ്ങനെയായിരുന്നു. 'ശരി, ഈ പുസ്തകം ഏതൊരു പുസ്തകത്തിന്റെ ഖണ്ഡനമായെഴുതിയതാണോ ആ പുസ്തകം കൂടി താങ്കൾ വായിക്കണം. അതിനുശേഷം ഒരു തീരുമാനത്തിലെത്തുന്നതല്ലേ നീതി' അന്ത്രുക്കയുടെ ഈ സ്നേഹരൂപേണയുള്ള പ്രതികരണത്തിന് നിഷേധാത്മകമായിരുന്നു അബുൽവഫാ സാഹിബിന്റെ ആദ്യത്തെ മറുപടി. 'അതൊന്നും വായിക്കേണ്ട ആവശ്യമില്ലല്ലോ. ഇതിൽ എഴുതിയ ന്യായങ്ങൾ തന്നെ ഖാദിയാനികൾ കാഫിറാണെന്നതിന്ന് ധാരാളം മതി'.

യാഥാസ്ഥിതികർ കൊടികുത്തിവാഴുന്ന അക്കാലത്ത് അന്ത്രുക്ക ജമാഅത്തിന്റെ അനുഭാവിയാണെന്ന് പറയാൻ പോലും ഭയപ്പെട്ടിരുന്നു. അഹ്മദിയ്യത്തിന്റെ പക്ഷത്ത് നിന്ന് അന്ത്രുക്ക പറഞ്ഞ ഈ നിഷ്ക്കളങ്കമായ ന്യായം സത്യത്തെ സ്നേഹിച്ച മൗലാനാ സാഹിബിന്റെ ഹൃദയത്തിൽ നീറിപ്പുകഞ്ഞു. 'പ്രസ്തുത പുസ്തകം താങ്കളുടെ കൈയിലുണ്ടോ' എന്ന് ആ സത്യാന്വേഷി അന്ത്രുക്കയോടു ചോദിച്ചു. കോട്ട് ധരിക്കാറുള്ള അന്ത്രുക്ക കീശയിൽനിന്നു പുസ്തകമെടുത്ത് മൗലാനാ സാഹിബിനു നൽകി. അദ്ദേഹം അത് വായിച്ചു. ഈസാനബി (അ)യുടെ മരണത്തെ സംബന്ധിച്ചും പ്രവാചകാവതാരത്തെക്കുറിച്ചും അതിൽ ഉന്നയിച്ച ചോദ്യങ്ങൾക്ക് കെ.യം. മൗലവിയുടെ ഖണ്ഡനങ്ങളിൽ ശരിയായ മറുപടിയില്ല എന്ന് മൗലാന അവർകൾ ഗ്രഹിച്ചു. സത്യത്തെ അന്വേഷിച്ചുകൊണ്ടിരുന്ന ആ ദീനീ സ്നേഹി

വിജ്ഞാന ഭണ്ഡാരം ആ വിജ്ഞാനദാഹിയുടെ പ്രലോഭനമായിരുന്നു. കൂടുതൽ ദീനീ വിജ്ഞാനം കരസ്ഥമാക്കാൻ മൗലാനാ അവർകൾ (1946 ലായിരിക്കണം) ഖാദിയാനിലെ മദ്റസ്സ അഹ്മദിയ്യായിൽ ഉപരിപഠനത്തിനുപോയി. ഇന്ത്യയുടെ രാഷ്ട്രീയം മതപരവും സാമൂഹികവുമായി അങ്ങേയറ്റം അരക്ഷിതവും പ്രക്ഷുബ്ധവുമായ കാലഘട്ടമായിരുന്നു അത്; പ്രത്യേകിച്ച് പഞ്ചാബിൽ. 1947ൽ ഹിന്ദു മുസ്ലിം വർഗ്ഗീയ ലഹളകൾകൊണ്ട് പഞ്ചാബ് രക്തപങ്കിലമായി മാറിയ വിഭജനത്തിന്റെ ആ സന്ദർഭത്തിൽ മൗലാനാ അവർകൾ അവിസ്മരണീയമായ ഒരു ചരിത്രദൗത്യം അഹ്മദിയ്യാ ജമാഅത്തിന് വേണ്ടി എറ്റെടുക്കുകയുണ്ടായി. വിഭജന മേളയിൽ മുസ്ലിം നേതാക്കന്മാർ അവരുടെ അനുയായികളെ ഇന്ത്യയിൽ ഉപേക്ഷിച്ച് പാക്കിസ്താനിലേക്ക് കടന്നുകളയുകയാണുണ്ടായത്. സാധുക്കളായ അവർ കൂട്ടക്കശാപ്പുകൾക്ക് ഇരയായിത്തീർന്നു. പാക്കിസ്താൻ വാദത്തോട് വിയോജിച്ചിരുന്ന ജമാഅത്തെ ഇസ്ലാമി സ്ഥാപകനായ അബുൽ അഅ്ലാ മൗദൂദിയും നേതാക്കന്മാരും അനുയായികളെ വിധിക്ക് വിട്ട് പാക്കിസ്താനിലേക്ക് രക്ഷപ്പെട്ടത് നമുക്കറിയാവുന്നതാണല്ലോ. അതായിരുന്നു അവസ്ഥ. മുസ്ലിം സ്ത്രീകൾ കൂട്ടബലാൽത്സംഗങ്ങൾക്കും മുസ്ലിംകൾ കൂട്ടക്കശാപ്പുകൾക്കും വിധേയമായിക്കൊണ്ടിരുന്ന കാലം. തിരിച്ച് ഹിന്ദുസഹോദരന്മാരും ഇതെല്ലാം അനുഭവിച്ചു. വിഭജനത്തോടൊപ്പം വർഗ്ഗീയ ഭ്രാന്തും ഭയാനകമായി അരങ്ങേറി. ഈ കലാപഭൂമിയുടെ നടുവിലാണ് ശാന്തിയുടെ തുരുത്തുപോലെ ഖാദിയാൻ എന്ന കൊച്ചുഗ്രാമം നിലകൊണ്ടത്.

അഹ്മദിയ്യാ ജമാഅത്തിന്റെ യുഗപ്രഭാവനായ രണ്ടാം ഖലീഫ, മുസ്ലിഹ് മൗഊദ് ഹസ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)ന് ഈ ആപത്ഘട്ടത്തെക്കുറിച്ച് അല്ലാഹു വളരെ മുമ്പുതന്നെ അറിവ് നൽകിയിരുന്നു. അദ്ദേഹം അപ്പോൾ തന്നെ സുരക്ഷിതമായ ലാഹോറിലേക്ക് തന്റെ ജമാഅത്തിലെ അംഗങ്ങളെ മാറ്റിപ്പാർപ്പിക്കാനുള്ള ഏർപ്പാടുകൾ ചെയ്യുകയുണ്ടായി. പ്രായമായവർ, സ്ത്രീകൾ, കുട്ടികൾ എന്നിവരെ സംഘം സംഘമായി ലാഹോറിലേക്ക് കൊണ്ടുപോയി. യൂസുഫ് നബി (അ) ചെയ്തത് പോലെ ഇന്ത്യൻ അതിർത്തിയിലുള്ള ഖാദിയാനിലെ ധാന്യപ്പുരകളിൽ വളരെയധികം ഗോതമ്പ് ശേഖരിച്ചു. അങ്ങനെ തന്റെ ജ്ഞാന ദൃഷ്ടിയിൽ കലാപത്തിന്റെ ദുരന്തങ്ങൾ ദർശിച്ച ഖലീഫ എല്ലാ ഏർപ്പാടുകളും മുൻകൂട്ടി സജ്ജീകരിച്ചു. തള്ളക്കോഴി കുഞ്ഞുങ്ങളെ സംരക്ഷിക്കുന്നതുപോലെ തന്റെ ജമാഅത്തിലുള്ളവരെയെല്ലാം സുരക്ഷിത കേന്ദ്രത്തിലാക്കിയതിന് ശേഷം അഹ്മദിയ്യത്തിന്റെ ജന്മഗേഹമായ ഖാദിയാന്റെ സംരക്ഷണത്തിന്നായി അദ്ദേഹം ത്യാഗസമ്പൂർണമായ ഒരു പദ്ധതി ആവിഷ്കരിച്ചു. ഖാദിയാനിലെ മസ്ജിദ് അഖ്സയിൽ വെച്ച് ഖാദിയാൻ സംരക്ഷത്തിന്നായി ജീവത്യാഗം ചെയ്യാൻ അഹ്മദികൾ തയ്യാറാവണമെന്ന് ഖലീഫത്തുൽ മസീഹിന്റെ ആഹ്വാനമുണ്ടായി. തിരുമനസ്സിന്റെ ആഹ്വാനം കേട്ട മാത്രയിൽ ആ സദസ്സിലുണ്ടായിരുന്ന മുഴുവൻ പേരും തങ്ങളുടെ പ്രിയനേതാവിന്റെ ആഹ്വാനത്തിന് 'ലബ്ബൈക്ക്' പറയുകയാണുണ്ടായത്. അന്ന് ജീവത്യാഗം ചെയ്യാൻ സന്നദ്ധരായവരിൽ മൗലാനയും ഉൾപ്പെട്ടിരുന്നു. ത്യാഗപൂർണമായ ആ ചരിത്ര മുഹൂർത്തങ്ങൾ വിവരിക്കുമ്പോൾ മൗലാനാ സാഹിബിന്റെ ആവേശം ഒന്നു കാണേണ്ടത് തന്നെയായിരുന്നു. കടലാസ് കിട്ടാത്തവർ അടുത്തയാളിൽ നിന്ന് കടലാസ് പിടിച്ചെടുത്ത് പേന കിട്ടാത്തവർ അടുത്തയാളിൽനിന്ന് പേന തട്ടിപ്പറിച്ചെടുത്ത് തങ്ങളുടെ ജീവൻ ഇസ്ലാമിന്റെ മാർഗ്ഗത്തിൽ തങ്ങളുടെ ഖലീഫക്ക് മുമ്പിൽ ബലിദാനമായി കാഴ്ചവെക്കാൻ കാണിച്ച ആ ഉത്സാഹം ഏതൊരു അഹ്മദിയിലും രോമാഞ്ചമുളവാക്കുന്നതാണ്.

ഹുസൂർ അവരിൽനിന്ന് 313 പേരെ തിരഞ്ഞെടുത്തു. അതിൽ നമ്മുടെ ചരിത്രപുരുഷനുമുണ്ടായിരുന്നു. റസൂൽ തിരുമേനി (സ) ഇസ്ലാമിന് വേണ്ടി ബദ്ർ രണാങ്കണത്തിൽ മരണ സജ്ജരാക്കി നിർത്തിയ 313 സഹാബിമാരുടെ ചരിത്രത്തിന്റെ ആവർത്തനമായിരുന്നു അത്. അവർക്കാർക്കും ജീവാപായം നേരിട്ടില്ല. പിന്നീട് വിഭജനം പൂർത്തിയായപ്പോൾ പഞ്ചാബിൽ അവശേഷിച്ച മുസ്ലിംകളിൽ ഈ മുന്നൂറ്റിപ്പതിമൂന്ന് പേർ മാത്രമാണ് ഉണ്ടായിരുന്നത്. ഖാദിയാനിലെ പള്ളികളും വാഗ്ദത്ത മഹ്ദിയുടെ പുണ്യഖബറിടം ഉൾക്കൊള്ളുന്ന ശ്മശാനങ്ങളും കോളേജും മറ്റ് വിദ്യാഭ്യാസസ്ഥാപനങ്ങളും സ്വത്തുക്കളും യാതൊന്നും അഹ്മദികൾക്ക് നഷ്ടപ്പെട്ടില്ല.

തന്റെ ജമാഅത്തിലെ അംഗങ്ങളെ മുഴുവനും സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റിപ്പാർപ്പിച്ച് ഖാദിയാൻ സംരക്ഷണത്തിന് സർവ്വ സന്നാഹങ്ങളും തയ്യാറാക്കിയതിന് ശേഷം അവസാനമാണ് ഖലീഫത്തുൽ മസീഹ് പാക്കിസ്താനിലേക്ക് പോയത്. അവിടെ പാക്കിസ്താൻ ഭരണകൂടത്തിൽ നിന്ന് വിജനമായ ഒരു പാഴ്ഭൂമി വിലയ്ക്കെടുത്ത് എല്ലാ ആധുനിക സൗകര്യങ്ങളോടുംകൂടിയ മനോഹരമായ ഒരു ടൗൺഷിപ്പ് നിർമ്മിച്ചു. അതാണ് അഹ്മദിയ്യാ കേന്ദ്രമായ 'റബ്വ' പട്ടണം. ലാഹോറിൽ നിന്ന് പിന്നീട് റബ്വയിലേക്ക് ജമാഅത്തിന്റെ ആസ്ഥാനം മാറ്റുകയായിരുന്നു.

ഖാദിയാൻ സംരക്ഷണത്തിന്ന് സന്നദ്ധരായവർ 'ദർവേശുകൾ' എന്ന പേരിൽ അറിയപ്പെടുന്നു. കേരളത്തിൽനിന്ന് രണ്ടോ മൂന്നോ പേർ ഈ ത്യാഗിവര്യന്മാരുടെ ഗണത്തിലുണ്ടാവുമെന്നാണ് എന്റെ നിഗമനം.

പിന്നീട് മൗലാനാ സാഹിബിനെ കേന്ദ്ര ജമാഅത്ത് കേരളത്തിൽ പ്രവർത്തിക്കാൻ നിയോഗിച്ചു. മൗലാനാ അബ്ദുല്ലാഹ് സാഹിബ് (റ) എച്ച്. ഏ. യുടെ ശിഷ്യത്വവും സാന്നിധ്യവും കഥാപുരുഷനിലെ പണ്ഡിതനെ കൂടുതൽ വളർത്തുകയുണ്ടായി. മൗലാന അബ്ദുല്ലാഹ്(റ)സാഹിബിന്റെ നിഴൽപോലെ കഴിഞ്ഞിരുന്ന അദ്ദേഹത്തിന്ന് കേരള ജമാഅത്തുകളുമായി കൂടുതൽ ഇഴുകിച്ചേരാൻ സാധിച്ചു. കേരളത്തിലെ പല ജമാഅത്തുകളും അദ്ദേഹത്തിന്റെ കൈക

ളാൽ സ്ഥാപിതമായതാണെന്ന കാര്യം സ്മരണീയമാണ്. വാഹന സൗകര്യമില്ലാതിരുന്ന കഷ്ടപ്പാടിന്റെയും അരിഷ്ടതയുടെയും ആ കാലഘട്ടത്തിൽ പല സ്ഥലത്തും കാൽനടയായി സഞ്ചരിച്ച് മൗലാനാ അവർകൾ നിർവ്വഹിച്ച സേവനങ്ങൾ കേരള ജമാഅത്തിന് നന്ദി പൂർവം മാത്രമേ സ്മരിക്കാൻ സാധിക്കുകയുള്ളൂ. കോഴിക്കോട്ട് വന്നാൽ അന്നത്തെ നമ്മുടെ കേന്ദ്രമായ ദാറുസ്സലാമിലായിരുന്നു അദ്ദേഹം താമസിച്ചിരുന്നത്. തന്റെ ഗുരുനാഥൻ കൂടിയായ മൗലാനാ അബ്ദുല്ലാഹ് സാഹിബി(റ)ന്റെ പുത്രിയെയാണ് അദ്ദേഹം വിവാഹം ചെയ്തത്. മൂന്നു പുത്രന്മാരും രണ്ടു പുത്രിമാരുമാണ് അദ്ദേഹത്തിനുള്ളത്.

1988ൽ പാക്കിസ്താനിലെ പട്ടാള സേച്ഛാധികാരിയും അഭിനവ ഫിർഔനുമായ ജനറൽ സിയാഉൽ ഹഖിനേയും പാക്കിസ്താനിലെ ഉലമാക്കന്മാരെയും അഭിമുഖീകരിച്ചുകൊണ്ട് അഹ്മദിയ്യാ ഖലീഫ മുബാഹല പ്രഖ്യാപിക്കുകയുണ്ടായി. അതിന്ന് കേരളത്തിലും പ്രതികരണമുണ്ടായി. കേരളത്തിലെ മുസ്‌ലിം സംഘടനകളുടെ പ്രാതിനിധ്യത്തോടെ അഞ്ചുമൻ ഇശാഅത്തെ ഇസ്‌ലാമി ഒരു വശത്തും അഹ്മദിയ്യാ ജമാഅത്ത് മറുവശത്തുമായി മുബാഹല നടന്നു. കൊടിയത്തൂരിൽ വെച്ച് നടന്ന മുബാഹലയ്ക്ക് മൗലാനാ സാഹിബാണ് നേതൃത്വം നൽകിയത്. മുബാഹലയിൽ ശാപത്തിനും അനുഗ്രഹത്തിനുമുള്ള പ്രാർത്ഥനയായിരുന്നു ചൊല്ലിയത്. മുബാഹലയ്ക്ക് ശേഷം അഹ്മദിയ്യാ ജമാഅത്ത് കേരളത്തിൽതന്നെയും വിപുലമാവുകയാണുണ്ടായത്. മുബാഹല നടന്ന അവസരത്തിൽ കേരളത്തിൽ 30 ജമാഅത്തുകളാണ് ഉണ്ടായിരുന്നതെങ്കിൽ ഇപ്പോൾ അത് 50 ആയി ഉയർന്നിരിക്കുന്നു. അഹ്മദികളുടെ പ്രതിയോഗികളായി മുബാഹലയിൽ പങ്കെടുത്ത മുഖ്യ മുസ്‌ലിം കക്ഷികൾ മുബാഹലയ്ക്ക് ശേഷം തുണ്ടംതുണ്ടമായി ഭിന്നിപ്പിന്റെയും പരസ്പര വിദ്വേഷത്തിന്റെയും പാതയിലാണുള്ളതെന്ന കാര്യം അഹ്മദിയ്യത്തിന്റെ സത്യത്തിലേക്കുള്ള ചൂണ്ടുപലകയാണ്. കാലയളവ് നിർണ്ണയിച്ച് ഖലീഫത്തുൽ മസീഹ് നടത്തിയ മുബാഹലക്ക് ശേഷം ജനറൽ സിയാഉൽഹഖ് നിശ്ചിത കാലയളവിന്നുള്ളിൽ തന്നെ അല്ലാഹുവിന്റെ ശാപമേറ്റ് ആകാശത്ത് വെച്ച് ധൂളീകരിക്കപ്പെട്ട് പോയി. മുബാഹലക്ക് ശേഷം ഇന്നുവരെ ആഗോള മുസ്‌ലിം സമുദായം അനുഭവിച്ചുകൊണ്ടിരിക്കുന്ന ദുരന്തങ്ങൾക്ക് വിശദീകരിക്കേണ്ട ആവശ്യമില്ല. അന്ന് രണ്ട് കോടിയുണ്ടായിരുന്ന അഹ്മദികൾ ഇന്ന് 20 കോടിയായി ഉയർന്നിരിക്കുന്നു.

വിശുദ്ധഖുർആൻ മലയാളത്തിൽ പരിഭാഷ ചെയ്യുവാനുള്ള സൗഭാഗ്യം പരേതന് ലഭിച്ചു. അദ്ദേഹത്തിന്റെ പത്തോളം ചെറുതും വലുതമായ ഗ്രന്ഥങ്ങൾ മലയാളത്തിൽ ഉണ്ട്. അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകരുടെ 'അൽ വസിയ്യത്ത്' എന്ന ദൈവിക പദ്ധതിയനുസരിച്ച് ജീവിതം ഇസ്‌ലാമിനുവേണ്ടി വഖ്ഫ് ചെയ്ത വ്യക്തിയായിരുന്നു അദ്ദേഹം. സ്വത്തിന്റെയും വരുമാനത്തിന്റെയും പത്തിലൊരുഭാഗം വസിയ്യത്ത് ചെയ്യൽ വസിയ്യത്ത് വ്യവസ്ഥയനുസരിച്ച് നിർബന്ധമാണ്. അതുകൂടാതെ പരിശുദ്ധ ജീവിതം നയിക്കലും അതിന്റെ ഉപാധിയിൽപെട്ടതാണ്. എന്നാൽ നമ്മുടെ ചരിത്രപുരുഷൻ ഒമ്പതിൽ ഒന്ന് വസിയ്യത്ത് ചെയ്ത ആളാണ്. അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ ജനാസ മരണാനന്തരം ഖാദിയാനിൽ കൊണ്ടുപോയി 'ബിഹിശ്തി മഖ്ബറ'യിൽ അടക്കം ചെയ്യുകയാണുണ്ടായത്. സാഹിബ് സാദാ മിർസാ വസീം അഹ്മദ് സാഹിബ് ജനാസാ നമസ്കാരത്തിന് നേതൃത്വം നൽകി. ആയിരക്കണക്കിന് സഹോദരന്മാർ ജനാസ നമസ്ക്കാരത്തിൽ പങ്കുകൊണ്ടു. നേരത്തെ ബേപ്പൂരിൽവെച്ചും ജനാസ നമസ്ക്കാരം നിർവ്വഹിച്ചിരുന്നു.

അന്ത്യശ്വാസം വരെ ജമാഅത്തിന് സേവനം ചെയ്യാനുള്ള തന്റെ ആഗ്രഹം പലവുരു അദ്ദേഹം എന്നോട് പറയാറുണ്ടായിരുന്നു. അദ്ദേഹത്തിന്റെ വിയോഗം ജമാഅത്തിന് വലിയൊരു നഷ്ടം തന്നെയാണ്. ആ നഷ്ടം അല്ലാഹു നികത്തിത്തരട്ടെ. അദ്ദേഹം മിതഭാഷിയും വിനയാന്വിതനും നല്ല പ്രതിപക്ഷ ബഹുമാനമുള്ള പ്രഭാഷകനുമായിരുന്നു. ഇങ്ങനെയുള്ള എല്ലാ മഹത്വങ്ങളുണ്ടായിട്ടും ഈ വിനീതനെ സൂബായി അമീറായി ഖലീഫത്തുൽ മസീഹ് അംഗീകരിച്ചശേഷം എന്നെ കാണുമ്പോൾ എഴുന്നേറ്റുനിന്ന് ആദരിക്കുമായിരുന്നു അദ്ദേഹം. ഞാനുള്ള സദസ്സിൽ അദ്ദേഹത്തോട് ദുആയ്ക്ക് നേതൃത്വം നൽകാൻ അപേക്ഷിച്ചാൽ 'അമീർ സാഹിബിനെക്കൊണ്ട് ദുആ ചെയ്യിക്കുക' എന്നദ്ദേഹം പറയുമായിരുന്നു. എന്നാൽ ഞാനുള്ള സദസ്സിൽ അദ്ദേഹത്തിനുതന്നെയായിരുന്നു ഞാൻ ബഹുമാന്യത നൽകിയിരുന്നത്. ഒരു സൂഫിവര്യന്റെ ജീവിതം നയിച്ച മാന്യവ്യക്തിയായിരുന്നു മൗലാനാ സാഹിബ്. അല്ലാഹു പരേതന് സ്വർഗ്ഗത്തിൽ ഉന്നതമായ സ്ഥാനം നൽകി അനുഗ്രഹിക്കട്ടെ-ആമീൻ. അദ്ദേഹത്തിന്റെ സന്തതികൾക്കും കൂടുതൽ കൂടുതൽ ദീനീസേവനത്തിനുള്ള തൗഫീഖ് ലഭിക്കുമാറാകട്ടെ.

## ശാന്തി പ്രാപിച്ച ആത്മാവ്

"ദൈവാശിസ്സുകൊണ്ട് ശാന്തി പ്രാപിച്ച ആത്മാവേ, നിന്റെ രക്ഷിതാവിലേക്ക് നീ അവനിൽ സംതൃപ്തനായും അവൻ നിന്നിൽ സംതൃപ്തനായുമുള്ള നിലയിൽ മടങ്ങിച്ചെല്ലുക; എന്റെ ഭക്തദാസരുടെ കൂട്ടത്തിൽ ചേരുകയും എന്റെ ആരാമമാകുന്ന സ്വർഗ്ഗത്തിൽ പ്രവേശിക്കുകയും ചെയ്യുക."

*(വിശുദ്ധ ഖുർആൻ 89:28-31)*

## ജീവിത വിജയി

"ഏതൊരുവൻ തന്റെ ആത്മാവിനെ വിഷയേച്ഛകളിൽനിന്ന് ശുദ്ധീകരിച്ചുവോ അവൻ വിജയിച്ചു. അവൻ നശിക്കുകയില്ല. ഏതൊരുവൻ അതിനെ അനിയന്ത്രിതമായ ഇന്ദ്രിയേച്ഛകളിൽ നിമഗ്നമാക്കിയോ അവൻ പരാജയമടഞ്ഞു; അവൻ ജീവിത്തതെക്കുറിച്ചു നിരാശനായി."

*(വിശുദ്ധ ഖുർആൻ 91:10, 11)*

# ഞാൻ എങ്ങനെ അഹ്മദിയായി?

മൗലാനാ മുഹമ്മദ് അബുൽവഫാ

## മൗലാനാ സാഹിബ് അഹ്മദിയ്യത്തിലേക്ക് പ്രവേശിച്ചതിനു ശേഷം1947-ൽ സത്യദൂതനിൽ പ്രസിദ്ധീകരിച്ച ലേഖനം

**ലോ**കത്ത് അവിശ്വാസവും ദുരാചാരവും പ്രബലപ്പെടുകയും അധർമ്മം വർദ്ധിക്കുകയും സന്മാർഗ്ഗസൂര്യൻ അസ്തമിക്കുകയും ലോകർ ആത്മീയാന്ധകാരത്തിൽ നട്ടംതിരിയുകയും ചെയ്യുമ്പോൾ കരുണാനിധിയായ ദൈവം അവരിൽ കനിഞ്ഞ് അവരുടെ മാർഗ്ഗദർശനാർത്ഥം ഒരു ആത്മപരിഷ്കർത്താവിനെ നിയോഗിക്കുകയും അദ്ദേഹം മുഖേന അവരെ സൽപന്ഥാവിലേക്കു ആനയിക്കുകയും ചെയ്യുന്നു. അങ്ങനെ ആത്മമാർഗ്ഗോദ്ധാരകന്മാരായി അതതുകാലത്തു വെളിപ്പെട്ടുകൊണ്ടിരുന്ന ദൈവനിയുക്തരായ പ്രവാചകന്മാരിലാർക്കുംതന്നെ സാർവജനീനമായ സ്വീകാരം ലഭിച്ചിരുന്നില്ല; മറിച്ചു, അവരിൽ ഓരോരുത്തരും ലോകരുടെ പരിഹാസത്തിനും അവഹേളനത്തിനും ലക്ഷീഭവിക്കുകയാണുണ്ടായത്. അവർ എല്ലാക്കാലത്തും നേരിടേണ്ടിവന്നത് അന്ധകാരജടിലമായ ഒരു ലോകത്തോടാണ്. ജനസഞ്ചയങ്ങളുടെ ആത്മീയരോഗത്തിനു ശമനം വരുത്തുവാനും ആത്മീയാന്ധതയാൽ സ്തംഭിച്ചുപോയ ഹൃദയങ്ങളെ ജീവത്തുക്കളാക്കുവാനും വേണ്ടി ദിവ്യൗഷധങ്ങളും കൊണ്ട് ക്ഷണമെന്ന്യേ വന്നു സൗജന്യമായി ചികിത്സ നടത്തുന്ന ആത്മഭിഷഗ്വരന്മരാണ് ദൈവനിയുക്തരായ പ്രവാചകന്മാർ. എന്നാൽ മനുഷ്യൻ സദാചാരങ്ങളെന്നോണം ചെയ്തുപോന്ന ദുരാചാരങ്ങളുടെയും ദുഷ്പ്രേരണകളാൽ ചെയ്തുപോന്ന ദുർവൃത്തികളുടെയും ഫലമായി അവരുടെ ഹൃദയങ്ങൾ മലിനീഭവിക്കുകയും വിവേചനശക്തി വിനഷ്ടമാകുകയും ചെയ്കയാൽ അവർ തങ്ങളുടെ ആത്മപുനർജ്ജീവനാർത്ഥം ആഗതരായ ആ ദിവ്യാത്മാക്കളെ തെറ്റിദ്ധരിച്ച് അവരുടെ നേരെ കയർക്കുകയും അവരെ ഹനിക്കാൻപോലും ഉദ്യുക്തരാകുകയും ചെയ്തതിൽ അത്ഭുതപ്പെടാനില്ല! ലോകസാധാരണമായ ഈ സമ്പ്രദായമനുസരിച്ചാണ് എല്ലാക്കാലത്തും ലോകത്തിന്റെ മക്കൾ പ്രവാചകന്മാരെ അവിശ്വാസികളെന്നും വഴിപിഴച്ചവരെന്നും പിഴപ്പിക്കുന്നവരെന്നും മറ്റും പറഞ്ഞു ആക്ഷേപിച്ചുവന്നിട്ടുള്ളത്. ജനസാമാന്യം പ്രിയതരങ്ങളായി കരുതി സ്വീകരിച്ചുപോന്ന അബദ്ധങ്ങളായ വിശ്വാസാനുഷ്ഠാനങ്ങൾക്കെതിരായി പ്രവാചകന്മാർ പ്രസംഗിക്കുകയും തങ്ങൾക്കു ദിവ്യവെളിപാടുമൂലം പ്രകാശിതങ്ങളായതനുസരിച്ചു അവർ യഥാർത്ഥ മതതത്വങ്ങളെ പ്രബോധിക്കുകയും ചെയ്തപ്പോഴെല്ലാം ലോകർ അവരെ ഭ്രാന്തരെന്നും മറിമായക്കാരെന്നും പറഞ്ഞു പരിഹസിക്കുകയും കൂക്കിവിളിക്കുകയുമാണ് ചെയ്തത്. ആ ദിവ്യാത്മാക്കൾ തങ്ങളുടെ സത്യത്തിലേക്കു അത്ഭുതദൃഷ്ടാന്തങ്ങൾ കാണിച്ചപ്പോഴാകട്ടെ അതുകളെല്ലാം ജാലവിദ്യകളാണെന്നു പറഞ്ഞ് ഈ ലോകത്തിന്റെ മക്കൾ മുഖംതിരിച്ചുകളയുകയേ ചെയ്തുള്ളൂ! പകൽവെളിച്ചംപോലെ സ്പഷ്ടമായ ദൃഷ്ടാന്തങ്ങൾ അവരുടെ മുമ്പിൽ പ്രത്യക്ഷമായിട്ടും ആ സത്യദ്വേഷികൾ പ്രവാചകന്മാരുടെ സത്യത്തെ സ്വീകരിക്കുവാൻ കൂട്ടാക്കിയില്ല!!

ദിവ്യപ്രവാചകന്മാരുടെ സത്യദൗത്യത്തിന്റെ പ്രചരണത്തിനു സർവ്വദാ പരിപന്ഥികളായിനിന്ന് പ്രവർത്തിച്ചവരിൽ മുന്നണിക്കാർ അതതുകാലത്തെ മഹാന്മാരെന്നു വിചാരിക്കപ്പെട്ടുപോന്ന പണ്ഡിതന്മാരത്രെ. സാധാരണക്കാരെ അപേക്ഷിച്ചു പണ്ഡിതജനത്തിനു കാര്യം വഴിയാംവണ്ണം ഗ്രഹിക്കാൻ എളുപ്പമാണെന്നിരിക്കിലും അഹംഭാവവും സ്ഥാനഭ്രംശഭീതിയും തത്താദൃശങ്ങളായ സ്വാർത്ഥവിചാരങ്ങളും നിമിത്തമാണ് അവർക്കു സത്യം ഗ്രഹിക്കാനോ ഗ്രഹിച്ചാൽ സ്വീകരിക്കുവാനോ സാധിക്കാതെ പോകുന്നത്.

പ്രവാചകന്മാർ ഉൽകൃഷ്ട കുലജാതരും ദിവ്യദൗത്യലബ്ധിക്കുമുമ്പുതന്നെ സദാചാരനിഷ്ഠയിൽ സുസമ്മതരുമാണെന്നിരിക്കിലും അവരിലാരും അക്കാലത്തെ കേൾവിപ്പെട്ട പണ്ഡിതനോ വിശ്രുത സാഹിത്യകാരനോ ലൗകിക നിലയിൽ നേതാവോ ആയി പരിഗണിക്കപ്പെട്ട ആളല്ലെന്നത് പരമാർത്ഥം മാത്രമാണ്. അങ്ങനെയുള്ള സദാചാരനിഷ്ഠനായ ഒരു ധർമ്മാത്മാവു പൊടുന്നനവെ ദിവ്യദൗത്യം വാദിക്കുകയും താൻ ജനങ്ങൾക്കു മാർഗ്ഗദർശകനായി നിയുക്തനാകകൊണ്ട് അവർ എത്രതന്നെ പാണ്ഡിത്യമുള്ളവരായാലും തന്റെ അടുക്കൽ നിന്നു ആത്മവിദ്യ പഠിച്ചുകൊള്ളേണ്ടതാണെന്നു പ്രബോധിക്കുകയും ചെയ്തുതുടങ്ങുമ്പോൾ ദുരഭിമാനികളായ ലൗകികബുദ്ധികൾക്കു അഹംബോധവും വൈരമനോഭാവവും തിളച്ചുവരുമാറാകുന്നു. ഇതാണ് പണ്ഡിതന്മാർ പ്രവാചകന്മാരുടെ പ്രഥമ ശത്രുക്കളായ് കാണപ്പെടുന്നതിന്റെ രഹസ്യം. എന്നാൽ എത്ര വലിയ പണ്ഡിതന്മാരായാലും അവർക്കു ന്യായമായ നിലയിൽ സത്യത്തോടു എതിർക്കുവാൻ സാധിക്കുകയില്ല. അതിനാൽതന്നെയാണ് അവർ പ്രവാചകന്മാരുടെ ദിവ്യപ്രസ്ഥാനങ്ങൾക്കെതിരിൽ വ്യാജപ്രസ്താവനകളും കെട്ടുകഥകളും പരത്തുവാനും, എണ്ണത്തിൽ അൽപപക്ഷക്കാരായ ആദി

മ വിശ്വാസികളുടെ നേർക്കു പാമരജനങ്ങളെ ഇളക്കിവിട്ട് അവരെ ദ്രോഹിക്കാനും ശ്രമിച്ചുപോന്നത്. സത്യപ്രസ്ഥാനത്തിന്നെതിരായി ഇവർക്കു ഇതല്ലാതെ മറ്റൊരു മാർഗ്ഗവും കൈക്കൊള്ളുവാനില്ല. ഇത്തരം ധ്വംസനപ്രവൃത്തികളിൽ സത്യപ്രസ്ഥാനം ഒരിക്കലും നശിച്ചുപോയിട്ടുമില്ല. മറിച്ച്, അതു ദൈനംദിനം അഭിവൃദ്ധിപ്പെട്ടുപോകുകയാണുണ്ടായത്. ജനങ്ങളെല്ലാം ഒന്നുചേർന്ന് അൽപ്പപക്ഷക്കാരായ സത്യവിശ്വാസികളോട് ശത്രുത്വം പ്രവർത്തിച്ചിരുന്നിട്ടും അല്ലാഹു തന്റെ പ്രത്യേക സഹായത്താൽ അവരെ അനുഗ്രഹിക്കുകമൂലം അവർ വിജയിക്കുകതന്നെ ചെയ്തു. ഇപ്പറഞ്ഞതെല്ലാം വിശുദ്ധ ഖുർആനും പൂർവ്വപ്രവാചകന്മാരുടെ പാവന ചരിത്രവും സാക്ഷിക്കുന്ന പരമാർത്ഥമാണ്. അതു അല്ലാഹുവിന്റെ നിയതിനിയമവുമത്രെ. ഈ നിയമത്തിനു ഒരിക്കലും മാറ്റം സംഭവിക്കുകയില്ല.

ഹിജ്രാബ്ദം പതിന്നാലാം നൂറ്റാണ്ടിൽ മുജദ്ദിദും (മതപരിഷ്ക്കർത്താവും) മഹ്ദീമസീഹുമായ് അവതരിച്ച ഹസ്റത്ത് അഹ്മദിനും അദ്ദേഹത്തിന്റെ അനുയായികളായ അഹ്മദികൾക്കും ഉണ്ടായ അനുഭവം മുൻപ്രസ്താവിച്ച പ്രകാരംതന്നെയാണ്. താൻ ഇസ്ലാമിന്റെ പുനർജ്ജീവനാർത്ഥം ദൈവനിയുക്തനായിരിക്കുന്നു എന്ന് അദ്ദേഹം തനിക്കുണ്ടായ ദിവ്യവെളിപാടനുസരിച്ചു വാദിച്ചുതുടങ്ങിയപ്പോൾ മതപണ്ഡിതന്മാർ ഒന്നുചേർന്ന് അദ്ദേഹത്തിന്റെ പേരിൽ കുഫ്ര് ഫത്വ പുറപ്പെടുവിക്കുകയും മുസ്ലിംകളും ഇതര മതസ്ഥരുമെല്ലാം ഒത്തൊരുമിച്ചു അദ്ദേഹത്തെയും അദ്ദേഹത്തിന്റെ പ്രസ്ഥാനത്തെയും നശിപ്പിച്ചുകളയാൻ കൊണ്ടുപിടിച്ചു ശ്രമിക്കുകയും ചെയ്തു. ഇപ്പോഴും അഹ്മദികൾക്കു പള്ളി വിരോധിക്കുന്നതും അവരെ ദ്രോഹിക്കുന്നതും പുണ്യമാണെന്ന് ഉപദേശിക്കുന്ന മതപണ്ഡിതന്മാരെ കാണാം. പല സ്ഥലങ്ങളിലും അഹ്മദികൾ ഭൂരിപക്ഷത്തിന്റെ മർദ്ദനത്തിനും ഹിംസനത്തിനും ലക്ഷീഭവിക്കുന്നതായും അറിയാറാകുന്നുണ്ട്. മാത്രമല്ല, മതപണ്ഡിതന്മാർ ഹസ്റത്ത് അഹ്മദി (അ)ന്റെ പാവനനാമത്തിൽ പല മിത്ഥ്യാവാദങ്ങളും പരത്തി അദ്ദേഹത്തെക്കുറിച്ചു പൊതുജനങ്ങളിൽ വിദ്വേഷവും വിരക്തഭാവവും വളർത്തുകയും അഹ്മദികലുടെ പ്രസിദ്ധീകരണങ്ങൾ വായിക്കരുതെന്നു ജനങ്ങളോടുപദേശിക്കുകയും ചെയ്തുവരുന്നുമുണ്ട്. പണ്ഡിതന്മാർക്കു അഹ്മദിയ്യത്തിന്നെതിരിൽ ചെയ്യാൻ കഴിയുന്നതു ഇതുതന്നെയാണ്. ഇപ്രകാരമുള്ള സാഹചര്യങ്ങൾക്കിടയിലും നിഷ്പക്ഷ ബുദ്ധികളായ സത്യാന്വേഷികൾക്കു ഈ പ്രസ്ഥാനത്തിന്റെ സത്യത്തെ ചിന്തിച്ചറിയാനും സ്വീകരിക്കാനും അവസരം ലഭിക്കുന്നുണ്ട്. പൂർവ്വ പ്രവാചകന്മാരുടെ ശത്രുക്കൾ അതതു കാലത്തെ സത്യമതപ്രസ്ഥാനത്തോടു എതിർത്തിരുന്നത് ന്യായമായ മാർഗ്ഗേണയല്ലെന്നതുപോലെത്തന്നെ ഇക്കാലത്ത് അഹ്മദിയ്യത്തിന്റെ വൈരികളും ന്യായമായ മാർഗ്ഗത്തിലൂടെയല്ല തങ്ങളുടെ എതിർപ്രവർത്തനം തുടർന്നുവരുന്നത് എന്നുള്ളത് നഗ്നമായ ഒരു വസ്തുതയാണ്. അതുകൊണ്ടാണ് ശത്രുക്കളുടെ എതിർവേലകളെല്ലാം ഒരുവിധത്തിലല്ലെങ്കിൽ മറ്റൊരുവിധത്തിൽ അഹ്മദിയ്യാ പ്രസ്ഥാനത്തിനുതന്നെ ഗുണകരമായി പരിണമിക്കുമാറായിരിക്കുന്നത്. ഈ സംഗതി, ഈയുള്ളവൻ എങ്ങനെ അഹ്മദിയായി എന്ന വൃത്താന്തത്തിൽനിന്നു വായനക്കാർക്കു മനസ്സിലാക്കാവുന്നതാണ്. ഞാനതു ചുരുക്കത്തിൽ ഇവിടെ പ്രസ്താവിച്ചുകൊള്ളട്ടെ.

ഞാൻ ദർസുകളിൽ പഴയരീതിയിൽ ഓതിപ്പഠിച്ച ഒരുവനാണ്. അൽഫിയ്യ, ഫത്ത്ഹുൽമുഈൻ, തഫ്സീർജലാലൈൻ, മുഖ്ത്തസറുൽമആനീ, ശറഹുത്തഹ്ദീബ്, മുഅല്ലഖാത്തുസ്സബ്അ്, മിശ്ക്കാത്ത് മുതലായ കിത്താബുകൾ ഞാൻ വായിച്ചിട്ടുണ്ട്. പിന്നീട്, ഉൽപതിഷ്ണുക്കളായ പണ്ഡിതന്മാരുമായി പരിചയപ്പെടുവാനും അവരുടെ ശിഷ്യത്വം സ്വീകരിക്കുവാനും എനിക്കു ഭാഗ്യം ലഭിച്ചിട്ടുമുണ്ട്. പരിഷ്കൃതാശയങ്ങളോടുകൂടി നടത്തപ്പെടുന്ന പല പത്രങ്ങളും മാസികകളും വായിക്കുവാനും എനിക്ക് അവസരമുണ്ടായി. ഇതുകളുടെയെല്ലാം ഫലമായി എനിക്കു സാമുദായികമായ ഒരുൽബുദ്ധത സിദ്ധിച്ചു. പ്രാചീന മുസ്ലിംകളുടെ ചരിത്രവും ഇക്കാല മുസ്ലിംകളുടെ സ്ഥിതിയും തമ്മിൽ താരതമ്യപ്പെടുത്തിയപ്പോൾ ഇന്നുള്ളവർ മുസ്ലിം എന്ന പേരിന്നർഹരേ അല്ലെന്നു പറയാവുന്ന തരത്തിൽ ഇവരുടെ നില അത്ര വിഭിന്നമായതാണെന്ന് എനിക്ക് ബോധ്യമായി. സാമുദായികവും സാംസ്കാരികവും സാന്മാർഗ്ഗികവും ആത്മീയവും സാമ്പത്തികവുമായ വിഷയങ്ങളിൽ പൂർവ്വമുസ്ലിംകൾ ഏതൊരു ഉൽകൃഷ്ടസ്ഥാനം പ്രാപിച്ചിരുന്നുവോ അതിന്നുനേരെ വിപരീതമായ ഒരു നിലയാണ് ഇക്കാലത്തെ മുസ്ലിംകൾക്ക് വന്നുവശായിരിക്കുന്നത് എന്നു മനസ്സിലാക്കാനും സാധിച്ചു. വിശുദ്ധ ഖുർആനും ഹദീസും വായിച്ചുനോക്കി അതുകളിൽ വിവരിക്കപ്പെട്ട ഇസ്ലാംമതം സ്വീകരിക്കുവാൻ ആഗ്രഹിക്കുന്ന ഒരു ഇതരമതസ്ഥന് മുസ്ലിംകളെ കണ്ടെത്തുവാൻ സാധിക്കാതിരിക്കുമാറ് അവരുടെ നിലയ്ക്ക് അത്രമാത്രം വ്യതിയാനം വന്നുപോയിരിക്കുന്നു. സമുദായത്തിന്റെ ഈ ദുഃസ്ഥിതി ഗ്രഹിക്കയാൽ ഞാൻ ശോകാകുലനായി ഭവിക്കുകയും തന്മൂലം സമുദായോദ്ധാരണത്തിനു ഉപയുക്തമെന്നു അപ്പോൾ എനിക്കു തോന്നിയ മാർഗ്ഗത്തിലൂടെ കഴിവനുസരിച്ചു പ്രവർത്തിക്കാൻ പ്രേരിതനാകയും ചെയ്തു. ആ കാലത്തു നാട്ടുകാർ എന്നെ 'വഹ്ഹാബി' എന്നാണ് പറഞ്ഞുപോന്നത്. യഥാർത്ഥത്തിൽ ഞാൻ അന്നു വഹ്ഹാബി എന്നു പറയപ്പെടുന്ന കക്ഷിയിൽപ്പെട്ടവനായിരുന്നു. അപ്പോഴും എനിക്കു നൈരാശ്യത്തെയല്ലാതെ അഭിമുഖീകരിക്കാൻ കഴിഞ്ഞിരുന്നില്ല. എന്തുകൊണ്ടെന്നാൽ, വഹ്ഹാബികളുടെ വാക്കും പ്രവൃത്തിയുമായി പൊതുവെ പൊരുത്തം കാണപ്പെട്ടിരുന്നില്ല. എഴുതുമ്പോഴും പ്രസംഗിക്കുമ്പോഴും അവരുടെ നിറം ഒന്നും സ്വാർത്ഥകാര്യം വരുമ്പോൾ അവരുടെ നിറം മറ്റൊന്നുമായിട്ടാണ് എനിക്ക് കാണ്മാൻ കഴിഞ്ഞതെന്നു ഖണ്ഡനഭയമെന്യേ പറയാം. ■

*(ശേഷം അടുത്ത ലക്കത്തിൽ)*

# സ്നേഹധനനായ എന്റെ വന്ദ്യപിതാവ്

ഇബ്നുവഫ

## മൗലാനാ അബുൽവഫാ സാഹിബിന്റെ സീമന്തപുത്രനായ ലേഖകൻ തന്റെ പിതാവിന്റെ കുടുംബപശ്ചാത്തലം അനുസ്മരിക്കുന്നു

ഇസ്ലാമിക സേവനത്തിനുവേണ്ടി ജീവിതം സമർപ്പിച്ച ഒരു ചരിത്രപുരുഷന്റെ മകനായി ജനിക്കാൻ കഴിഞ്ഞതിൽ ആദ്യമായി അല്ലാഹുവിനോടുള്ള എന്റെ നന്ദി പ്രകടിപ്പിക്കട്ടെ. കുടുംബനാഥൻ എന്ന നിലയിൽ നന്മകളുടെ നൂറുനൂറായിരം സ്മരണകൾ ബാക്കിയാക്കി ഞങ്ങളുടെ കണ്ണും കരളുമായിരുന്ന പ്രിയപിതാവ് ഈ ലോകത്ത് നിന്ന് യാത്രയായി. ഇന്നാലില്ലാഹി വഇന്നാ ഇലൈഹി റാജിഊൻ.

വടകര താലൂക്കിലെ എടച്ചേരി എന്ന സ്ഥലത്ത് നല്ലൂർ വീട്ടിൽ 1918 ജനുവരി 10ാം തിയ്യതിയാണ് ഉപ്പ ജനിച്ചത്. അദ്ദേഹത്തിന്റെ പിതാവ് അറിയപ്പെടുന്ന സുന്നീപണ്ഡിതനും വടകര താലൂക്കിലെ വളയം അംശത്തിലെ ജാതിയേരി സ്വദേശിയുമായ ചെറിയ ആട്ടറപ്പാൻകുന്നത്ത് മൂസ്സ മുസ്ലിയാരും ഉമ്മ കുണ്ടോട്ടി പുല്ലിതൊടുകയിൽ അസ്സനാജി മുസ്ലിയാരുടെ മകൾ കുഞ്ഞാമിനയുമായിരുന്നു.

സീമന്തപുത്രൻ ജനിച്ച്, കുട്ടിയെ കുളിപ്പിച്ചതിന്നു ശേഷം കാതിൽ ബാങ്കും ഇഖാമത്തും കൊടുക്കുവാനായി പിതാവിന്റെ കൈയ്യിൽ കുട്ടിയെ കൊടുത്തപ്പോൾ, അൽപനേരം കുട്ടിയെ നോക്കിക്കൊണ്ട് ''നീ കണ്ടോത്ത് മൂസയേപോലെ ജീവിക്കുവാനാണ് ജനിച്ചതെങ്കിൽ അല്ലാഹുവേ നീ ഇവനെ ഇപ്പോൾ തന്നെ തിരിച്ചു വിളിക്കേണമേ, അതല്ല നീ ദീനിയായ ഇൽമ് കരസ്ഥമാക്കിക്കൊണ്ട് ദീനിന്ന് സേവനം ചെയ്യുവാനാണ് ജനിച്ചതെങ്കിൽ അല്ലാഹുവേ നീ ഇവന് ദീർഘായുസ്സ് നൽകേണമേ" എന്ന് എന്റെ ഉപ്പാപ്പ ദുആ ചെയ്തു. അതിന്നു ശേഷമാണ് കുട്ടിയുടെ കാതിൽ ബാങ്കും ഇഖാമത്തും കൊടുത്തത്. കേട്ടവർ കേട്ടവർ വളരെ ആശ്ചര്യത്തോടെ "എന്താ മൗല്യാരേ! ഇപ്പോൾ ജനിച്ച കുട്ടിയെകുറിച്ച് നിങ്ങളീ പറയുന്നത്" എന്നു ചോദിച്ചു. അദ്ദേഹം ഇത് ഒരാവേശത്തിൽ പറഞ്ഞതായിരുന്നില്ല. വളരെ ആലോചിച്ച് ചെയ്ത ദുആയായിരുന്നു. 'കണ്ടോത്ത് മൂസ' മൂത്താപ്പയുടെ മകനും കുടുംബത്തിന് തലവേദനയും ചീത്തപേരും ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന ആളുമായിരുന്നു. അല്ലാഹു അദ്ദേഹത്തിന്റെ ദുആ പരിപൂർണ്ണമായും സ്വീകരിച്ചുകൊണ്ട് യഥാർത്ഥ ഇസ്ലാമിന്റെ സേവകനായി അരനൂറ്റാണ്ടിലധികം കാലം സ്തുത്യർഹമായ സേവനം അനുഷ്ഠിക്കാനുള്ള സൗഭാഗ്യം അദ്ദേഹത്തിന് നൽകി.

ഉപ്പാന്റെ വല്ലിമ്മയുടെ ഓത്തുപുരയിൽ വെച്ച് വല്ലിമ്മ തന്നെയാണ് ആദ്യം ഖുർആൻ ഓതാൻ പഠിപ്പിച്ചത്. സ്കൂൾ വിദ്യാഭ്യാസം ആദ്യം നല്ലൂർ സ്കൂളിലും പിന്നീട് ജാതിയേരി എൽ.പി. സ്കൂളിലുമായിരുന്നു. പക്ഷേ, രണ്ടാം ക്ലാസ് വരെ മാത്രമേ സ്കൂളിൽ പഠിക്കാൻ സാധിച്ചിരുന്നുള്ളൂ. അതിന്നു ശേഷം ഉപ്പാപ്പാന്റെ നിർദ്ദേശപ്രകാരം പള്ളി ദർസുകളിൽ കിതാബ് ഓതാൻ ചേർന്നു. സ്വന്തം പിതാവ് മൂസ മുസ്ലിയാർ തന്നെയായിരുന്നു പ്രഥമ ഗുരുനാഥൻ. പാറക്കടവ്, നാദാപുരം എന്നിവിടങ്ങളിലെ പള്ളി ദർസുകളിൽ പഠനം പൂർത്തിയാക്കിയതിനു ശേഷം 1937ൽ മലപ്പുറം ജില്ലയിലെ മങ്കടക്കടുത്ത് കൂട്ടിൽ എന്ന ഗ്രാമത്തിലെ മുജാഹിദ് മദ്റസ ദർസിൽ വഹാബി ആദർശക്കാരനായ മുഹമ്മദ് ശിറാസി മൗലവിയുടെ ശിഷ്യനായി പഠനം തുടർന്നു. മങ്കടക്ക് പുറമേ തലശ്ശേരിയിലും കടവത്തൂരിനടുത്തുള്ള ഉളിയിൽ എന്ന സ്ഥലത്തും പള്ളി ദർസുകളിൽ വിദ്യ അഭ്യസിച്ചു. അപ്പോഴേക്കും ഉപ്പ വഹാബി ആദർശക്കാരനായി മാറിയിരുന്നു.

ഉൽപതിഷ്ണു പണ്ഡിതനായ മുഹമ്മദ് ശീറാസി മൗലവി തന്റെ പ്രധാന ശിഷ്യന്മാരിൽ പലർക്കും പഴയ പേരുകൾ മാറ്റി പുതിയ പേരുകൾ നൽകാറുണ്ടായിരുന്നു. അദ്ദേഹമാണ് അബുൽ വഫാ എന്ന പേര് നൽകിയത്. ജനിച്ചപ്പോൾ ഉപ്പാപ്പ മുഹമ്മദ് എന്നായിരുന്നു നാമകരണം ചെയ്തതെങ്കിലും നാട്ടിലും കുടുംബത്തിലും കുഞ്ഞമ്മദ് എന്ന പേരിലായിരുന്നു അറിയപ്പെട്ടിരുന്നത്. ഇന്നും കുടുംബത്തിലെ അടുത്തവരെല്ലാം തന്നെ 'കുഞ്ഞമ്മദ്ക്ക' എന്ന് തന്നെയാണ് വിളിക്കാറ്.

പള്ളി ദർസുകളിൽ വെച്ച് 'ഇൽമുൽ ബലാഗത്ത്' (അറബി സാഹിത്യം) 'നഹവ്-സറഫ്' (അറബി വ്യാകരണം) അറബി കാവ്യം, 'മൻഥിഖ്' (തർക്കശാസ്ത്രം) തഫ്സീറുൽ ഖുർആൻ, ഹദീസ്, ഫിഖ്ഹ് (കർമ്മശാസ്ത്രം), അലങ്കാര ശാസ്ത്രം, മുതലായ വിഷയങ്ങൾ ഗഹനമായി പഠിച്ചിരുന്നു.

എന്റെ ഉപ്പാപ്പ തന്റെ മകൻ കുഞ്ഞ

മ്മദിനെ വളരെയധികം സ്നേഹിച്ചിരുന്നു. അതുപോലെ തന്നെ മർഹും മൗലവി സാഹിബ് തന്റെ ഉപ്പയേയും അങ്ങേയറ്റം സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്നു. 8, 10 വയസ്സിൽ സ്വന്തം പിതാവിന്റെ അന്തസ്സും അഭിമാനവും രക്ഷിച്ച ഒരു സംഭവമുണ്ടായി. മരുമക്കത്തായ സമ്പ്രദായത്തിന് കൂടുതൽ പ്രസക്തിയുണ്ടായിരുന്ന കാലമായിരുന്നു അത്. ഈ പ്രദേശങ്ങളിൽ ചേലാകർമ്മം (സുന്നത്ത് കർമ്മം) 'മാർക്കക്കല്യാണം' എന്ന പേരിൽ വളരെ ആഘോഷമായി കൊണ്ടാടാറുണ്ടായിരുന്നു. എന്റെ പിതാവിന്റെ ചേലാകർമ്മം നിശ്ചയിക്കപ്പെട്ടതിനുശേഷം ഉപ്പാപ്പയും ഉപ്പയുടെ അമ്മാവൻമാരും തമ്മിൽ ചില കുടുംബകാര്യങ്ങളെ സംബന്ധിച്ച് തർക്കത്തിലായി. തർക്കം രൂക്ഷമായ സമയത്ത് ഉപ്പാപ്പയെ അവഹേളിക്കാനായി എന്റെ പിതാവിനെ അദ്ദേഹത്തിന്റെ അമ്മാവന്മാർ സൂത്രത്തിൽ തട്ടിക്കൊണ്ടുപോയി ഉമ്മയുടെ വീട്ടിൽ ഒളിപ്പിച്ചു. ചേലാകർമ്മത്തിന്നായി എല്ലാവരേയും ക്ഷണിച്ചിരുന്ന സമയമായിരുന്നു അത്. അതിനുവേണ്ടി പന്തലും, അറുക്കാനുള്ള മൂരിക്കുട്ടൻ അടക്കമുള്ള ഒരുക്കങ്ങളും ഉപ്പാപ്പ ചെയ്തുകഴിഞ്ഞിരുന്നു. മകൻ ഇല്ലാത്തതുകൊണ്ട് ഈ സമയത്ത് ഉപ്പാപ്പ അപമാനിതനാകുമെന്നായിരുന്നു എല്ലാവരും കരുതിയിരുന്നത്. കുടുംബത്തിലെ അഭ്യുദയകാംക്ഷികൾ ഈ ആഘോഷം മാറ്റിവെക്കാൻ ഉപദേശിച്ചു. അഭിമാനിയായ ഉപ്പാപ്പ അതിന് ഒരുക്കമല്ലായിരുന്നുവെന്ന് മാത്രമല്ല എന്റെ മകൻ കുഞ്ഞമ്മദിനെ യഥാസമയത്ത് മലക്കുകൾ കൊണ്ടുവരുമെന്ന് തന്നെ പറഞ്ഞുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെ ഇത്തരത്തിലുള്ള വാക്കുകൾ കേട്ട് പരിഭ്രാന്തരായ ബന്ധുക്കൾ മൂസ മുസ്‌ലിയാരുടെ സമനില തെറ്റിയതായി ധരിച്ചു. എന്നാൽ നിശ്ചയിച്ച ദിവസം രാവിലെ കുട്ടിയായ എന്റെ പിതാവ് സുബ്ഹി നമസ്കരിക്കാനായി എഴുന്നേൽക്കുകയും 4-5-കിലോമീറ്റർ ദൂരം ആരും കാണാതെ ഓടി, സ്വന്തം പിതാവിന്റെയടുത്ത് എത്തുകയും എല്ലാം മംഗളമായി ഭവിക്കുകയും ചെയ്തു. കുഞ്ഞമ്മതിനെ മലക്കുകളാണ് കൊണ്ടുവന്നതെന്നും അവൻ എന്റെ മാനം രക്ഷിച്ചുവെന്നും ഉപ്പാപ്പ എപ്പോഴും പറയാറുണ്ടായിരുന്നു.

രണ്ട് സഹോദരന്മാരും ഒരു സഹോദരിയുമാണ് എന്റെ പിതാവിന്നുള്ളത്. സഹോദരന്മാരിൽ ഒരാൾ വിഭജനത്തിന്നു മുമ്പ് തന്നെ പാക്കിസ്താനിൽ പോവുകയും അവിടെ സ്ഥിരതാമസമാക്കുകയും അവിടെവെച്ച് തന്നെ മരണപ്പെടുകയും ചെയ്തിരുന്നു. ഒരു സഹോദരി സ്വദേശമായ ജാതിയേരിയിൽ ജീവിച്ചിരിപ്പുണ്ട്. ഉപ്പാന്റെ മൂത്ത അമ്മാവന്റെ മകനും സംസ്ഥാന പബ്ലിക്കേഷൻ സിക്രട്ടറി പ്രൊഫസർ മഹ്മൂദഹമ്മദ് സാഹിബിന്റെ വന്ദ്യപിതാവുമായ മർഹൂം മൗലവി സി. എച്ച്. അബ്ദുൽ ഖാദിർ സാഹിബ് ഒഴികെ മറ്റാരും തന്നെ അഹ്മദികളായിട്ടില്ലെങ്കിലും ഇപ്പോൾ കുടുംബത്തിലെ എല്ലാവരും വിശ്വാസപരമായ ഭിന്നിപ്പ് മറന്നുകൊണ്ട് വളരെ സ്നേഹത്തോടെയും സന്തോഷത്തോടെയും ഞങ്ങളെ സ്വീകരിക്കാറുണ്ട്.

എന്റെ ഉപ്പാന്റെ കുടുംബം പടർന്നു പന്തലിച്ച മുസ്‌ലിയാർ കുടുംബമാണ്. പലരും പള്ളി ഇമാമുമാരും ഖാസിമാരുമാണ്. ഉപ്പാപ്പ ആദ്യം കല്യാണം കഴിച്ചത് തിരൂരിലായിരുന്നു. ആ ബന്ധത്തിൽ ഒരു മകൾ മാത്രമായിരുന്നു ഉണ്ടായിരുന്നത്. ഇപ്പോൾ അവരുടെ ആറു മക്കളും കൊച്ചുമക്കളും ചേർന്നു വലിയ കുടുംബം തിരൂരിലുണ്ട്. അവരിൽ ചിലർ പല പ്രധാന പള്ളികളിലും ഇമാമീങ്ങളും മറ്റു ചിലർ ഭൗതികമായും വളരെ ഉയർന്നവരുമാണ്. ഉപ്പാന്റെ ഒരു മരുമകൻ തഹസിൽദാറായി രണ്ടു മൂന്നു വർഷം മുമ്പാണ് റിട്ടയർ ചെയ്തത്. 6 അമ്മാവൻമാരുടെ മക്കളും അവരുടെ മക്കളും അടങ്ങുന്ന ഒരു വലിയ കുടുംബം ഇപ്പോഴും വടകരയിൽ ജാതിയേരി, എടച്ചേരി, ഓർക്കാട്ടേരി, പ്രദേശങ്ങളിൽ വ്യാപിച്ചു കിടക്കുന്നു. സമയം കിട്ടുമ്പോഴൊക്കെ എന്റെ പിതാവ് ഇവരെയെല്ലാവരെയും സന്ദർശിക്കാറുണ്ടായിരുന്നു. ബന്ധുക്കളോട് എപ്പോഴും സ്നേഹം കാണിക്കുകയും അവരുടെ കാര്യങ്ങൾ അന്വേഷിച്ചറിയുകയും ചെയ്യാറുണ്ടായിരുന്നു. അതു കാരണം കുടുംബത്തിലെ ചെറിയവരും വലിയവരുമായ മുഴുവൻ ആളുകളും തങ്ങളുടെ വലിയ ഇക്കാക്കയെ വളരെയധികം സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്നു. റസൂൽ കരീം (സ) തിരുമേനിയുടെ ഉൽകൃഷ്ട ഗുണങ്ങളിലൊന്നായി ഹസ്റത്ത് ഖദീജ (റ) എടുത്തു പറഞ്ഞതും ബന്ധുക്കളോടുള്ള ഇത്തരം സ്നേഹബന്ധത്തെക്കുറിച്ചായിരുന്നുവല്ലോ. സഹിഷ്ണുതാ മനോഭാവം കാണിക്കുന്ന കുടുംബത്തിലെ പ്രമുഖരായ പലരേയും ഉപ്പ ഇടയ്ക്കിടെ തബ്‌ലീഗ് ഉദ്ദേശ്യാർത്ഥം സന്ദർശിക്കാറുണ്ടായിരുന്നു. ഉപ്പാക്ക് ലഭിച്ച ഈ സത്യം ഉപ്പ കുടുംബങ്ങളിലെല്ലാം എത്തിച്ചുകൊണ്ട് തന്റെ ഭാഗത്ത് നിന്ന് ഉപ്പ ഹുജ്ജുത്ത് പൂർത്തിയാക്കിയതായിട്ടാണ് ഞാൻ മനസ്സിലാക്കുന്നത്.

കുടുംബക്കാരെയും ബന്ധക്കാരെയും സന്ദർശിക്കുകയും അവരുടെ കാര്യങ്ങൾ അന്വേഷിക്കുകയും ചെയ്യാറുള്ളതുപോലെ ഞങ്ങളോട് അത്തരത്തിൽ പെരുമാറാൻ ഉപദേശിക്കാറുമുണ്ടായിരുന്നു. വളരെ ചെറിയ പ്രായത്തിൽ തന്നെ ഉപ്പ എന്നെ തന്റെ ബന്ധുക്കളുമായി ബന്ധപ്പെടുത്തിയിരുന്നു.

സുന്നി പണ്ഡിതനായ എന്റെ ഉപ്പാപ്പ സ്വന്തം മകൻ അഹ്മദിയ്യത്ത് സ്വീകരിച്ചതിൽ ദുഃഖവും അമർഷവും ആദ്യം പ്രകടിപ്പിക്കാറുണ്ടായിരുന്നെങ്കിലും അവസാനമായപ്പോഴേക്ക് അതിന്റെ കാഠിന്യം കുറഞ്ഞു. പ്രിയപ്പെട്ട തന്റെ മകനുമായി ആദ്യമാദ്യം ജമാഅത്തിയായ കാര്യങ്ങളിൽ വാഗ്വാദം നടത്താറുണ്ടായിരുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ വിശ്വാസാദർശങ്ങൾക്ക് ഉപോൽബലകമായി ഉപ്പ നൽകിയിരുന്ന പ്രമാണങ്ങൾ പണ്ഡിതൻകൂടിയായ ഉപ്പാപ്പയ്ക്ക് അന്ന് ഗ്രഹിക്കാനും അത് ഉൾക്കൊള്ളാനും സാധിച്ചിരുന്നതിനാൽ അദ്ദേഹം പല കാര്യങ്ങളും സമ്മതിക്കുന്ന രീതിയിലായിത്തീർന്നു. ഈസാ നബി (അ) മരിച്ചുപോയിയെന്ന് വിശ്വസിക്കുന്നത് അത്ര അബദ്ധമല്ലെങ്കിലും മുഹമ്മദ് മുസ്തഫ (സ) തിരുമേനിക്ക് ശേഷം നബി വരിക എന്ന കാര്യം ഒരു

ബിന്റെ പിതാവാണ്. അന്ന് വീട്ടിൽ നിന്ന് ഉപ്പാപ്പയും ഉമ്മാമയുമായി സംസാരിച്ചു വീട്ടിൽ നിന്നിറങ്ങി, വടകര എം.പി. മൊയ്തീൻ സാഹിബിന്റെ വീട്ടിൽ അഭയം തേടി. നാലഞ്ചുമാസം അവിടെ താമസിക്കുകയും അതിനു ശേഷം കൽക്കത്തയ്ക്ക് പോകുകയും ചെയ്തു. കൽക്കത്തയിൽ 25 രൂപ മാസ ശമ്പളപ്രകാരം സെയിൽസ്മാനായി ജോലി ചെയ്തു. 25 രൂപ ശമ്പളം ഉള്ളപ്പോഴും 10 രൂപ ഉപ്പാപ്പയ്ക്ക് അയച്ചുകൊടുക്കാറുണ്ടായിരുന്നു. അഹ്മദിയാണെന്നറിഞ്ഞപ്പോൾ ഉപ്പയെ കൽക്കത്തയിലെ ജോലിയിൽനിന്ന് പുറത്താക്കി. അതിന്നുശേഷം മൗലാനാ ബി. അബ്ദുല്ലസാഹിബിന്റെ നിർദ്ദേശപ്രകാരം തമിഴ്നാട്ടിലെ സാത്താങ്കുളം ജമാഅത്തിൽ ജമാഅത്ത് പ്രവർത്തനങ്ങൾക്കായി പോയി. അവിടെ നിന്ന് തമിഴ് ഭാഷ പഠിക്കുകയും അതിൽ പ്രാവീണ്യം നേടുകയും ചെയ്തു. ഖലീഫത്തുൽ മസീഹിന്റെ ഖുത്ബകൾ തമിഴിൽ പരിഭാഷപ്പെടുത്തി ഖുത്ബ നിർവഹിക്കാറുണ്ടായിരുന്നു. അവിടെ ഒന്നര വർഷം താമസിച്ചതിന്നുശേഷം ഖലീഫത്തുൽ മസീഹ് സാനി (റ)യുടെ അനുവാദത്തോടെ 1946 ഡിസംബർ 24ാം തിയ്യതി ഖാദിയാനിൽ എത്തി. അതിന്നുശേഷം ജമാഅത്തിലെ പ്രഗൽഭ പണ്ഡിതനും ജാമിയ അഹ്മദിയ്യയുടെ പ്രിൻസിപ്പാളുമായിരുന്ന മർഹൂം മൗലാനാ അബുൽ അത്താസാഹിബ് ജാലന്തരി ഉപ്പാനെ ഇന്റർവ്യൂ ചെയ്യുകയും (ഇന്റർവ്യൂ അറബിയിലായിരുന്നു) അറബിയിലും മതപരമായ മറ്റു വിഷയങ്ങളിലുമുള്ള അഗാധപാണ്ഡിത്യം മനസ്സിലാക്കിയപ്പോൾ ജമാഅത്ത് സംബന്ധമായ അറിവിന്റെ വർദ്ധനവിന്നായി 6 മാസത്തെ പ്രത്യേക കോഴ്സ് നിശ്ചയിക്കുകയും മൗലാനാ ഇബ്റാഹിം സാഹിബ്, മൗലാനാ ഹഫീസ് സാഹിബ്, മൗലാനാ ഖാസി മുഹമ്മദ് നദീർ സാഹിബ് ലായിൻ പുരി എന്നീ ഉസ്താദുമാരുടെ മേൽനോട്ടത്തിൽ കോഴ്സ് പൂർത്തിയാക്കുകയും ചെയ്തു. ആ സമയത്ത് വിഭജനകാലത്തെ ലഹള പൊട്ടിപ്പുറപ്പെട്ടിരുന്നു.

*(ശേഷം പേജ് 31)*

കയും ചെയ്തു. ആ ഗ്രന്ഥങ്ങളൊക്കെ വായിച്ചപ്പോൾ ജമാഅത്ത് സത്യമാണെന്നും ബൈഅത്ത് ചെയ്യണമെന്നും തീരുമാനിച്ചു. ഇതിന്നായി മർഹൂം മൗലാനാ ബി. അബ്ദുല്ലാഹ് സാഹിബിന്റെയടുത്ത് പോയപ്പോൾ, ഇപ്പോൾ ബൈഅത്ത് ചെയ്യേണ്ട, കുറച്ചുകഴിഞ്ഞ് ചെയ്താൽ മതിയെന്ന് മൗലവി സാഹിബ് ഉപദേശിച്ചു. എന്നാൽ ജമാഅത്തിൽ ബൈഅത്ത് ചെയ്തുവെന്ന് പറഞ്ഞുകൊണ്ട് മദ്റസ്സ ജോലിയിൽ നിന്ന് ഉപ്പയെ പുറത്താക്കുകയും മുഹമ്മദ് അബുൽ വഫാ ഖാദിയാനിയായിയെന്ന് പ്രചരിപ്പിക്കുകയും ചെയ്തു.

നാദാപുരം, പുളിക്കൽ പള്ളിയിൽ വെച്ച് അക്കാലത്ത് പേരുകേട്ട സുന്നി പണ്ഡിതന്മാരായ തോട്ടത്തിൽ കുഞ്ഞബ്ദുല്ല മുസ്ലിയാർ, മേപിലാച്ചേരി മൊയ്തീൻ മുസ്ലിയാർ എന്റെ ഉപ്പാപ്പ മൂസ മുസ്ലിയാർ അടക്കമുള്ള ഒരു കൂട്ടം സുന്നി പണ്ഡിതന്മാരും സാധാരണ ജനങ്ങളുമടങ്ങിയ വലിയൊരു ജനക്കൂട്ടത്തിന്റെ സാന്നിദ്ധ്യത്തിൽ ഈസാനബിയുടെ മരണം, വാഗ്ദത്ത മസീഹിന്റെ ആഗമനം നബി (സ)യ്ക്കു ശേഷമുള്ള പ്രവാചകത്വം, ഹസ്റത്ത് അഹ്മദി (അ)ന്റെ സത്യസാക്ഷ്യം എന്നീ വിഷയങ്ങളെകുറിച്ച് വാദപ്രതിവാദം നടക്കുകയുണ്ടായി. ഈ സംവാദം ഏകദേശം നാലു മണിക്കൂറോളം നീണ്ടുനിന്നു. ചോദ്യങ്ങൾക്കെല്ലാം ഉപ്പ ഖുർആനിൽ നിന്നും ഹദീസുകളിൽ നിന്നുമുള്ള രേഖകളും പ്രമാണങ്ങളും നിരത്തിക്കൊണ്ട് ഉത്തരം നൽകിയെങ്കിലും സംവാദം കഴിഞ്ഞ് പള്ളിയിൽനിന്ന് പോകുമ്പോൾ ഭൂരിപക്ഷം മുസ്ലിയാക്കന്മാരും കൂട്ടരും തെറിവിളിക്കുകയും കൈയ്യേറ്റം ചെയ്യുകയും മർദ്ദിക്കുകയും ചെയ്തു. ആ സമയത്ത് ഉപ്പാന്റെ സ്നേഹിതനും ജമാഅത്തിന്റെ അനുഭാവിയുമായിരുന്ന ചോത്തന്റവിട മായിൻകുട്ടിയും അദ്ദേഹത്തിന്റെ ചില സുഹൃത്തുക്കളും ഉപ്പാനെ രക്ഷപ്പെടുത്തി ചില കുറുക്കുവഴികളിലൂടെ വീട്ടിൽ എത്തിച്ചു. ചോത്തന്റെവിട മായിൻകുട്ടി ജമാഅത്തംഗവും മിലിട്ടറി ഡോക്ടറുമായ, ഡോക്ടർ അബ്ദുനാസർ സാഹി

പ്രകാരത്തിലും ക്ഷന്തവ്യമല്ലയെന്ന നിലപാടിൽ അദ്ദേഹം എത്തി. ഞങ്ങളോട് വല്ലപ്പോഴും, ഉപ്പാപ്പ കുറച്ചുകൂടി ജീവിച്ചിരുന്നെങ്കിൽ അഹ്മദിയ്യത്ത് സ്വീകരിക്കുമായിരുന്നുവെന്ന് ഉപ്പ പറയാറുണ്ടായിരുന്നു.

1942-ൽ തലശ്ശേരിയിൽ മദ്റസ്സ അധ്യാപകനായി ജോലിചെയ്യുന്ന സമയത്ത് മർഹൂം മേലേക്കണ്ടി കുഞ്ഞാമു സാഹിബിന്റെ പിതാവും ജമാഅത്തിന്റെ അനുഭാവിയുമായിരുന്ന തങ്ങളുകത്ത് അബ്ദുർറഹ്മാൻ സാഹിബിനെ പരിചയപ്പെടാൻ ഇടയായി. അദ്ദേഹം ഒരു ഖാദിയാനിയാണെന്നും അദ്ദേഹത്തിന്റെ വലയിൽപ്പെട്ടുപോകരുതെന്നും ചിലർ ഉപ്പയെ ഉപദേശിച്ചു. ഖുർആനും സുന്നത്തും പഠിച്ച ഒരു നല്ല വ്യക്തിയെപ്പറ്റി ഖാദിയാനിയെന്ന് പറഞ്ഞത് ഉപ്പാക്ക് തീരെ സ്വീകാര്യമായിരുന്നില്ല. ആയിടക്ക് കെ. എം. മൗലവി സാഹിബും മൗലവി ഉബൈദുല്ലാസാഹിബും അച്ചടിച്ച് പസിദ്ധപ്പെടുത്തിയ "ഖാദിയാനി വാദഖണ്ഡനം" എന്ന പുസ്തകം തലശ്ശേരി സെയ്താർ പള്ളിയിൽ വെച്ച് വിതരണം ചെയ്യുന്നതായി കണ്ടപ്പോൾ അതിന്റെ 4 കോപ്പികൾ വിലകൊടുത്തു വാങ്ങുകയും അതിൽ ഒന്ന് മേൽപറഞ്ഞ അബ്ദുർറഹ്മാൻ സാഹിബിന് കൊടുക്കുകയും ചെയ്തു. പ്രസ്തുത ഖാദിയാനിവാദഖണ്ഡനം എന്ന പുസ്തകം ഉപ്പയുടെ ജമാഅത്തിനെക്കുറിച്ചുള്ള പല മുൻധാരണകൾക്കും ഇളക്കംതട്ടിച്ചു. മാത്രവുമല്ല, ആക്ഷേപങ്ങളിൽ പലതും സത്യവിരുദ്ധമാണെന്ന് തോന്നിത്തുടങ്ങുകയും അഹ്മദിയ്യത്തിനെകുറിച്ച് കൂടുതൽ പഠിക്കാൻ ശ്രമിക്കുകയും ചെയ്തു. അബ്ദുർറഹ്മാൻ സാഹിബ് തന്നെ മലയാളത്തിലുള്ള ജമാഅത്തിന്റെ പല പുസ്തകങ്ങളും ഉപ്പയ്ക്ക് എത്തിച്ചുകൊടുത്തിരുന്നു. പിന്നീട് എന്റെ ഉപ്പാപ്പ (ഉമ്മാന്റെ ഉപ്പ) മർഹൂം മൗലാനാ ബി. അബ്ദുല്ലാഹ് സാബിബിനെ പരിചയപ്പെടുകയും അദ്ദേഹം ജമാഅത്തിനെകുറിച്ച് കൂടുതൽ മനസ്സിലാക്കിക്കൊടുക്കുകയും ഹസ്റത്ത് മസീഹ് മൗഊദി (അ)ന്റെ അറബി ഗ്രന്ഥങ്ങൾ ഖാദിയാനിൽ നിന്ന് വരുത്തികൊടുക്കു

# വ്രതാനുഷ്ഠാനം മതങ്ങളിൽ

ഡോ. ആബിദ് അഹ്മദ്

**എല്ലാ മതങ്ങളിലുമുള്ള വ്രതാനുഷ്ഠാനങ്ങൾ മനുഷ്യനും ദൈവവുമായുള്ള ബന്ധം അരക്കിട്ടുറപ്പിക്കുന്നതാണ്. വ്രതം മനുഷ്യന് ആത്മീയമായി മാത്രമല്ല ആരോഗ്യപരമായും ഗുണങ്ങൾ നൽകുന്നു**

ഭക്ഷണ പാനീയങ്ങൾ പൂർണമായോ ഭാഗികമായോ വർജ്ജിച്ചുകൊണ്ട് ഒരു നിശ്ചിത കാലയളവിൽ ആചരിക്കുന്ന ഒരു അനുഷ്ഠാനമാണ് വ്രതം അഥവാ ഉപവാസം. ലോകത്തിലുള്ള എല്ലാ പുരാതന മതങ്ങളിലും പണ്ട് മുതൽക്കേയുള്ള ഒരു സമ്പ്രദായമാണ് വ്രതാനുഷ്ഠാനം.

ആധുനിക ശാസ്ത്ര ഗവേഷണങ്ങൾ മനുഷ്യന്റെ ആരോഗ്യത്തിന് വ്രതാനുഷ്ഠാനം ശുപാർശ ചെയ്യുന്നു. സൂക്ഷ്മതയോടെ വ്രതം അനുഷ്ഠിക്കുകയാണെങ്കിൽ ഒരാളുടെ ധാരണാശക്തിയും സംവേദനക്ഷമതയും വർദ്ധിപ്പിക്കാൻ സാധിക്കുന്നതാണ്. മനുഷ്യൻ അവന്റെ തിന്മയിൽനിന്നും പാപത്തിൽനിന്നും ശുദ്ധീകരണം ആഗ്രഹിച്ചും അതിൽനിന്നുള്ള മോചനത്തിനു വേണ്ടിയുമാണ് പരമ്പരാഗതമായി വ്രതം അനുഷ്ഠിച്ചുവരുന്നത്. മിക്ക മതങ്ങളും നിശ്ചിത ദിവസങ്ങളോ ഒരു പ്രത്യേക കാലമോ വ്രതാനുഷ്ഠാനത്തിന് വേണ്ടി നിർണയിച്ചിട്ടുണ്ട്. വ്രതാനുഷ്ഠാനത്തോടൊപ്പമുള്ള പ്രാർത്ഥനയും എല്ലാ മതങ്ങളിലും കാണാം.

ആദ്ധ്യാത്മികമായും ധാർമ്മികമായും ശാരീരികമായും പുരോഗതിക്കും പുഷ്ടിപ്പിന്നും വ്രതം ഏറ്റവും അനുയോജ്യവും ഫലപ്രദവുമായ ഒരു ഉപാധിയാണ്. വ്രതം ഏതെങ്കിലും രൂപത്തിൽ എല്ലാ ലോകമതങ്ങളിലും കാണാം. പക്ഷേ, മറ്റു മതങ്ങളൊന്നുംതന്നെ വ്രതത്തിന് ഇസ്‌ലാം നൽകുന്നത്ര പ്രാധാന്യം നൽകിയിട്ടില്ല. ഇസ്‌ലാമിന് മുമ്പ് തന്നെ വ്രതാനുഷ്ഠാനം മനുഷ്യസമൂഹത്തിന് നിർദ്ദേശിക്കപ്പെട്ടിട്ടുണ്ടായിരുന്നുവെന്ന് വിശുദ്ധ ഖുർആൻ പറയുന്നു.

"വിശ്വാസികളേ, നിങ്ങൾക്ക് മുമ്പുള്ളവർക്ക് നിർബന്ധമാക്കപ്പെട്ടിരുന്നതുപോലെ നിങ്ങൾക്കും വ്രതാനുഷ്ഠാനം നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ദോഷബാധയെ സൂക്ഷിക്കുന്നതിനു വേണ്ടി'' (2:184)

## വ്രതം ക്രിസ്തുമതത്തിൽ

ക്രിസ്തുമതത്തിൽ വ്രതത്തെ സംബന്ധിച്ച വിഷയം ചർച്ച ചെയ്യാൻ ബുദ്ധിമുട്ടാണ്. കാരണം, ക്രിസ്തുമതത്തിൽ വ്രതാനുഷ്ഠാനത്തെപ്പറ്റി വളരെ ചുരുങ്ങിയ പരാമർശമേ ഉള്ളൂ. ഇതുകൂടാതെ യേശു വ്രതാനുഷ്ഠാനം നിർദ്ദേശിച്ചിട്ടുണ്ടോ എന്നതിനെപ്പറ്റി പണ്ഡിതന്മാർക്കിടയിൽ അഭിപ്രായ വ്യത്യാസമുണ്ട്. വ്രതാനുഷ്ഠാനം ക്രിസ്തുമതത്തിൽ സാമൂഹികവും ആത്മീയവും സാമ്പത്തികവുമായ കാരണങ്ങളാൽ കാലാകാലങ്ങളിൽ മാറ്റത്തിന് വിധേയമായിട്ടുണ്ട്.

ക്രിസ്തുമതത്തിലെ നാൽപതു ദിവസത്തെ നൊയമ്പ് (Lent) ഈസ്റ്ററിനോടനുബന്ധിച്ച് ക്രിസ്ത്യാനികൾ ആചരിക്കാറുണ്ട്. 40 ദിവസത്തെ ഉപവാസത്തിന്റെ ചരിത്രപരമായ പ്രാധാന്യം മോസസും ഏലിയാവും നാൽപ്പത് ദിവസത്തെ ഉപവാസത്തിലൂടെ ആത്മാവിനെ ശുദ്ധീകരിച്ചാണ് ദൈവത്തെ സമീപിച്ചതെന്ന് ബൈ ബിൾ പറയുന്നു എന്നുള്ളതാണ്. (പുറ: 24:18)

യേശു നാൽപ്പത് ദിവസം ഉപവസിച്ചതിന് (മത്താ: 4:2) ശേഷമാണ്. അദ്ദേഹത്തിന്റെ പ്രേഷിത പ്രവർത്തനങ്ങൾ ആരംഭിച്ചത്. ജൂതമതത്തിന്റെ വളരെ പ്രബലമായി നിലനിന്നിരുന്ന പാപപരിഹാരദിവസത്തെ വ്രതാനുഷ്ഠാനം യേശു അനുഷ്ഠിച്ചതായി കാണാം. ക്രിസ്ത്യാനികൾ വസിക്കുന്ന രാജ്യങ്ങളിൽ വ്രതാനുഷ്ഠാനങ്ങൾ വളരെ വ്യത്യാസങ്ങളോടെയാണ് ആചരിക്കുന്നത്. ചിലർ മാംസാഹാരം വർജ്ജിക്കുന്നു. ചിലർ പഴം, മുട്ട, മത്സ്യം, മറ്റു സ്വാദിഷ്ട വിഭവങ്ങൾ എന്നിവ കഴിക്കാതിരിക്കുന്നു. ചിലർ വെളുത്ത റൊട്ടി കഴിച്ച് ഉപവസിക്കുന്നു. ചിലർ ദ്രവരൂപത്തിലുള്ള ആഹാരം മാത്രം കഴിച്ച് മറ്റുള്ള ആഹാരവസ്തുക്കളിൽ നിന്നെല്ലാം അകന്നുനിൽക്കുന്നു.

ക്രിസ്തുമതത്തിൽ വ്രതാനുഷ്ഠാനം ആത്മപീഡനവും പശ്ചാത്താപവുമായി ബന്ധപ്പെട്ടുനിൽക്കുന്നു. (രാജാക്കന്മാർ 21:27, സങ്കീർത്തനങ്ങൾ 35:13) ബൈബിൾ പുതിയ നിയമത്തിൽ പ്രാർത്ഥനയുമായി (മത്താ 17:21) പ്രത്യേകിച്ച് ദൈവാന്വേഷണവുമായി ഉപവാസത്തെ അഭേദ്യമായി ബന്ധിച്ചിരിക്കുന്നു. പിശാചിന്റെ പ്രലോഭനത്തിന്റെ ദിനങ്ങളിൽ വ്രതം അനുഷ്ഠിക്കുന്നത് (മത്താ: 4:1) ആത്മീയമായി ഒരുവനെ കൂടുതൽ ശക്തനാക്കുന്നുവെന്ന് ക്രിസ്ത്യാനികൾ വിശ്വസിക്കുന്നു.

ഉപവാസവേളയിലെ തിന്മകളെപ്പറ്റിയും ബൈബിൾ നമ്മെ ഉണർത്തുന്നു. ഉപവാസനാളിൽ ദേഹച്ഛക്കനുസരിച്ച് പ്രവർത്തിക്കുന്നവരെ ബൈബിൾ ശാസിക്കുന്നു(യെശയ്യാ 58:4). ഉപവാസം എന്നത് യഥാർത്ഥത്തിലുള്ള പശ്ചാത്താപത്തിനു പകരമാണെന്നും (യെശയ്യാ 58:8) ഉപവാസം വെറും ഒരാചാരമായിട്ടാണ് ചിലർ അനുഷ്ഠിക്കുന്നതെന്നും (സെഖര്യാ 7:5) ബൈബിളിൽ കാണാം. കപടഭക്തന്മാരെപ്പോലെ അന്യരെ കാണിക്കാൻവേണ്ടി ചിലർ വ്രതം അനുഷ്ഠിക്കുന്നുവെന്നും ബൈ ബിൾ പുതിയ നിയമം (മത്താ: 6:16 -18) പറയുന്നു.

## വ്രതം ജൂതമതത്തിൽ

യോംകിപ്പൂർ (Yom kippur- പാപപരി ഹാരദിനം) ജൂത

**തോറയിൽ 'യോംകിപ്പൂർ' മാത്രമാണ് നോമ്പ് ദിനം. അത് പൂർണ്ണമായും 24 മണിക്കൂർ ഉപവാസമാണ്. യോംകിപ്പൂർ ദിനത്തിന്റെ തലേന്ന് സൂര്യൻ അസ്തമിക്കുന്നതിന് മുമ്പുതന്നെ വ്രതം ആരംഭിക്കുന്നു. പ്രസ്തുത ദിവസം അസ്തമയം കഴിഞ്ഞ് ഇരുട്ടു പരന്നതിന് ശേഷം വ്രതം അവസാനിക്കുകയും ചെയ്യുന്നു**

വർഷത്തിലെ ഏറ്റവും പരിശുദ്ധമായ ദിനമാണ്. യോംകിപ്പൂർ ആത്മസംസ്ക്കരണത്തിന്റെ ദിനമാണ് (ലേവിയർ 23-27). അതുകൊണ്ട് ആ ദിനത്തിൽ ജൂതന്മാർ തങ്ങളുടെ പാപത്തിൽനിന്നു പരിശുദ്ധി തേടുന്നു. റോഷ്ഹശാനക്ക് ശേഷം എട്ടുദിവസം കഴിഞ്ഞാണ് യോംകിപ്പൂർ ദിനം ആചരിക്കപ്പെടുന്നത്. റോഷ് ഹശാന ദിനത്തിൽ എല്ലാ ജൂതന്മാരുടെയും നാമം ഒരു പുസ്തകത്തിൽ എഴുതുന്നു. അതിനുശേഷം യോംകിപ്പൂർ ദിനത്തിന്റെ വിധി കഴിഞ്ഞ് അത് സീൽ ചെയ്യപ്പെടുന്നു എന്നാണ് വിശ്വാസം. വിധിയെഴുത്ത് മാറ്റാനുള്ള യഹൂദരുടെ അന്ത്യദിനമാണ് യോംകിപ്പൂർ.

തോറയിൽ യോംകിപ്പൂർ മാത്രമാണ് നോമ്പ് ദിനം. അത് പൂർണമായും 24 മണിക്കൂർ ഉപവാസമാണ്. യോം കിപ്പൂർ ദിനത്തിന്റെ തലേന്ന് സൂര്യൻ അസ്തമിക്കുന്നതിന് മുമ്പുതന്നെ വ്രതം ആരംഭിക്കുന്നു. പ്രസ്തുത ദിവസം അസ്തമയം കഴിഞ്ഞ് ഇരുട്ടു പരന്നതിന് ശേഷം വ്രതം അവസാനിക്കുകയും ചെയ്യുന്നു. യഹൂദന്മാർ ആഹാര പാനീയങ്ങളെല്ലാം അന്നേദിവസം ഉപേക്ഷിക്കുന്നു. കഴിഞ്ഞുപോയ ഒരു വർഷത്തെ പാപങ്ങളെല്ലാം കഴുകി ആത്മാവിനെ ശുദ്ധമാക്കുന്ന ദിവസമാണ് അത്.

യോംകിപ്പൂർ ദിനം ആത്മീയ പരിഷ്ക്കരണത്തിന് വേണ്ടിയുള്ളതാണ്. പ്രവൃത്തി, ആനന്ദാനുഭൂതി എന്നിവയിൽ നിന്നെല്ലാം അന്നേദിവസം വിരക്തനായി നിൽക്കുന്നു. അഞ്ച് ശാരീരിക പ്രവൃത്തികൾ യോംകിപ്പൂർ ദിനത്തിൽ നിരോധിക്കപ്പെട്ടിരിക്കുന്നു. ഭക്ഷണം, ഭാര്യയുമായുള്ള ശാരീരികബന്ധം, വസ്ത്രം കഴുകൽ, തുകൽ ചെരിപ്പ് ധരിക്കൽ, സുഗന്ധവസ്തുക്കൾ എന്നിവയാണവ.

തൽമൂദ് പ്രകാരം യോംകിപ്പൂറിന്ന് മുമ്പ് ഭക്ഷണം കഴിക്കുക എന്നത് അന്നേദിവസം വ്രതം അനുഷ്ഠിക്കുക എന്നതിന് തുല്യമാണ്. വ്രതാനുഷ്ഠാനത്തിന് ശേഷമുള്ള ആഘോഷപൂർവ്വം കഴിക്കുന്ന സദ്യക്ക് 'സിയുദാ മഫ്സീകെത്ത്'(അവസാന ഭക്ഷണം) എന്നാണ് പറയുക. ഈ ഭക്ഷണത്തിൽ മാംസം ഉപയോഗിക്കില്ല. പക്ഷേ, കോഴി ഇറച്ചി ആകാം. കോഴിയുടെ സൂപ്പ് പാരമ്പര്യമായി അവർ തയ്യാറാക്കാറുണ്ട്. ആ സൂപ്പിൽ അൽപ്പം ഉപ്പ് ഇട്ട് അത് പാകപ്പെടുത്തൽ പ്രധാനമാണ്. മിക്ക ജൂതന്മാരും വ്രതം അവസാനിപ്പിക്കുന്നത് പാലോ, വെണ്ണയോ, മോരോ കഴിച്ചാണ്. കുടുംബാംഗങ്ങളും സുഹൃത്തുക്കളും ഏതെങ്കിലും ഒരു വീട്ടിൽ ഒത്തുചേർന്നാണ് വ്രതം അവസാനിപ്പിക്കുന്ന സദ്യ കഴിക്കാറ്.

## വ്രതം ഹിന്ദുമതത്തിലും ബുദ്ധമതത്തിലും

ബുദ്ധമതവും ജൈനമതവും ഏകദേശം ബി സി 5000 മാണ്ടിൽ ഇന്ത്യയിൽ ആരംഭിച്ചതാണ്. ഹിന്ദുമതത്തിൽ നിന്നുള്ള ശാഖകളായാണ് ഈ രണ്ടു മതങ്ങളും കണക്കാക്കപ്പെടുന്നത്. അതുകൊണ്ട് ഈ മൂന്നു മതങ്ങളിലേയും വ്രതാനുഷ്ഠാനം വളരെ സാമ്യമുള്ളതാണ്.

ആത്മീയമായ ഗുണത്തിന് വേണ്ടി ശരീരത്തിന്റെ ആവശ്യങ്ങളെ വർജ്ജിക്കുക എന്നതാണ് ഹിന്ദുമതത്തിലെ വ്രതംകൊണ്ടും ഉദ്ദേശിക്കപ്പെടുന്നത്. വേദങ്ങൾ പ്രകാരം വ്രതം അനുഷ്ഠിക്കുന്നത് മൂലം ദൈവത്തിൽനിന്നു പാപമുക്തി ലഭിക്കുകയും ശരീരവും ആത്മാവും തമ്മിൽ രമ്യമായ ഒരു ബന്ധം നിലവിൽ വരുകയും ചെയ്യുന്നു. മനുഷ്യന്റെ ക്ഷേമത്തിനും അവന്റെ ആത്മീയവും ശാരീരികവുമായ പുരോഗതിക്കും പോഷണത്തിനും വേണ്ടിയാണ് വ്രതാനുഷ്ഠാനം എന്നത് വളരെ പ്രധാനപ്പെട്ടതാണ്. ദൈനംദിന ജീവിതത്തിൽ ഒരാൾക്ക് ആത്മീയജീവിതം നയിക്കുക എന്നത് പ്രയാസകരമാണെന്ന് ഹിന്ദുക്കൾ കരുതുന്നു. ലൗകികമായ വ്യവഹാരങ്ങൾ മൂലം മനസ്സിനെ ആത്മീയ കാര്യങ്ങളിൽ കേന്ദ്രീകരിക്കാൻ സാധ്യമല്ല. അതുകൊണ്ട് ഭക്തന്മാർ വ്രതമനുഷ്ഠിച്ച് ആത്മീയ വിരക്തരായിക്കൊണ്ട് മനസ്സിനെ ആത്മീയ കാര്യങ്ങളിൽ കേന്ദ്രീകരിപ്പിക്കണമെന്ന് ഹിന്ദുമതം പറയുന്നു. വ്രതം എന്നത് വെറുമൊരു ആരാധനയല്ല; അതൊരു ആത്മനിയന്ത്രണോപാധി കൂടിയാണ്. അത് മനസ്സിനേയും ശരീരത്തേയും ദൃഢീകരിക്കാനും എല്ലാ പ്രയാസങ്ങളെയും അഭിമുഖീകരിക്കാനുള്ള ഒരു പരിശീലനം കൂടിയാണ്. ഹിന്ദുതത്ത്വശാസ്ത്രപ്രകാരം ആഹാരം മനുഷ്യന്റെ പഞ്ചേന്ദ്രിയങ്ങളെ തൃപ്തിപ്പെടുത്താനുള്ളതാണ്. അതിനെ പട്ടിണിക്കിടുമ്പോൾ അത് ആത്മീയതയിലേക്ക് തിരിയുന്നു. വയറ് നിറയുമ്പോൾ മനുഷ്യന്റെ ബുദ്ധി ഉറങ്ങുന്നു. ജ്ഞാനം മന്ദീഭവിക്കുകയും ശരീരം സൽക്കർമ്മങ്ങൾ ചെയ്യുന്നതിൽ നിന്ന് ഒഴിഞ്ഞു നിൽക്കുകയും ചെയ്യുന്നു.

ഹിന്ദുക്കളുടെ വ്രതം മാസത്തിലെ ചില ദിവസങ്ങളിലാണ്. ഉദാഹരണത്തിന്, പൗർണ്ണമി ദിവസവും ഏകാദശി (വാവു കഴിഞ്ഞ് പതിനൊന്നാം ദിവസം) ദിവസവും. ചില ദിവസങ്ങളിലും ആഴ്ചകളിലും വ്രതം അനുഷ്ഠിക്കാറുണ്ട്. ഇത് ഓരോ വ്യക്തിയുടേയും ഇഷ്ടമനുസരിച്ചും അവർ സ്വീകരിച്ച ദൈവത്തിന്റെ ഹിതമനുസരിച്ചുമാണ്. ശനിയാഴ്ച ദിവസം ചിലയാളുകൾ ആ ദിവസത്തിന്റെ അധിപതിയായ ദേവനെ തൃപ്തിപ്പെടുത്താൻ വ്രതമനുഷ്ഠിക്കുന്നു. ചിലർ ഹനുമാന്റെ ദിവസമായ ചൊവ്വാഴ്ച വ്രതമെടുക്കുന്നു. ചിലർ വെള്ളിയാഴ്ച ദിവസം ആ ദിവസത്തിന്റെ ദേവിയെ തൃപ്തിപ്പെടുത്താൻ ചെറുനാരകം മാത്രം ഉപേക്ഷിച്ചുകൊണ്ട് വ്രതമെടുക്കുന്നു. മതാഘോഷദിനങ്ങളിൽ വ്രതമെടുക്കുന്നത്

സാധാരണയാണ്. ഇന്ത്യ മുഴുവനുമുള്ള ഹിന്ദുക്കൾ ശിവരാത്രിയിലും കർവ്വചൗത്തി ദിനത്തിലും വ്രതമനുഷ്ഠിക്കുന്നു. ഒൻപത് ദിവസം വ്രതമനുഷ്ഠിക്കുന്ന ആചാരമാണ് നവരാത്രി ആഘോഷങ്ങൾ. ബംഗാളിലെ ജനങ്ങൾ ദുർഗ്ഗാ പൂജാ വേളയിൽ അഷ്ടമി രോഹിണി ദിനത്തിൽ എട്ട് ദിവസം വ്രതമനുഷ്ഠിക്കാറുണ്ട്.

ഹിന്ദുക്കൾക്ക് വ്രതദിനത്തിൽ ചില പ്രത്യേക വസ്തുക്കൾ മതപരമായ കാരണത്താലോ ആരോഗ്യപരമായ കാരണത്താലോ ഉപേക്ഷിക്കുന്നു. ചിലയാളുകൾ ചില ദിവസങ്ങളിൽ ഉപ്പ് കഴിക്കാറില്ല. ഉപ്പ് കൂടിയാൽ രക്തസമ്മർദ്ദം വർദ്ധിക്കുമെന്ന് സാമാന്യ വിവരമുള്ളവർക്കറിയാം. ചില വ്രതാനുഷ്ഠാനങ്ങളിൽ ധാന്യാഹാരങ്ങൾ വർജ്ജിക്കുകയും പഴവർഗ്ഗങ്ങൾ മാത്രം കഴിക്കുകയും ചെയ്യുന്നു.

ഹിന്ദുമതത്തിലെ വ്രതങ്ങളുടെ അന്തർധാരയായി വർത്തിക്കുന്ന തത്ത്വങ്ങൾ ആയുർവേദത്തിലും കാണുന്നു. ഈ പ്രാചീന വൈദ്യ സമ്പ്രദായ പ്രകാരം ശരീരത്തിൽ അധികമാവുന്ന മേദസ്സ് ആന്തരാവയവങ്ങളിൽ അടിഞ്ഞുകൂടുന്നു. ഇതിനെ ദിനേന ശുചീകരിക്കുമ്പോൾ നമ്മുടെ ആരോഗ്യം നിലനിർത്താൻ കഴിയുന്നു. നാം വ്രതം അനുഷ്ഠിക്കുമ്പോൾ നമ്മുടെ ദഹനേന്ദ്രിയങ്ങൾക്ക് വിശ്രമം ലഭിക്കുകയും ശാരീരിക പ്രവർത്തനങ്ങൾ ശുദ്ധീകരിക്കപ്പെടുകയും ചെയ്യുന്നു. സമ്പൂർണ്ണ ഉപവാസം ആരോഗ്യത്തിന് ഏറ്റവും ഉത്തമമാണ്. ആയുർവേദ തത്ത്വപ്രകാരം മനുഷ്യശരീരം ഭൂമിയേപ്പോലെ 80 ശതമാനം ജലവും 20 ശതമാനം ഖരവസ്തുക്കളുമാണ്. ചന്ദ്രന്റെ ആകർഷണം നമ്മുടെ ശരീരത്തിലെ ജലത്തേയും ബാധിക്കുന്നു. അത് മനുഷ്യനിൽ വൈകാരിക വിക്ഷോഭങ്ങളും അസന്തുലിതത്വവുമുണ്ടാക്കുന്നു. ചിലയാളുകളിൽ അത് മാനസിക സംഘർഷം, അസ്വസ്ഥത, പ്രക്ഷുബ്ധത മുതലായവ സൃഷ്ടിക്കുന്നു. വ്രതം അതിന്നൊരു പ്രതിമരുന്നാണ്. അത് ശരീരത്തിലെ അമ്ലാംശങ്ങൾ കുറച്ച് ശരീരത്തെ ശുദ്ധീകരിക്കുന്നു.

ഭക്ഷണ നിയന്ത്രണത്തിൽ നിന്ന് ഉപവാസം ഒരു സാമൂഹിക നിയന്ത്രണോപാധിയായി മാറാറുണ്ട്. പ്രതിഷേധിക്കാൻ അക്രമരഹിത സമരമാർഗ്ഗമായി ഉപവാസത്തെ ചിലർ കാണുന്നു. (ഗാന്ധിജി ഇടക്കിടെ സമാധാനപൂർണ്ണമായ പ്രതിഷേധത്തിന് ഉപവസിക്കാറുണ്ടായിരുന്നു). ഉപവാസസമരം പ്രശ്നങ്ങളിലേക്ക് അധികൃതരുടെയും ജനങ്ങളുടെയും ശ്രദ്ധ ക്ഷണിക്കുകയും അതിന്ന് പരിഹാരം ഉണ്ടാക്കുകയും ചെയ്യുന്നു. ഉപവാസവേളയിൽ ഒരാൾ അനുഭവിക്കുന്ന വിശപ്പിന്റെ വേദന ദാരിദ്ര്യം മൂലം ഭക്ഷണം കഴിക്കാൻ സാധിക്കാത്ത സാധുക്കളിലേക്ക് അയാളുടെ സഹതാപം പകരാൻ കാരണമാകുന്നു. ഈയൊരർത്ഥത്തിൽ ഉപവാസം ഒരു സാമൂഹിക ധർമ്മംകൂടി നിർവ്വഹിക്കുന്നു. അതായത്, വ്രതമനുഷ്ഠിക്കുമ്പോൾ ജനങ്ങൾ ഒന്നായി വിശപ്പിന്റെ തീഷ്ണത പങ്കുവെക്കുകയാണല്ലോ! സമ്പന്നന്മാർ ദരിദ്രർക്ക് ഭക്ഷണം നൽകാനുള്ള ഒരവസരം കൂടി വ്രതാനുഷ്ഠാനം പ്രദാനം ചെയ്യുന്നു.

## വ്രതാനുഷ്ഠാനം സിക്കു മതസ്ഥരിൽ

സിക്കുകാർ യാതൊരുവിധ വ്രതങ്ങളും അനുഷ്ഠിക്കാറില്ല. അതൊരു നിഷ്പ്രയോജന കർമ്മമായാണ് അവർ കരുതുന്നത്. വാസ്തവത്തിൽ അവരുടെ മതാചാര്യൻ ബാബാ ഗുരുനാനക്ക് കർശനമായി വ്രതമനുഷ്ഠിക്കുന്ന ഒരു മുസ്‌ലിമായിരുന്നു. 1675ൽ അവരുടെ പത്താമത്തെ സിക്ക് ഗുരു ഗോബിന്ദ് സിംഗിന്റെ കാലത്താണ് വ്രതാനുഷ്ഠാനം സിക്കുകരുടെ മതാചാരങ്ങളിൽനിന്നു പാടെ വർജ്ജിച്ചത്.

## വ്രതാനുഷ്ഠാനം ഇസ്‌ലാമിൽ

വ്രതാനുഷ്ഠാനം എന്ന ആചാരത്തെ ഇസ്‌ലാംമതം പരിഷ്കരിക്കുകയുണ്ടായി. വ്രതത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളിലും നിയമത്തിലും ഇസ്‌ലാം വിപ്ലവകരമായ മാറ്റം വരുത്തി. വ്രതത്തെ ഇസ്‌ലാം ഏറ്റവും എളുപ്പവും സ്വാഭാവികവും ഫലപ്രദവുമാക്കി മാറ്റി. വ്രതാനുഷ്ഠാനം ദുഃഖത്തിന്റെയും വിലാപങ്ങളുടെയും പാപ പരിഹാരത്തിന്റെയും പ്രതീകമായിരുന്നു. യഹൂദമതത്തിലും, ക്രിസ്തുമതത്തിലും ആത്മപീഡനംപോലെ ദുരന്തങ്ങളുടെ ഒരു സ്മരണ ആയിരുന്നു വ്രതാനുഷ്ഠാനം. വ്രതത്തെപ്പറ്റിയുള്ള ഈ വിഷാദാത്മകവും ദുഃഖമയവുമായ സങ്കൽപ്പത്തെ ഇസ്‌ലാം വിപ്ലവകരമായി മാറ്റിമറിച്ചു. അതിനെ ആത്മീയ സംസ്ക്കരണത്തിന്റെ പ്രകാശോജ്ജ്വലമായ ഒരു സങ്കൽപ്പമാക്കി മാറ്റി. ഇസ്‌ലാമിനു വ്രതമാസം ആരാധനക്കുള്ള മാസം കൂടിയാണ്. മുസ്‌ലിംകൾ അത്യുത്സാഹപൂർവ്വം ഊർജ്ജസ്വലരായാണ് വ്രതമാസത്തെ വരവേൽക്കുന്നത്. ഇത് ദുഃഖകലുഷിതമായ ഒരു അന്തരീക്ഷത്തിൽ നിന്നു തികച്ചും വ്യത്യസ്തമാണ്.

വ്രതാനുഷ്ഠാനത്തെ സംബന്ധിച്ച ഇസ്‌ലാമിക നിയമങ്ങൾ വളരെ ലളിതവും സാർവ്വജനീനവുമാണ്. പുരാതനകാലങ്ങളിൽ വ്രതാനുഷ്ഠാനം ഒരു പ്രത്യേക ജനവിഭാഗങ്ങൾക്ക് മാത്രം പരിമിതപ്പെട്ടതായിരുന്നു. ഹിന്ദുമതത്തിലെ ഉന്നതരായ ബ്രാഹ്മണ വർഗ്ഗത്തിന് മാത്രമാണ് വ്രതാനുഷ്ഠാനം നിർബന്ധം. ചില ലാറ്റിൻ മതങ്ങളിൽ സ്ത്രീകൾക്ക് മാത്രമാണ് വ്രതം നിർബന്ധം. ഇസ്‌ലാം വർഗ്ഗപരമോ സാമൂഹപരമോ ആയ യാതൊരു പരിഗണനയും കാട്ടാതെ വ്രതം എല്ലാവർക്കും നിർബന്ധമാക്കി.

ഇസ്‌ലാംമതത്തിലെ വ്രതം അഥവാ നോമ്പ് അനുഷ്ഠിക്കുന്നതിന് മുമ്പുള്ള അത്താഴം കഴി

ആയുർവേദ തത്ത്വപ്രകാരം മനുഷ്യശരീരം ഭൂമിയെപ്പോലെ 80 ശതമാനം ജലവും 20 ശതമാനം ഖരവസ്തുക്കളുമാണ്. ചന്ദ്രന്റെ ആകർഷണം നമ്മുടെ ശരീരത്തിലെ ജലത്തെയും ബാധിക്കുന്നു. അത് മനുഷ്യനിൽ വൈകാരിക വിക്ഷോഭങ്ങളും അസന്തുലിതത്വവുമുണ്ടാക്കുന്നു. വ്രതം അതിന്നൊരു പ്രതിമരുന്നാണ്

ക്കുന്ന സമ്പ്രദായം ജനങ്ങൾക്ക് അതൊരു എളുപ്പത്തിലുള്ള കർമ്മാനുഷ്ഠാനമാക്കിയതിന്റെ തെളിവാണ്. പ്രഭാത നമസ്കാരത്തിന് അൽപ്പം നിമിഷങ്ങൾക്ക് മുമ്പുവരെ വ്രതമനുഷ്ഠിക്കുന്നയാൾക്ക് ഭക്ഷണം കഴിക്കാൻ അനുവാദമുണ്ട്. അതുപോലെ സൂര്യൻ അസ്തമിച്ച ഉടനെതന്നെ വ്രതം അവസാനിപ്പിക്കണമെന്നതും നിർബന്ധമാണ്. ഇത് മൂലം വ്രതാനുഷ്ഠാനകാലത്ത് ജോലി ഉപേക്ഷിക്കുകയോ, കച്ചവടസ്ഥാപനങ്ങൾ അടച്ചിടുകയോ ചെയ്യേണ്ടിവരുന്നില്ല. യഹൂദമതത്തിൽ വ്രതവേളയിൽ ജോലിചെയ്യാൻ പാടില്ല. അതുകൂടാതെ ഇസ്‌ലാമിക വ്രതത്തിൽ ഒരാൾഅറിഞ്ഞുകൊണ്ടല്ലാതെ, മറവിമൂലം ഭക്ഷണംകഴിച്ചുപോയാൽ അതിന് ശിക്ഷയില്ല. ആ മാസത്തിൽ വ്രതം അനുഷ്ഠിക്കാൻ ആരോഗ്യപരമായോ മറ്റ് അസൗകര്യങ്ങൾ മൂലമോ സാധ്യമായില്ലെങ്കിൽ മറ്റൊരവസരത്തിൽ പൂർത്തിയാക്കുകയോ അല്ലെങ്കിൽ അതിന് മറ്റു ധർമ്മങ്ങളിലൂടെ പരിഹാരം ചെയ്യുകയോ ചെയ്താൽ മതി.

"അല്ലാഹു നിങ്ങൾക്ക് എളുപ്പത്തെയാണ് ഉദ്ദേശിക്കുന്നത് അവൻ നിങ്ങൾക്ക് പ്രയാസത്തെ ഉദ്ദേശിക്കുന്നില്ല" (2:186)

ചില മതങ്ങളിൽ വ്രതാനുഷ്ഠാനം സൗരവർഷഗണനയനുസരിച്ചാണ് (ഗ്രിഗേറിയൻ കലണ്ടർ). അത്തരം ഒരു വർഷഗണനാ സമ്പ്രദായം കണക്കുകൂട്ടാൻ അതിവിപുലമായ ഗണിത ശാസ്ത്രജ്ഞാനവും ജോതിശ്ശാസ്ത്രജ്ഞാനവും ഉണ്ടാവേണ്ടതുണ്ട്. സൗരവർഷത്തിൽ മാസങ്ങൾ ഓരോ സീസണിലും ഉറപ്പിച്ചു നിർത്തിയതാണ്. മാസങ്ങൾ കാലാവസ്ഥയിൽ നിന്ന് ഒരിക്കലും മാറുന്നില്ല. ഇസ്‌ലാമിലെ വ്രതാനുഷ്ഠാനം ചന്ദ്രമാസവുമായി ബന്ധിപ്പിച്ചതാണ് അതുകൊണ്ട് ചന്ദ്രമാസഗണനയനുസരിച്ച് വർഷംതോറും മാസം സീസണിൽനിന്ന് സീസണിലേക്ക് മാറുന്നു. അത് മാസപ്പിറവി ദർശനത്തോടെ ആരംഭിക്കുന്നു. അല്ലാഹു പറയുന്നു:

"ചന്ദ്രക്കലകളെക്കുറിച്ച് അവർ നിന്നോട് ചോദിക്കുന്നു. പറയുക അവ മനുഷ്യർക്ക് (പെതുവെയുള്ള കാര്യങ്ങൾക്കും) ഹജ്ജിന്നുമുള്ള കാലസൂചകങ്ങളാണ്" (2:190)

ഒരു ഹദീസ് ഇപ്രകാരമാണ്. "ചന്ദ്രക്കല കാണുംവരേക്കും നിങ്ങൾ നോമ്പ് ആരംഭിക്കരുത്. അടുത്ത ചന്ദ്രോദയം കാണുംവരേക്കും നിങ്ങൾ നോമ്പ് അവസാനിപ്പിക്കുകയും അരുത്. മേഘങ്ങൾ നിമിത്തം നവ ചന്ദ്രോദയം നിങ്ങൾക്ക് കാണാൻ കഴിയാത്ത അവസ്ഥ വന്നാൽ മാസത്തിന്റെ എണ്ണം കണക്കുകൂട്ടുക" (സഹീഹ് മുസ്‌ലിം).

ലോകത്തിന്റെ എല്ലാ കോണുകളിലുമുള്ള മനുഷ്യർക്കും അവർ കിഴക്കാകട്ടെ പടിഞ്ഞാറാകട്ടെ വടക്കാകട്ടെ തെക്കാകട്ടെ, വിദൂര ഗ്രാമങ്ങളിലാകട്ടെ മലമുകളിലാകട്ടെ, അക്ഷരജ്ഞാന മുള്ളവരോ ഇല്ലാത്തവരോ ആകട്ടെ, വനാന്തരങ്ങളിലോ മരുഭൂമികളിലോ ആകട്ടെ എല്ലാവർക്കും ഒരേസമയം യാതൊരു പ്രയാസവുമില്ലാതെ ചന്ദ്രനെ നോക്കി നോമ്പ് ആരംഭിക്കാം. എന്തുകൊണ്ട് സൂര്യനെ അടിസ്ഥാനമാക്കാതെ ചന്ദ്രനെ നോമ്പ് ആരംഭിക്കാനും അവസാനിപ്പിക്കാനും അടിസ്ഥാനമാക്കി? അതിന് ചില കാരണങ്ങളുണ്ട്.

ചന്ദ്രവർഷം സൗരവർഷത്തെ അപേക്ഷിച്ച് പത്തോ പതിനാറോ ദിവസം കുറവാണ്. 2001ലെ റമസാൻ നവ: 17നാണ് ആരംഭിച്ചത്. 2002ലെ റമസാൻ നവ: ഏഴിനാണ് ആരംഭിക്കുക. ഇതുപ്രകാരം 36 വർഷം കഴിയുമ്പോൾ ഓരോ മുസൽമാനും സൗരവർഷത്തിലെ നോമ്പ് ആരംഭിച്ച ദിനത്തിൽ തന്നെ എത്തിച്ചേരുന്നു. ഈ കാലയളവിനുള്ളിൽ (36 വർഷം) ഭൂഗോളത്തിലെ വിവിധ ഭാഗങ്ങളിൽ ജീവിക്കുന്ന എല്ലാ മുസ്‌ലിംകളും വർഷത്തിലെ ഏറ്റവും ദൈർഘ്യമേറിയ പകൽ ദിവസത്തിലും ഏറ്റവും കുറഞ്ഞ പകൽ ദിവസത്തിലും ചൂടുള്ള ദിവസവും തണുപ്പുള്ള ദിവസവും ഏറക്കുറെ സമമായി നോമ്പ് അനുഷ്ഠിച്ചിട്ടുണ്ടാകും. ലോകത്തുള്ള മുസ്‌ലിംകളെല്ലാം ഒരേ രീതിയിൽ നോമ്പ് മാസത്തിൽ ഋതുപരിവർത്തനവും കാലാവസ്ഥാ മാറ്റവും അനുഭവിച്ചിട്ടുണ്ടാകും. തണുപ്പുള്ള റമസാനും ചൂടുള്ള റമസാനും അവർ അനുഭവിച്ചിരിക്കും. സൗരവർഷക്കാലങ്ങൾ പ്രകാരമാണ് നോമ്പ് ആചരിക്കുന്നതെങ്കിൽ ഭൂമിയിലെ ചൂട് പ്രദേശത്തുള്ളവർക്ക് വേനൽക്കാലത്താണ് റമസാനെങ്കിൽ ശാശ്വതമായി എല്ലാവർഷവും ചൂടുകാലത്ത് തന്നെയായിരിക്കും റമസാൻ. ദീർഘകാല ദിവസങ്ങളുള്ള സൗരവർഷമാസത്തിലാണ് നോമ്പെങ്കിൽ എല്ലാകാലവും ദീർഘ പകൽ ദിവസങ്ങളിലായിരിക്കും റമസാൻ മാസം വരിക. സൂര്യവർഷ പ്രകാരമാണ് നോമ്പ് ആചരിക്കുന്നതെങ്കിൽ ചില പ്രത്യേക സീസണിലെ പഴങ്ങളും പച്ചക്കറികളും മാത്രമേ ഭക്ഷിക്കാൻ സാധിക്കുകയുള്ളൂ. ചന്ദ്രമാസത്തിലായതുകൊണ്ട് 36 വർഷക്കാലയളവിനുള്ളിൽ റമസാൻ എല്ലാ സീസണിലേക്കും മാറിക്കൊണ്ടിരിക്കുകയും എല്ലാ സീസണിലുള്ള ഫലവർഗ്ഗങ്ങളും ലഭിക്കാൻ ഇടയാവുകയും ചെയ്യുന്നു. അതുകൊണ്ട് മുസ്‌ലിംകൾ റമസാൻ ഒരിക്കലും മറ്റൊരു മാസത്തേക്ക് വലിച്ചു നീട്ടാനോ മാസഗണനയിൽ മാറ്റത്തിരുത്തലുകളുണ്ടാക്കാനോ ശ്രമിക്കുന്നില്ല.

## ഉപസംഹാരം

ചരിത്രത്തിലുടനീളം എല്ലാ മതങ്ങളിലും പ്രാർത്ഥനയും വിശ്വാസവും തീവ്രമാക്കുവാനാണ് വ്രതം നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ജനങ്ങൾ ദൈവത്തിനോടുള്ള ബാദ്ധ്യത എന്ന നിലക്കാണ് വ്രതം അനുഷ്ഠിക്കുന്നത്. ആത്മീയവും ശാരീരികവും മാനസികവുമായി നല്ല ആരോഗ്യത്തിലേക്ക് അത് നയിക്കുന്നു. മനുഷ്യശരീരത്തെ വിഷവിമുക്തമാക്കാനും രോഗശാന്തിക്കുവേണ്ടിയും പ്രാചീനകാലം മുതൽക്കേ വ്യാപകമായി അവലംബിച്ചുവന്ന ഒരു സമ്പ്രദായമാണ് ഉപവാസം അഥവാ വ്രതം. അത് അടിഞ്ഞുകൂടിയ വിഷാംശത്തിൽ നിന്നു മനുഷ്യശരീരത്തെ ശുദ്ധീകരിക്കുന്നു. നിരന്തരമുള്ള ഉപവാസം ശരീരത്തെ എന്നപോലെ മനസ്സിനെയും ആത്മാവിനെയും ശുദ്ധീകരിക്കുന്നു. വൈദ്യശാസ്ത്രപരമായി വ്രതാനുഷ്ഠാനം ആരോഗ്യപ്രദമാണെന്ന് തെളിയിച്ചുകഴിഞ്ഞിട്ടുണ്ട്. വ്രതത്തിന്റെ ചില നന്മകൾ നാം അറിഞ്ഞു. ചിലത് നമുക്ക് അറിയാൻ കഴിയുന്നില്ല.

"നിങ്ങൾ കാര്യം ഗ്രഹിക്കുന്നവരാണെങ്കിൽ വ്രതാനുഷ്ഠാനം നിങ്ങൾക്ക് ഏറ്റവും ഗുണകരമാണ്" (2:185). ■

*5-ാം പേജിൽ നിന്ന്*

വാക്കുപോലും പറയാതെ നേർവരയിൽ പുരോഗമിക്കുന്ന അദ്ദേഹത്തിന്റെ പ്രഭാഷണകല ഹൃദയാവർജ്ജകമാണ്. ഖുർആനിലും ഹദീസിലുമുള്ള ദുർഗ്രഹങ്ങളായ പ്രവചനങ്ങൾ ചരിത്ര ദൃഷ്ട്യാ വിശദീകരിക്കുന്നതിൽ മൗലാനക്കുണ്ടായിരുന്ന പാടവം അന്യാദൃശമായിരുന്നു. മുസ്‌ലിംകളിലെ ഉത്പതിഷ്ണുക്കൾപോലും ഇതിഹാസ കഥകളുടെ വകുപ്പിൽപ്പെടുത്തി വിശദീകരിക്കാൻ കഴിയാതെ തട്ടിൻപുറത്ത് കെട്ടിവെച്ചിരുന്ന ഖുർആനിലും ഹദീസിലുമുള്ള ദജ്ജാൽ, യഅ്ജൂജ് മഅ്ജൂജ്, ഇസ്‌റാഅ്, മിഅ്‌റാജ് മുതലായ വിഷയങ്ങൾ മൗലാനാ സാഹിബിന്റെ പണ്ഡിതപ്രതിഭ പ്രമാണങ്ങൾ വിശകലനം ചെയ്ത് കാഴ്ചവെക്കുന്ന വാങ്മയം ശ്രോതാക്കളെ അമ്പരപ്പിക്കുകതന്നെ ചെയ്യുമായിരുന്നു.

പാക്കിസ്താനിലെ പട്ടാളസ്വേച്ഛാധിപതിയും മർദ്ദകനുമായ ജനറൽ സിയാവുൽ ഹഖ് അഹ്മദികൾക്കെതിരെയുള്ള കൊടിയ പീഡനങ്ങളും വ്യാജാരോപണങ്ങളും ഭയാനകമായ ഒരു വിതാനത്തിലേക്കെത്തിച്ചു. 1988 ജൂൺ 10-ാം തീയ്യതി വെള്ളിയാഴ്ച്ച, പ്രവാസിയായി കഴിഞ്ഞിരുന്ന അഹ്മദിയ്യാ ഖലീഫ ജനറൽ സിയായെ അഭിസംബോധന ചെയ്തുകൊണ്ട് 'മുബാഹല' പ്രഖ്യാപിക്കുകയുണ്ടായി. 'ലഅ്നത്തുല്ലാഹി അലൽ കാദിബീൻ'-കള്ളം പറയുന്നവരുടെ മേൽ അല്ലാഹുവിന്റെ ശാപം ഉണ്ടാവട്ടെ-ഖലീഫ തിരുമനസ്സിന്റെ ആ ശാപവചസ്സുകളേറ്റ ജനറൽ സിയാവുൽ ഹഖ് കരിക്കട്ടയായി ഭൂമിയിൽ ചിതറി വീണു. അല്ലാഹുവിന്റെ അനുഗ്രഹവർഷത്താൽ അഹ്മദികൾ ഇന്ന് 20 കോടിയായി പെരുകി. ഖലീഫാ തിരുമനസ്സ് പാക്കിസ്താനെ അഭിസംബോധന ചെയ്തു നടത്തിയ മുബാഹലയ്ക്ക് ഇങ്ങ് കോഴിക്കോട് ജില്ലയിലെ കൊടിയത്തൂരിലെ അഞ്ചുമൻ ഇശാഅത്തെ ഇസ്‌ലാമി എന്ന ഒരു കമ്മിറ്റിയുടെ നേതൃത്വത്തിൽ കേരളത്തിലെ മുസ്‌ലിംകക്ഷികൾ പ്രതികരിക്കുകയുണ്ടായി. മുജാഹിദ്, സുന്നി, ജമാഅത്തെ ഇസ്‌ലാമിക്കാർ അവരുടെ പിന്നിൽ അണിനിരന്നു. കേരളത്തിലെ അഹ്മദിയ്യാ ജമാഅത്ത് ആ വെല്ലുവിളി സ്വീകരിച്ചു. 1989 മെയ് 28ന് മൗലാനാ മുഹമ്മദ് അബുൽ വഫാ സാഹിബിന്റെ നേതൃത്വത്തിൽ അഹ്മദികൾ മുബാഹലയിൽ പങ്കെടുത്തു. അഹ്മദിയ്യാ ഖലീഫ അതിനെപ്പറ്റി ഒരു ഖുത്ബയിൽ ഇപ്രകാരം പറഞ്ഞു: "ഇതേപ്രകാരം ഇന്ത്യയിൽ ഈയടുത്ത് അൽപ്പദിവസം മുമ്പ് ഒരു മുബാഹല എന്റെ അനുവാദത്തോടെ നടന്നു. അതും ഈ വർഷത്തിലാണ് നടന്നത്. അതുകൊണ്ട് അതിനേയും നാം മുബാഹലയായി അംഗീകരിച്ചുകഴിഞ്ഞു..... ജമാഅത്തിന്റെ കൂട്ടായ മുബാഹലാ ആഹ്വാനവുമായി ഇതിന് ബന്ധമൊന്നുമില്ലെങ്കിലും അത്ഭുതകരമായ പല അടയാളങ്ങളും പ്രത്യക്ഷപ്പെട്ടുകഴിഞ്ഞു. ഇൻശാഅല്ലാഹ് ഇനിയും ഉണ്ടാകും." (ജുമുഅ ഖുത്ബ ജൂൺ 9, 1989) മുബാഹലക്ക് ശേഷം അഹ്മദിയ്യത്തിന്റെ എതിർപക്ഷത്ത് നിലയുറപ്പിച്ച മുസ്‌ലിം കക്ഷികളിൽ രൂക്ഷമായ അന്തഃഛിദ്രങ്ങളും കലഹങ്ങളും ഉണ്ടായി. അവസാനം ഇപ്പോഴിതാ കേരള നദ്‌വത്തുൽ മുജാഹിദീനും നെടുനീളെ പിളർന്നുകൊണ്ട് തെരുവുയുദ്ധവുമായിക്കഴിയുന്നു. അന്ന് 30 ജമാഅത്ത് മാത്രമുണ്ടായിരുന്ന കേരളത്തിൽ ഇന്ന് 50 ജമാഅത്തുകളുണ്ട്. മൗലാനാ അബുൽ വഫാ സാഹിബിന്റെ നേതൃത്വത്തിൽ നടന്ന മുബാഹലാ പ്രാർത്ഥന സത്യവും അസത്യവും വ്യക്തമായി വേർതിരിക്കുകയുണ്ടായി.

അഹ്മദിയ്യാ ശതവാർഷികത്തിന്റെ ഭാഗമായി നൂറു ഭാഷകളിൽ വിശുദ്ധഖുർആൻ പരിഭാഷപ്പെടുത്താൻ പദ്ധതിയിട്ടപ്പോൾ മലയാളവിവർത്തനം നിർവ്വഹിച്ചത് പരേതനായിരുന്നു. മലയാളഭാഷയിൽ ഇന്നോളമിറങ്ങിയ പരിഭാഷകളിൽ സാഹിത്യഭംഗികൊണ്ടും അർത്ഥസ്ഫുടതകൊണ്ടും മികച്ചുനിൽക്കുന്നത് വാഗ്ദത്ത മസീഹിന്റെ അർത്ഥ ഭാഷ്യങ്ങൾ ഉൾക്കൊള്ളുന്ന മൗലാനാ സാഹിബിന്റെ ഈ ഖുർആൻ പരിഭാഷയാണ്. വിശുദ്ധഖുർആന്റെ പാരായണമുറയിൽ നിഷ്കർഷയുള്ള മൗലാനാ അവർകൾ സദസ്സിൽവെച്ചായാലും ഖുർആൻ പാരായണത്തിൽ ഉണ്ടാകുന്ന തെറ്റുകൾ തിരുത്താൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. അതുപോലെ നമ്മുടെ അതിഥികളായെത്തുന്ന പ്രസംഗകന്മാർ, എത്രതന്നെ ഉന്നതന്മാരായാലും ഇസ്‌ലാമികാശയങ്ങൾക്ക് വിരുദ്ധമായി സംസാരിച്ചാൽ അത് അവിടെവെച്ചുതന്നെ സൗഹൃദപൂർവ്വം തിരുത്താനുള്ള ശുദ്ധഗതിയും ബുദ്ധിപരമായ ആർജ്ജവവും അദ്ദേഹത്തിനുണ്ടായിരുന്നു. ജീവിതത്തിന്റെ ഓരോ അടിവെപ്പും സൂക്ഷ്മതയോടെ വെച്ച മൗലവി സാഹിബ് വാക്കുംപ്രവർത്തിയും ഒരുമിച്ചു നിർത്തിയ സാത്വികനായിരുന്നു. സാമ്പത്തിക ഇടപാടുകളിൽ കമ്പ്യൂട്ടറിന്റെ കണിശതയും സത്യസന്ധതയും അദ്ദേഹം പാലിച്ചു. മഹാപണ്ഡിതനായിരുന്നിട്ടും സംശയങ്ങളുമായി അദ്ദേഹത്തെ സമീപിച്ചാൽ അദ്ദേഹത്തിന് അറിയാത്തതോ, വ്യക്തമായി മനസ്സിലാവാത്തതോ ആയ കാര്യങ്ങളെക്കുറിച്ച് 'എനിക്കറിയില്ല' എന്നു പറയാനുള്ള വിനയവും സത്യസന്ധതയും അദ്ദേഹം കാണിച്ചു. അതുപോലെ തനിക്കറിയാത്ത കാര്യങ്ങൾ കുട്ടികളോടുപോലും ചോദിച്ചു മനസ്സിലാക്കാൻ അദ്ദേഹം മടിച്ചുനിന്നില്ല. പണ്ഡിതന്മാരിൽ കാണാൻകഴിയാത്ത ഈ വിനയശീലവും വിജ്ഞാനദാഹവുമാണ് അദ്ദേഹത്തെ ജ്ഞാനിയായ പണ്ഡിതനാക്കുന്നത്.

മൗലാനാ സാഹിബ് വാഗ്ദത്ത മസീഹി(അ)ന്റെ ഒരു ദൈവിക പദ്ധതിപ്രകാരം ജീവിതം വഖ്ഫ് ചെയ്തയാളും മൂഅ്സിയും ഖാദിയാൻ സംരക്ഷണ സംഘത്തിൽപ്പെട്ടയാൾ എന്ന നിലയിൽ 'ദർവേശു'മാണ്. ഖാദിയാനിലെ ബിഹ്ശ്തി മഖ്ബറയിൽ വാഗ്ദത്ത മസീഹിന്റെ ഖബറിന്റെ സാന്നിദ്ധ്യത്തിൽ മൗലാനാ മുഹമ്മദ് അബുൽവഫാ സാഹിബ് അന്ത്യവിശ്രമം കൊള്ളുകയാണ്. തന്റെ ജീവിതം മുഴുവൻ സമർപ്പിച്ച ഒരു പ്രസ്ഥാനത്തിന്റെ ജേതാവായ പോരാളിയെപ്പോലെ അദ്ദേഹത്തിന്റെ ജീവിതയാത്ര സഫലമായി. മൗലാനാ അവർകളുടെ വേർപാടിൽ സത്യദൂതനുള്ള അഗാധമായ ദുഖം രേഖപ്പെടുത്തുന്നു. അല്ലാഹു പരേതന് ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ-ആമീൻ. ■

# ദൈവസ്നേഹം

ഹസ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

## ദൈവഭക്തൻ അല്ലാഹുവുമായി കൂടുതൽ അടുക്കുമ്പോൾ ഈലോകത്ത് വെച്ചുതന്നെ ദർശനങ്ങളും വെളിപാടുകളും നൽകി അല്ലാഹു അവനെ അനുഗ്രഹിക്കുന്നു.

ഇസ്ലാമിന്റെ യഥാർത്ഥതത്ത്വം, തന്നെ ഒരു ബലിയാടിനെപ്പോലെ ദൈവത്തിന്റെ തിരുസന്നിധിയിൽ അർപ്പണം ചെയ്യുകയും തന്റെ സ്വയേച്ഛകളെ ദൈവേഷ്ടത്തിന്നായി ഉപേക്ഷിക്കുകയും ദൈവസ്നേഹം പൂർണ്ണമായും കൈക്കൊണ്ട് അവന്ന് കീഴ്പ്പെട്ടു നടക്കുകയും ചെയ്യുക എന്നുള്ളതാണ്.

ദൈവത്തെ മാത്രം കാണുകയും അവന്റെ ശബ്ദം മാത്രം കേൾക്കുകയും അവനിൽ മാത്രം ലയിച്ചു കൊണ്ടിരിക്കുകയും ദൈവനാമം മാത്രം ഉച്ചരിക്കുകയും ചെയ്യുന്ന കണ്ണും കാതും ഹൃദയവും നാവും ഉണ്ടാക്കുക എന്നുള്ളതാണ് ഇസ്ലാമിന്റെ ലക്ഷ്യം. അതായത് പരിപൂർണ്ണമായും ദൈവത്തിന്റെ ഇഷ്ടത്തിനും ഇച്ഛയ്ക്കും അനുസരിച്ചു ജീവിക്കുക എന്നതാണിതിന്റെ ഉദ്ദേശ്യം. അങ്ങനെ ഒരു മനുഷ്യൻ തന്നിൽ ഒരു പരിപൂർണ്ണായ മരണത്തെ ആവാഹിച്ചെടുക്കുമ്പോൾ ദൈവം തന്റെ കാരുണ്യാതിരേകത്താൽ തന്റെ ജീവൽ വചനം കൊണ്ടും ആത്മീയ പ്രകാശത്താലും ആ ആളെ പുനരുജ്ജീവിപ്പിക്കുന്നു. ദൈവത്തിന്റെ മാധുര്യമേറിയ വചനം കൊണ്ട് അയാൾ അനുഗൃഹീതനായിത്തീരുകയും ചെയ്യുന്നു. മനുഷ്യന്റെ ബുദ്ധികൊണ്ടോ ഭൗതികമായ കണ്ണുകളാലോ യഥാർത്ഥനില അറിയുവാൻ സാധിക്കാത്തത്ര ലോലമായ ഒരാത്മീയ പ്രഭാവവും പ്രകാശവും ആ ആളുടെ ഹൃദയത്തിൽ പ്രവേശിക്കുന്നു. അല്ലാഹു പറയുകയാണ്: "നാം അവന്റെ ജീവനാഡിയേക്കാൾ വളരെയടുത്ത് നിലകൊള്ളുന്നു (50:17)"

അങ്ങനെ ദൈവം ആ മനുഷ്യനെ തന്റെ സാമീപ്യം കൊണ്ടനുഗ്രഹിക്കുന്നു. അപ്പോൾ അവന്റെ അന്ധത നീങ്ങി കണ്ണുകൾക്ക് പ്രകാശം ലഭിക്കുകയും അങ്ങനെ പുതിയ കാഴ്ചപ്പാടോടെ അവൻ ദൈവത്തെ വീക്ഷിക്കുകയും അവന്റെ ദിവ്യശബ്ദം കേൾക്കുകയും അവന്റെ ദിവ്യപ്രകാശത്തിന്റെ പുതപ്പിൽ പുതപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്നതായി അവന് അനുഭവപ്പെടുകയും ചെയ്യുന്നു. അതോടുകൂടി മതത്തിന്റെ ഉദ്ദേശ്യം പൂർത്തിയാകുന്നു. അങ്ങനെ മനുഷ്യൻ തന്റെ സ്രഷ്ടാവിനെ ശരിക്കും കണ്ടറിഞ്ഞു മ്ലേച്ഛമായ ജീവിതത്തിൽ നിന്നു വിരമിക്കുകയും ഒരു പുതിയ പ്രകാശവും നവചൈതന്യവും സംജാതമാവുകയും ചെയ്യുന്നു. പരലോകത്തുണ്ടാകുന്ന ദൈവദർശനത്തിന്നായി കാത്തിരിക്കേണ്ടുന്ന ആവശ്യമില്ലാതെ ഇഹലോകത്ത് വെച്ചുതന്നെ ദൈവദർശനം ലഭ്യമാവുകയും സ്വർഗ്ഗീയാനുഭൂതികളെ ആസ്വദിക്കുകയും ചെയ്യുന്നു.

തത്സംബന്ധമായി വിശുദ്ധഖുർആൻ പ്രസ്താവിക്കുന്നത് കാണുക:

"ഞങ്ങളുടെ രക്ഷിതാവ് അല്ലാഹുവാണ് എന്നു പറയുകയും എന്നിട്ടു അതിൽത്തന്നെ ഉറച്ചു നിൽക്കുകയും ചെയ്യുന്നവരുടെമേൽ മലക്കുകൾ ഇറങ്ങുന്നു. 'നിങ്ങൾ ഭയപ്പെടുകയോ ദുഃഖിക്കുകയോ വേണ്ട നിങ്ങളോടു വാഗ്ദത്തം ചെയ്യപ്പെട്ട സ്വർഗ്ഗത്തെക്കുറിച്ചുള്ള സുവിശേഷം കേൾക്കുക'" (41:31)

അതായത്, നമ്മുടെ ദൈവം എല്ലാ സൽഗുണങ്ങളുടെയും മൂർത്തീകരണമാണെന്നും അവന്നു സത്തയിലോ ഗുണത്തിലോ ഒരു പങ്കാളിയും ഇല്ലെന്നും പറയുകയും അതിൽ സുദൃഢമായി നിലനിൽക്കുകയും എന്തുതന്നെ പ്രതിബന്ധങ്ങളും ദുഃഖങ്ങളും പരീക്ഷണങ്ങളും നേരിട്ടാലും മരണം തന്നെ വന്നു ഭവിച്ചാലും തങ്ങളുടെ വിശ്വാസത്തിൽ കടുകളവ് വ്യത്യാസം കാണിക്കാതിരിക്കുകയും ചെയ്യുന്നവരിൽ മലക്കുകൾ ഇറങ്ങുന്നതായിരിക്കും. ദൈവം അവരോടു സംസാരിക്കുന്നതുമായിരിക്കും. നിങ്ങൾ പരീക്ഷണങ്ങളെയും ദുഃഖങ്ങളേയും ക്രൂരന്മാരായ ശത്രുക്കളെയും കുറിച്ചു ഭയപ്പെടുകയോ ഭൂതകാലങ്ങളിൽ ഏർപ്പെട്ട കഷ്ടനഷ്ടങ്ങളെ ഓർത്തു വ്യസനിക്കുകയോ പരിതപിക്കുകയോ ചെയ്യേണ്ടെന്നും ഞാൻ എപ്പോഴും നിങ്ങളുടെ കൂടെ ഉണ്ടായിരിക്കുന്നതും വാഗ്ദത്തം ചെയ്യപ്പെട്ട സ്വർഗ്ഗീയാനുഭൂതികൾ ഇഹലോകത്തിൽത്തന്നെ തരുന്നതാണെന്നും അതുകൊണ്ട് നിങ്ങൾ സന്തുഷ്ടരായിരിക്കുക എന്നും ദൈവം അവരോടു പറയുന്നതാണ്.

പ്രസ്തുത സംഗതികൾ തെളിവില്ലാത്തതും പൂർത്തിയാക്കപ്പെടാത്തതുമായ വെറും വാക്കുകളും വാഗ്ദാനങ്ങളുമല്ല. മറിച്ച്, ഇസ്ലാംമതത്തിൽ ആയിരക്കണക്കിലുള്ള മഹാത്മാക്കൾ പ്രസ്തുത ആത്മീയ സ്വർഗ്ഗാനുഭൂതികളെ ആസ്വദിച്ചുകൊണ്ടിരുന്നു. വാസ്തവത്തിൽ

ഇസ്‌ലാമിന്റെ യഥാർത്ഥ അനുയായികൾ കഴിഞ്ഞുപോയ സാത്വികരായ പുണ്യാത്മാക്കളുടെ യഥാർത്ഥ അവകാശികളാണ്. അവർക്കുണ്ടായിരുന്ന ദൈവികാനുഗ്രഹങ്ങൾ ഈ ശ്രേഷ്ഠസമുദായത്തിന്നു ലഭിക്കുകയും വിശുദ്ധഖുർആനിൽ കാണുന്ന ഈ പ്രാർത്ഥന സ്വീകരിക്കുകയും ചെയ്തിരിക്കുന്നു.

"(ദൈവമേ!) നീ ഞങ്ങൾക്കു നേർമാർഗ്ഗം കാണിച്ചുതരേണമേ! നിന്റെ അനുഗ്രഹം ലഭിച്ചവരുടെ വഴിയിൽ (ഞങ്ങളെ നടത്തേണമേ); നിന്റെ ക്രോധം ലഭിച്ചവരുടെയും വഴികേടിലായവരുടെയും വഴിയില്ല" (1:6-7)

അതായത്, ദൈവമേ! നിന്റെ വിവിധ അനുഗ്രഹങ്ങൾക്കും വരദാനങ്ങൾക്കും പാത്രവാന്മാരായ സൽക്കർമ്മികളും സാത്വികരുമായവരുടെ വഴിയിൽ നീ ഞങ്ങളെ നടത്തേണമേ! അവർ നിന്റെ വെളിപാടുകളാൽ-നീയുമായുള്ള സംസാരത്താൽ-അനുഗൃഹീതരായിരുന്നു. അവരുടെ പ്രാർത്ഥനകൾ നീ സ്വീകരിച്ചുകൊണ്ടിരുന്നു. സദാസമയവും നിന്റെ സഹായവും അനുഗ്രഹാശിസ്സുകളും അവർക്ക് ലഭിച്ചുകൊണ്ടിരുന്നു. ദൈവമേ! നിന്റെ വെറുപ്പിനും ക്രോധത്തിനും പാത്രമായവരുടെ വഴിയിൽനിന്നു ഞങ്ങളെ രക്ഷിക്കേണമേ! കാരണം അവർ നീ കാണിച്ച് കൊടുത്ത വഴിയിൽ നടക്കാതെ മറ്റു മാർഗ്ഗങ്ങൾ സ്വീകരിച്ചിരുന്നവരാണ്.

ഈ പ്രാർത്ഥന നമസ്കാരത്തിൽ അഞ്ചു നേരവും നാം ചെയ്തുകൊണ്ടിരിക്കുന്നു. ഇതിൽനിന്ന്, ആത്മീയമായി അന്ധനായിക്കൊണ്ടുള്ള ഭൗതിക ജീവിതവും ഇതേരീതിയിൽ തന്നെയുള്ള മരണവും ഒരു നരകമാണെന്നു മനസ്സിലാകുന്നു. അപ്രകാരം തന്നെ ദൈവത്തിന്റെ യഥാർത്ഥദാസനായി അവനെ ശരിക്കും കണ്ടറിഞ്ഞ് അവനിൽ പൂർണ്ണമായി വിശ്വാസമർപ്പിച്ച് സർവ്വപാപങ്ങളിൽനിന്നും വിമുക്തനായി ദൈവസ്നേഹത്തിൽ ലയിച്ചിരിക്കുന്നവനായ ആൾ സ്വർഗ്ഗീയ ജീവിതം ലഭ്യമായവനാണ്.

ചുരുക്കത്തിൽ, ദൈവികമായ സമ്പർക്കം ലഭിക്കാതിരിക്കുകയും അവനുമായി സംസാരിക്കാനുള്ള വാഞ്ഛ ഇല്ലാതിരിക്കുകയും ചെയ്യുന്ന ഒരു ഹൃദയം മൃതിയടഞ്ഞ ഹൃദയമാണ്. അതേപ്രകാരം തന്നെ തന്റെ അനുയായികളെ ദൈവവുമായുള്ള സമ്പർക്കവും സാമീപ്യവും നൽകുവാൻ സഹായിക്കാത്ത മതവും ദൈവമതമായിത്തീരുവാൻ വഴിയില്ല. അത്തരത്തിലുള്ള മതത്തിന്നു ആത്മീയമായ ജീവസ്സ് ഉണ്ടായിരിക്കുകയില്ല. അപ്രകാരംതന്നെ ദൈവവുമായി സമ്പർക്കവും സാമീപ്യവും അവനുമായി സംവദിക്കാനുള്ള ആത്മീയ ശക്തിയും നൽകുവാൻ സാധിക്കാത്ത പ്രവാചകവാദിയും ദൈവത്താൽ നിയുക്തനായ ആളാവാൻ നിവൃത്തിയില്ല. മറിച്ച്, അത്തരത്തിലുള്ള ആൾ ദൈവത്തിൽ കറ്റു കെട്ടിപ്പറയുന്ന ആളായിരിക്കും. കാരണം മനുഷ്യന്റെ അതിമഹത്തായ സൃഷ്ടിയുടെ ഉദ്ദേശ്യവും ജീവിത ലക്ഷ്യവും ദൈവാസ്തികൃത്തിലും അവന്റെ രക്ഷാധികാരത്തിലും ഉള്ള വിശ്വാസവും തന്മൂലം പാപത്തിൽ നിന്നുള്ള വിമോചനവും ആണ്.

എന്നാൽ പരോക്ഷനും അഗോചരനും ആയ ദൈവത്തിൽനിന്ന് 'ഞാൻ ഉണ്ട്' (അനൽ മൗജൂദ്) എന്ന ശബ്ദം കേൾക്കുന്നതു വരെയും അവനിൽ നിന്നു വ്യക്തമായ അടയാളങ്ങൾ ലഭിക്കുന്നത് വരെയും എങ്ങനെയാണ് അവനിൽ സുദൃഢവും പൂർണ്ണവുമായ വിശ്വാസം വരിക! ഇത്തരത്തിലുള്ള ദൈവികജ്ഞാനം വെറും യുക്തിപരമായ തെളിവുകൾ കൊണ്ടു മാത്രം ലഭിക്കുന്ന ഒന്നല്ല. ആകാശഭൂമികളുടെ സൃഷ്ടിയും അവയുടെ രചനയും ഘടനയും ചലനവും ഒരു സ്രഷ്ടാവിന്റെയും നിയന്താവിന്റെയും ആവശ്യകതയെ വിളിച്ചോതുന്നുണ്ടെങ്കിലും അത്തരത്തിലുള്ള ഒരു സ്രഷ്ടാവും നിയന്താവും തീർച്ചയായും 'ഉണ്ട്' എന്ന സുദൃഢമായ വിശ്വാസത്തെ ഉണ്ടാക്കുന്നില്ല. 'ഉണ്ടായിരിക്കണം' എന്നത് ഒരു നിഗമനം മാത്രമാണ്. എന്നാൽ ഉണ്ട് എന്നുള്ളതാണ് യഥാർത്ഥ വിശ്വാസം. ഇവ രണ്ടിനുമിടയിൽ വളരെയധികം അന്തരമുണ്ട്. ആദ്യത്തേതിൽ ഒരു സ്രഷ്ടാവിന്റെ ആവശ്യകതയെക്കുറിച്ച് പറയപ്പെടുന്നുവെങ്കിൽ രണ്ടാമത്തേതിൽ ഒരു സ്രഷ്ടാവ് ഉണ്ട് എന്ന യാഥാർത്ഥ്യത്തിലേക്കു വെളിച്ചം വീശുന്നു.

ഇക്കാലത്തു വിവിധ മതങ്ങൾക്കിടയിൽ അതിഭയാനകമായ വടംവലി നടന്നുകൊണ്ടിരിക്കുകയാണ്. എന്നാൽ യഥാർത്ഥവും സുദൃഢവുമായ വിശ്വാസത്തോടുകൂടി ദൈവസാമീപ്യം കരസ്ഥമാക്കാൻ സഹായിക്കുന്ന മതമാണ് യഥാർത്ഥ മതമെന്ന കാര്യം സത്യാന്വേഷികൾ വിസ്മരിക്കുവാൻ പാടില്ല. ■

**ചുരുക്കത്തിൽ, ദൈവികമായ സമ്പർക്കം ലഭിക്കാതിരിക്കുകയും അവനുമായി സംസാരിക്കാനുള്ള വാഞ്ഛ ഇല്ലാതിരിക്കുകയും ചെയ്യുന്ന ഒരു ഹൃദയം മൃതിയടഞ്ഞ ഹൃദയമാണ്. അതേപ്രകാരം തന്നെ തന്റെ അനുയായികളെ ദൈവവുമായുള്ള സമ്പർക്കവും സാമീപ്യവും നൽകുവാൻ സഹായിക്കാത്ത മതവും ദൈവമതമായിത്തീരുവാൻ വഴിയില്ല. അത്തരത്തിലുള്ള മതത്തിന്നു ആത്മീയമായ ജീവസ്സ് ഉണ്ടായിരിക്കുകയില്ല**

# പ്രാർത്ഥനയുടെ തത്ത്വശാസ്ത്രം

**നസീർ അഹ്മദ്**

"എന്റെ ദാസന്മാർ എന്നെക്കുറിച്ച് നിന്നോട് ചോദിക്കുമ്പോൾ പറയുക: ഞാൻ സമീപസ്ഥനാണ്. പ്രാർത്ഥിക്കുന്നവൻ എന്നോട് പ്രാർത്ഥിക്കുമ്പോൾ ഞാൻ അവന് ഉത്തരം നൽകുന്നു. അതിനാൽ അവർ എന്റെ വിളിക്കുത്തരം നൽകുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യട്ടെ, അവർ സൻമാർഗ്ഗം പിന്തുടരാൻവേണ്ടി" (ഖുർആൻ 2:187).

ഏതൊരു മതത്തിന്റെയും ആത്മീയഘടനയ്ക്ക് താങ്ങായി നിൽക്കുന്ന അതുല്യവും സുപ്രധാനവുമായ ഘടകമാണ് പ്രാർത്ഥന. നമ്മുടെ ആത്മീയവും ഭൗതികവുമായ ആവശ്യപൂർത്തീകരണത്തിനായി ദൈവത്തോട് പ്രാർത്ഥിക്കാൻ വിശുദ്ധഖുർആൻ നമ്മെ നിരന്തരം അനുശാസിക്കുന്നു.

ദൈവത്തോട് നാം പ്രാർത്ഥിക്കണമെന്നു മാത്രമല്ല അവൻ കൽപ്പിക്കുന്നത്, അവനിലേക്ക് തിരിയുന്നപക്ഷം ഉത്തരം നൽകാമെന്ന ഉറപ്പു നൽകുകയും ചെയ്യുന്നു.

വിശുദ്ധ ഖുർആനിലെ ഒരു ചെറു സൂക്തം ഞാനുദ്ധരിക്കട്ടെ:

"നിങ്ങളുടെ നാഥൻ പറയുന്നു: എന്നോട് പ്രാർത്ഥിക്കുക, ഞാൻ നിങ്ങളുടെ പ്രാർത്ഥനയ്ക്കുത്തരം നൽകും" (40:61).

ലേഖനാരംഭത്തിൽ ഞാനുദ്ധരിച്ച വിശുദ്ധഖുർആൻ വചനവും മേൽസന്ദേശം തന്നെയാണുൾക്കൊള്ളുന്നത്. ദൈവത്തിൽനിന്ന് ഇത്തരം വാഗ്ദാനം ഉണ്ടായിട്ടും നമ്മുടെ അനേകം പ്രാർത്ഥനകൾക്കെന്താണ് ഉത്തരം കിട്ടാത്തത് എന്ന് ചിലർ പലപ്പോഴും ആശ്ചര്യപ്പെടാറുണ്ട്. ദൈവവചനവും നമ്മുടെ അനുഭവങ്ങളും തമ്മിലുള്ള ഈ വൈരുദ്ധ്യം ചില വിഷമപ്രശ്നങ്ങൾ ഉയർത്തുന്നു. ദൈവത്തിൽനിന്നു വ്യക്തമായ ഉറപ്പുണ്ടായിട്ടും നമ്മുടെ പ്രാർത്ഥനകൾ സ്വീകരിക്കപ്പെടുന്നില്ലെന്ന് വരുമ്പോൾ ഖുർആനിലെ വചനങ്ങളിലടങ്ങിയ വാഗ്ദാനം നിറവേറ്റപ്പെടുന്നില്ലെന്ന് വാദിക്കാവുന്നതാണ്.

ഈ ആശയക്കുഴപ്പം അകറ്റാനെന്നോണം ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ പ്രസിദ്ധ വ്യക്തിയും അലിഗർ മുസ്‌ലിം സർവ്വകലാശാലയുടെ സ്ഥാപകനുമായ സർ സയ്യിദ് അഹ്മദ്ഖാനെപ്പോലുള്ള ഇസ്‌ലാമിലെ ചില പ്രമുഖ പണ്ഡിതന്മാർ പ്രാർത്ഥന എന്ന പദത്തിന് പുനർവ്യാഖ്യാനം നൽകുകയും, സ്വീകരിക്കുമെന്ന് ദൈവം വാഗ്ദാനം നൽകിയ ആരാധനയുടെ മറ്റൊരു രൂപമാണ് പ്രാർത്ഥനയെന്നു പറയുകയുമാണ് ചെയ്തത്. ഏതെങ്കിലും കാര്യസാദ്ധ്യത്തിനായുള്ള ഉപാധിയായി പ്രാർത്ഥനയെ ഉപയോഗപ്പെടുത്തിക്കൂടേ എന്നു സർ സയ്യിദ് ചോദിക്കുന്നു. പ്രപഞ്ചത്തിലെ എല്ലാ കാര്യങ്ങളും മുൻവിധിയനുസരിച്ച് സംഭവിക്കുന്നതിനാൽ പ്രാർത്ഥന പ്രയോജനരഹിതമാണെന്നും മുൻകൂട്ടി വിധിയ്ക്കപ്പെട്ട എല്ലാം സംഭവിക്കുകയും മുൻകൂട്ടി വിധിക്കപ്പെടാത്ത യാതൊന്നും സംഭവിക്കാതിരിക്കുകയും ചെയ്യുന്നു എന്നതിനാൽ (Predestination) പ്രാർത്ഥന നിരുപയോഗമാണെന്നും അദ്ദേഹം സിദ്ധാന്തിച്ചു. മേൽസിദ്ധാന്തത്തെ ആധാരമാക്കി 'പ്രാർത്ഥനയുടെ സ്വീകാര്യതയും വ്യാഖ്യാനതത്ത്വവും' എന്ന പേരിൽ സർ സയ്യിദ് അഹ്മദ്ഖാൻ ഒരു ലഘുഗ്രന്ഥം രചിക്കയുമുണ്ടായി.

ഹസ്റത്ത് അഹ്മദുൽഖാദിയാനി (അ) അദ്ദേഹത്തിന് മറുപടി നൽകുകയും പ്രാർത്ഥനയെ സംബന്ധിച്ച് യഥാർത്ഥ ഖുർആനികാദ്ധ്യാപനം 'ബറക്കാത്തുദ്ദുആ' (പ്രാർത്ഥനയുടെ അനുഗ്രഹങ്ങൾ) എന്ന ലഘുഗ്രന്ഥം രചിച്ചു വിശദീകരിക്കുകയുമുണ്ടായി. ഹസ്റത്ത് അഹ്മദ് (അ) പ്രാർത്ഥനയ്ക്ക് എത്ര മാത്രം പ്രാധാന്യമാണ് നൽകിയിട്ടുള്ളതെന്ന് വിവരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ആ മഹാത്മാവ് സർ സയ്യിദ് അഹ്മദ്ഖാന്റെ വീക്ഷണത്തെ ഖണ്ഡിക്കുകയും പ്രാർത്ഥനയേക്കാൾ ശക്തമായ ഒരായുധം ഈ പ്രപഞ്ചത്തിൽ മറ്റൊന്നുമില്ലെന്നു സമർത്ഥിക്കുകയുമാണ് ചെയ്തത്.

പ്രാർത്ഥനയുടെ സ്വീകാര്യത എന്ന വിഷയം പ്രാർത്ഥനയുടെ തത്ത്വശാസ്ത്രത്തിന്റെ തന്നെ വ്യാപകമായ ഒരു ശാഖയാണെന്നു ഹസ്റത്ത് അഹ്മദ് (അ) പ്രസ്താവിച്ചു. പ്രാർത്ഥനയുടെ തത്ത്വശാസ്ത്രം ഗ്രഹിച്ചിട്ടില്ലാത്ത ഒരു വ്യക്തിയ്ക്ക് പ്രാർത്ഥനകൾ സ്വീകരിക്കപ്പെടുന്നതിന്റെ പൊരുൾ മനസ്സിലാക്കുവാൻ സാദ്ധ്യമല്ല. ഇക്കാര്യം സുഗ്രാഹ്യമാക്കാൻ ആ മഹാത്മാവ് ദൈനംദിന ജീവിതത്തിൽ നിന്ന് ഉദാഹരണങ്ങൾ എടുത്തുകാണിക്കുകയുണ്ടായി.

"ദൈവം തന്റെ ദാസരെ മിത്രങ്ങളുടെ പദവിയിലേക്കുയർത്തുകയും അവരുമായി രണ്ടുവിധത്തിലുള്ള ബന്ധം സ്ഥാപിക്കുകയും ചെയ്യുന്നു. ചില സന്ദർഭങ്ങളിൽ സുഹൃത്തുക്കളോടെന്നപോലെ ദൈവം അവരുടെ അപേക്ഷകളെ സ്വീകരിക്കുന്നു. ചിലപ്പോൾ തന്റെ മിത്രങ്ങൾ തന്റെ തീരുമാനത്തെ സ്വീകരിക്കട്ടെയെന്ന് ആഗ്രഹിക്കുന്നു. എന്നാൽ, ഈ രണ്ടവസ്ഥയിലും യഥാർത്ഥസുഹൃത്തുക്കളോടെന്നപോലെ ദൈവം തന്റെ സ്നേഹിതന്മാരുടെ ഉത്തമതാൽപര്യങ്ങൾക്കനുസരിച്ചു തന്നെ വർത്തിക്കുന്നു" (ഹഖീഖത്തുൽ വഹ്‌യ്, പേജ് 21).

ഇക്കാര്യം ആ മഹാത്മാവ് മറ്റൊരു ഉദാഹരണത്തിലൂടെ കൂടുതൽ വ്യക്തമാക്കുന്നതു ഇപ്രകാരമാണ്: "ലോകത്തിലെ ഒരൗഷധത്തിനും മനുഷ്യനെ മരണത്തിൽനിന്നു രക്ഷിക്കാൻ സാദ്ധ്യമല്ലെന്ന കാര്യം നമുക്കറിയാം. എന്നിരിക്കിലും ശാരീരികമായ അസുഖങ്ങൾ ഭേദപ്പെടുത്താൻ ഔഷധങ്ങളിൽ നിക്ഷിപ്തമായ ഗുണങ്ങളെ നിഷേധിക്കാൻ ആരും തയ്യാറാവുകയില്ല. നിർദ്ദിഷ്ടമായ

ഒരൗഷധം ചിലപ്പോൾ പ്രതീക്ഷിക്കുന്ന ഫലമുളവാക്കിയില്ലെന്നുവരാം. അതുകൊണ്ട് മാത്രം ആ ഔഷധത്തിൽ രോഗശമനത്തിനുള്ള ഗുണങ്ങൾ നിക്ഷിപ്തമല്ലെന്നു പറയുന്നത് ബുദ്ധിപൂർവ്വകമാവുമോ? തീർച്ചയായും ഇല്ല. ചിലപ്പോൾ നാം നൽകുന്ന മരുന്നിന്റെ മാത്ര ശരിയായിക്കൊള്ളണമെന്നില്ല. ചിലപ്പോൾ മരുന്നു കഴിക്കേണ്ട സമയ നിർണ്ണയം തെറ്റിപ്പോകാനിടയുണ്ട്. മറ്റു ചിലപ്പോൾ ശമനഗുണം നഷ്ടപ്പെടുമാറ് ഔഷധത്തിന്റെ കാലാവധി കഴിഞ്ഞിട്ടുണ്ടാവും. അതിനാൽ ഔഷധത്തിന്റെ ഗുണത്തെ മാത്രം കണക്കിലെടുക്കാതെ മറ്റു ഘടകങ്ങളെക്കുറിച്ചുംകൂടി പര്യാലോചിക്കേണ്ടതുണ്ട്.

"പ്രാർത്ഥനയുടെ കാര്യവും ഇതുതന്നെയാണ്. ചിലപ്പോൾ പ്രാർത്ഥനയിൽ കൂടുതൽ വികാരതീവ്രത ആവശ്യമായിരിക്കും. ചിലപ്പോൾ ശരിയായ കാര്യസാദ്ധ്യത്തിന് വേണ്ടിയായിരിക്കില്ല നാം പ്രാർത്ഥിക്കുന്നത്. മറ്റു ചില അവസരങ്ങളിൽ പ്രാർത്ഥന സ്വീകരിക്കപ്പെടുന്നതിനുള്ള സാഹചര്യങ്ങൾ അനുയോജ്യമായിരിക്കില്ല. അല്ലാഹു ഭൗതികവും ആത്മീയവുമായ വ്യവസ്ഥിതികളെ ഒരേ കാര്യകാരണശൃംഖലയിൽ ബന്ധിച്ചിരിക്കയാണ്. അതിലൊന്നിനെ അംഗീകരിക്കുകയും മറ്റേതിനെ നിഷേധിക്കുകയും ചെയ്യുന്നത് പരമാബദ്ധമായരിക്കും.

"പ്രവാചകന്മാരും പുണ്യവാളന്മാരും വരെ തങ്ങളുടെ പ്രാർത്ഥനകളെ സംബന്ധിച്ച് ഗുണദോഷിക്കപ്പെട്ടിട്ടുണ്ട്. ഉദാഹരണമായി, നൂഹ്നബി (അ) തന്റെ മകനെ സംബന്ധിച്ച് അല്ലാഹുവിനോട് ഇപ്രകാരം പ്രാർത്ഥിച്ചതായി വിശുദ്ധ ഖുർആനിൽ സൂചിപ്പിക്കപ്പെട്ടിരിക്കുന്നു.

'എന്റെ നാഥാ, സത്യമായും എന്റെ മകൻ എന്റെ കുടുംബത്തിൽ പെട്ടവനാണ്. തീർച്ചയായും നിന്റെ വാഗ്ദാനം സത്യമാണ്. നീ നീതിമാന്മാരിൽ ഏറ്റവും നീതിമാനല്ലോ!'

അല്ലാഹു മറുപടി പറഞ്ഞു:

'അല്ലയോ നൂഹേ, അവൻ (നിന്റെ മകൻ) തീർച്ചയായും നിന്റെ കുടുംബത്തിൽ പെട്ടവനല്ല. അവൻ യഥാർത്ഥത്തിൽ ദുസ്വഭാവിയായ ഒരു മനുഷ്യനാണ്. അതിനാൽ നിനക്കറിവില്ലാത്ത കാര്യത്തെക്കുറിച്ച് പറയരുത്. നീ അജ്ഞന്മാരിൽ പെട്ടുപോകാതിരിക്കാൻ നാം നിന്നെ ഉപദേശിക്കുന്നു' (11:46, 47). നിരവധി സന്ദർഭങ്ങളിൽ, ദുആ ചെയ്യുന്നത് അനാദരമായി പ്രവാചകന്മാരും പുണ്യവാളന്മാരും കരുതിയിട്ടുണ്ട്. ആപൽഘട്ടങ്ങളിൽ അവരുടെ ഹൃദയം പ്രാർത്ഥിക്കണമെന്നഭിലഷിച്ചാൽ അവർ പ്രാർത്ഥിച്ചിരുന്നു. ക്ഷമയും സ്ഥിരചിത്തതയും കൈക്കൊള്ളണമെന്നാണ് അവരുടെ ഉൾപ്രേരണയെങ്കിൽ അവർ സ്ഥിരചിത്തരായി നിലകൊണ്ടു. അപ്പോൾ അവർ പ്രാർത്ഥിച്ചുമില്ല."

അതിനാൽ, നാം നമ്മുടെ 'ദുആ'കളിലും ഇതു ശ്രദ്ധിക്കേണ്ടതായുണ്ട്. തങ്ങൾക്ക് നൻമയോ തിൻമയോ വരുത്തുകയെന്നതിനെ സംബന്ധിച്ച് അറിവില്ലാതെ ജനങ്ങൾ ഓരോ കാര്യങ്ങൾക്കുവേണ്ടി ദുആ ചെയ്തതായി വിശുദ്ധഖുർആനിൽ അല്ലാഹു പറയുന്നു.

വ്യക്തിപരമായ ഉദ്ദേശ്യസാഫല്യത്തിനായി പ്രാർത്ഥനയെ ഒരു മാർഗ്ഗമായവലംബിക്കരുതെന്ന ചിലരുടെ വീക്ഷണത്തെ ഹസ്റത്ത് അഹ്മദ് (അ) ശക്തിയായി ഖണ്ഡിക്കുന്നു. ആ മഹാത്മാവ് ചോദിക്കുന്നു: "ഔഷധം മരണത്തിന്റെ വാതിൽ കൊട്ടിയടച്ചു കളഞ്ഞിട്ടുണ്ടോ? ഔഷധം നിഷ്ഫലമായിത്തീരുക അസാദ്ധ്യമാണോ? എന്നാൽ ഔഷധത്തിന്നു അതിന്റേതായ ശക്തികളും പ്രത്യേക ഗുണങ്ങളും ഉണ്ടെന്നതിനെ നിഷേധിക്കുന്നവരായി ആരെങ്കിലുമുണ്ടോ? എല്ലാ വസ്തുക്കൾക്കും അതാതിന്റെ നിയമങ്ങളും അളവുകളും ഉണ്ടെന്നതു നേരുതന്നെ. അതുകൊണ്ടു, ശാസ്ത്രം അനാവശ്യമായിത്തീരുകയോ അപ്രധാനമാവുകയോ ചെയ്യുന്നില്ല. അതുകൊണ്ടുമാത്രം മാർഗ്ഗങ്ങളും ക്രമങ്ങളും ആശ്രയിക്കേണ്ടതില്ലെന്നും വരുന്നില്ല. ഒരുഭാഗത്ത്, ഭൗതികമായ ഉപാധികളും മറുഭാഗത്ത് ആത്മീയമായ ഉപാധികളും സ്വാഭാവികമായ അളവുകളോടും നിർണ്ണയങ്ങളോടും കൂടിയതാണെന്നു ആഴത്തിൽ ചിന്തിച്ചാൽ നമുക്ക് മനസ്സിലാക്കാം." (ബറക്കത്തുദ്ദുആ-പേജ്-11)

പ്രാർത്ഥനയെ സംബന്ധിച്ച യാഥാർത്ഥ്യവും ഇതുതന്നെയാണ്. ഭൗതികവും ആത്മീയവുമായ വ്യവസ്ഥിതികൾ ഒരേ തത്ത്വത്തിലധിഷ്ഠിതമായാണ് പ്രവർത്തിക്കുന്നതെന്ന് സൂക്ഷ്മമായ പരിചിന്തനം മുഖേന അറിയാൻ സാധിക്കും. ചരിത്രത്തിലുണ്ടായ മഹാത്ഭുതങ്ങൾ യഥാർത്ഥത്തിൽ പ്രാർത്ഥനയുടെ സ്വീകാരത്തിന്റെ ഫലമായാണുണ്ടായതെന്നതിന് അനേകം ഉദാഹരണങ്ങൾ വിശുദ്ധഗ്രന്ഥങ്ങളിൽ കാണാൻ കഴിയും. ഈ ലോകത്തിൽ ആഗതരായ ഒരു ലക്ഷത്തിൽപരം പ്രവാചകന്മാരുടെയും ലക്ഷക്കണക്കിലുള്ള പുണ്യവാളന്മാരുടെയും കരങ്ങളിൽ പ്രാർത്ഥനയാകുന്ന ആയുധമല്ലാതെ മറ്റൊന്നുമുണ്ടായിരുന്നില്ലെന്നത് പ്രാർത്ഥനയുടെ ശക്തിക്ക് തെളിവാണ്.

ഇസ്‌ലാമിന്റെ വളർച്ചയെയും വിജയത്തെയും സംബന്ധിച്ച് നിസ്തുല്യമായ ഒരു സമീപനമാണ് ഹസ്റത്ത് അഹ്മദ് (അ) കൈക്കൊണ്ടത്.

ആ മഹാത്മാവ് പ്രഖ്യാപിച്ചു:

"അറേബ്യൻ മണലരണ്യങ്ങളിൽ സംഭവിച്ച ദിവ്യാത്ഭുതത്തെക്കുറിച്ച് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? മൃതരായ ലക്ഷക്കണക്കിനാളുകൾ ദിവസങ്ങൾക്കകം പുനരുജ്ജീവിച്ചു. തലമുറ തലമുറകളായി ദുഷിച്ചുപോയ ഒരു ജനത ദൈവിക ഗുണങ്ങളുടെ ദർപ്പണങ്ങളായി മാറി. അന്ധർക്ക് കാഴ്ച്ച ലഭിച്ചു. മൂകരായവർ ദൈവികമായ ഉൾക്കാഴ്ചയോടെ സംസാരിച്ചു. മുമ്പൊരിക്കലും ഒരു കാതും കേട്ടിട്ടില്ലാത്ത, ഒരു കണ്ണും കണ്ടിട്ടില്ലാത്ത, മഹത്തായ പരിവർത്തനം ലോകത്തു സംഭവിച്ചു. അതെങ്ങനെയായിരുന്നുവെന്ന് നിങ്ങൾക്കറിയാമോ? അല്ലാഹുവിൽ പൂർണ്ണമായും ലയിച്ച ഒരു പുണ്യപുരുഷൻ രാത്രിയുടെ മദ്ധ്യയാമങ്ങളിൽ ചെയ്ത ഗദ്ഗദ പൂർണ്ണമായ പ്രാർത്ഥനകൾ സ്വീകരിക്കപ്പെട്ടതിന്റെ ഫലമായിരുന്നു അതെല്ലാം. സ്വർഗ്ഗത്തിൽ അലയടികൾ സൃഷ്ടിച്ച പ്രാർത്ഥനകൾ. ഈ നിരക്ഷരനായ ഏക വ്യക്തിയോടല്ലാതെ

ങ്ങൾ പരിഹരിക്കാൻ കഴിവുള്ളവനാണ് എന്ന ദൃഢവിശ്വാസത്തിൽ, തികഞ്ഞ കൂറോടും പൂർണ്ണമായ പ്രത്യാശയോടും കറകളഞ്ഞ സ്നേഹവായ്പോടും അല്ലാഹുവിലേക്ക് ചായുന്നു. ദൈവത്തിന്റെ നീതിപീഠം അവൻ തന്റെ മുന്നിൽ ദർശിക്കുന്നു. അല്ലാഹുവിനു യാതൊരു പങ്കുകാരനുമില്ലെന്ന് അവൻ മനസ്സിലാക്കുന്നു. അപ്പോൾ അവന്റെ ആത്മാവ് ആ ശക്തിയുടെ പടിവാതിലിൽ സാഷ്ടാംഗപ്രണാമം ചെയ്യുകയും അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ തന്നിലേക്കാകർഷിക്കുകയും ചെയ്യുന്നു.

"ആ ഘട്ടത്തിൽ മഹത്വവാനായ ദൈവം ആ വ്യക്തിയുടെ പ്രാർത്ഥനയുടെ ഉദ്ദേശ്യത്തെ സഫലമാക്കുന്നു. അങ്ങനെ ആ പ്രാർത്ഥനയിലടങ്ങിയ അപേക്ഷ അനുവദിക്കുവാനാവശ്യമായ മാർഗ്ഗങ്ങൾ രൂപംകൊള്ളാൻ ആരംഭിക്കുന്നു.

"ഉദാഹരണമായി മഴയ്ക്ക് വേണ്ടി പ്രാർത്ഥിക്കുമ്പോൾ അത് സ്വീകരിക്കപ്പെട്ടാൽ പ്രാർത്ഥനയുടെ ഫലമായി മഴക്കാവശ്യമായ പ്രകൃതിപരമായ സംവിധാനങ്ങൾ ഒരുക്കപ്പെടുന്നു."

(ബറക്കാത്തുദ്ദുആ, ഭാ. 9)

ക്കാം. പ്രാർത്ഥിക്കുന്ന ആളും അല്ലാഹുവും തമ്മിൽ ഒരു ആകർഷണം സൃഷ്ടിക്കപ്പെടുന്നു എന്നതാണ് പ്രാർത്ഥനയുടെ കഴമ്പ്. ആശയവിനിമയത്തിന്റെ ഒരു മാദ്ധ്യമം പ്രാർത്ഥന മുഖേന സ്ഥാപിക്കപ്പെടുന്നു. ഇതെങ്ങനെയാണ് സംഭവിക്കുന്നതെന്ന് ഹസ്റത്ത് അഹ്മദ് (അ) വിവരിച്ചിട്ടുണ്ട്:

''ആദ്യമായി, അല്ലാഹുവിന്റെ കാരുണ്യം (റഹ്മാനിയത്ത്) എന്ന ഒന്നാമത്തെ ഗുണം, ആരുടെയും പ്രാർത്ഥനയുടെ ഫലമായല്ലാതെ ലഭിച്ചിട്ടുള്ള വസ്തുക്കൾ (വായു, സൂര്യൻ, ജലം, മുതലായവ) കൃതജ്ഞതാപൂർവ്വം സ്വയം അർപ്പിക്കുന്ന ദാസനെ ആകർഷിക്കുന്നു. ഈ സമർപ്പണത്തിന്റെ ആത്മാർത്ഥത ഒരു കാന്തം പോലെ പ്രവർത്തിച്ച് അവനെ ദൈവവുമായി കൂടുതൽ അടുപ്പിക്കുന്നു. പ്രാർത്ഥനക്കിടയിൽ ഈ ഘട്ടത്തിലെത്തിക്കഴിഞ്ഞാൽ പ്രാർത്ഥന അതിന്റെ അത്ഭുതകരമായ ഗുണങ്ങൾ അതുല്യമായ മാർഗ്ഗത്തിൽ പ്രകടമാകുന്നു. ഒരു മനുഷ്യനെ വ്യക്തിപരമായ അനേകം ദുരിതങ്ങൾ ബന്ധിക്കുമ്പോൾ, അയാൾ എല്ലാവിധ അഹംഭാവവും കൈവെടിഞ്ഞ് ദൈവം തന്റെ പ്രശ്ന

ബന്ധപ്പെടുത്തിക്കൂടാത്ത പരിവർത്തനങ്ങൾ ഉണ്ടാക്കിയ പ്രാർത്ഥനകൾ! ഈ മാറ്റം എല്ലാവരും ഒരുപോലെ അസാദ്ധ്യമായിക്കരുതിയിരുന്നു"(ബറക്കാത്തുദ്ദുആ, പേജ് 10)

എല്ലാം മുൻകൂട്ടി വിധിക്കപ്പെട്ടതിനാൽ പ്രാർത്ഥനയുടെ ആവശ്യമില്ലെന്ന വാദക്കാർക്ക് മറുപടിയായി ഹസ്റത്ത് അഹ്മദ് (അ) ഇപ്രകാരം പറഞ്ഞു: "ഉന്നതമായ ആത്മീയപദവികൾകൈവരിക്കുകയും ദർശനങ്ങൾ ഉണ്ടാകുകയും ചെയ്യുന്നവർക്കറിയാം ചില പുണ്യവാളന്മാരുടെ പ്രാർത്ഥനകളിൽ രൂപപ്പെടുത്തലിന്റെ ശക്തി സൃഷ്ടിക്കപ്പെടുമെന്ന്. അതായത്, ദൈവകൽപനപ്രകാരം പ്രാർത്ഥന രണ്ടു ലോകങ്ങളിലും നിയന്ത്രണം കൈവരിക്കുന്നു; ഭൗതികലോകത്തും ആത്മീയലോകത്തും."

പ്രാർത്ഥനക്ക് എല്ലാറ്റിനേയും ചലിപ്പിക്കാനുള്ള ശക്തിയുണ്ട്. സൂക്ഷ്മമായ കണങ്ങൾ മുതൽ ഭീമമായ ആകാശഗോളങ്ങൾവരെയും അഭിലഷിക്കുന്ന ദിശയിലേക്ക് ചലിപ്പിക്കാൻ പ്രാർത്ഥനയ്ക്ക് കഴിയും.

അവസാനമായി പ്രാർത്ഥനകൾ സ്വീകരിക്കപ്പെടുന്ന പ്രക്രിയയിലേക്ക് ഒരു ഉൾക്കാഴ്ച നൽകാൻ ഞാൻ ശ്രമി

# ഇസ്ലാം

## ഹസ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

ഇസ്ലാമിന്റെ എല്ലാ കൽപ്പനകളുടെയും സാരാംശം 'ഇസ്ലാം' എന്ന പദത്തിൽ അടങ്ങിയിരിക്കുന്നുവെന്ന് മനസ്സിലാക്കണം. ഈ ഉദ്ദേശ്യസാഫല്യത്തിന്നുള്ള അദ്ധ്യാപനങ്ങളാണ് വിശുദ്ധഖുർആനിൽ അടങ്ങിയിരിക്കുന്നത്. ദൈവസ്നേഹം പ്രാപിക്കുവാനുള്ള മാർഗ്ഗങ്ങൾ ആ മഹൽ ഗ്രന്ഥം വിവരിച്ചുതരുന്നു. ഒരാളെക്കുറിച്ചുള്ള സ്നേഹം ആ ആളുടെ സൗന്ദര്യം (ഹുസ്ൻ) കണ്ടോ അയാൾ ചെയ്യുന്ന ഉപകാരം (ഇഹ്സാൻ) കണ്ടോ മനസ്സിൽ ഉദിക്കുന്നു. അതേ പ്രകാരം ദൈവത്തിന്റെ ഹുസ്നിനെയും ഇഹ്സാനെയും കുറിച്ച് ബോധവാനാകുന്ന ഒരാളിൽ ദൈവത്തെക്കുറിച്ചുള്ള സ്നേഹം അങ്കുരിക്കുന്നു. ദൈവം തന്റെ മഹൽഗുണങ്ങളെയപേക്ഷിച്ച് ഏകനും ഒരുവിധത്തിലുള്ള പങ്കാളിയും ഇല്ലാത്തവനുമാണ്. അവൻ ഒരു വിധത്തിലുള്ള പോരായ്മയും ഇല്ലാത്തവനും എല്ലാ സൽഗുണങ്ങളുടെയും പൂർത്തീകരണവും പരിശുദ്ധമായ സർവ്വശക്തികളുടെ ആവിർഭാവവും എല്ലാ സൃഷ്ടികളുടെയും ആരംഭവും എല്ലാവിധ അനുഗ്രഹങ്ങളുടെയും ഉറവിടവും എല്ലാ രക്ഷാശിക്ഷകളുടെയും യജമാനനും ആകുന്നു. അവൻ ദൂരസ്ഥനാണ്; അതേ അവസരം സമീപനസ്ഥനുമാണ്. അതേപ്രകാരം സമീപസ്ഥനായിരുന്നും ദൂരസ്ഥനാണ്. അവൻ എല്ലാവരെക്കാളും മേലെയുള്ളവനാണ്. എന്നാൽ അവനുകീഴിൽ ആരെങ്കിലും ഉള്ളതായി പറയുവാൻ സാദ്ധ്യമല്ല. അവൻ അഗോചരനാണ്. പക്ഷേ, അവനെക്കാൾ പ്രത്യക്ഷനായിട്ടു മറ്റാരെങ്കിലും ഉള്ളതായി പറയുവാൻ വയ്യ. അവൻ സ്വയം ജീവിച്ചിരിക്കുന്നവനും മറ്റെല്ലാ സൃഷ്ടികളും അവൻ കാരണമായി ജീവിതം നയിക്കുന്നവരും ആണ്. അവൻ സ്വയം നിലനിൽക്കുന്നവനാണ്. മറ്റെല്ലാ സൃഷ്ടികളും അവൻമൂലം നിലനിൽക്കുന്നു. അവന്റെ സഹായമില്ലാതെ ഒന്നിനും ജീവൻ നിലനിർത്തുവാൻ സാധിക്കുന്നതല്ല. ആകാശഭൂമികളിൽ നിറഞ്ഞിരിക്കുന്നത് അവന്റെ ആത്മീയപ്രകാശവും പ്രഭാവവുമാണ്.

Christianity a Journey from fact to Fiction എന്ന പുസ്തകത്തിൽ നിന്ന്

# യേശുവിന് പാപപരിഹാരം സാധ്യമല്ല

ഹസ്റത്ത് മിർസാ ത്വാഹിർ അഹ്മദ്

**മാനവരാശിയുടെ രക്ഷക്കായി യേശു കുരിശുമരണം വരിച്ചു എന്നാണ് ക്രിസ്ത്യാനികൾ വിശ്വസിക്കുന്നത്. മനുഷ്യകുലത്തിന്റെ മോചനത്തിന്റെ ഈ അനർഘനിമിഷം സമാഗതമാവുമ്പോൾ ഹർഷോന്മാദത്തോടെ കുരിശുമരണത്തെ സ്വീകരിക്കേണ്ടതിന് പകരം അതിൽനിന്നു രക്ഷപ്പെടാൻ ദൈവത്തോട് ഏങ്ങലടിച്ചു കരയുന്ന യേശുവിനെയാണ് നാം കാണുന്നത്**

അവസാനത്തേതും എന്നാൽ പ്രധാനപ്പെട്ടതുമായ പ്രശ്നം, ഒരു മനുഷ്യസ്ത്രീയുടെ മകനായി പിറന്ന യേശുവിന് എങ്ങനെ പാപരഹിതനായിരിക്കാൻ കഴിയും എന്നതാണ്. ആദമിന്റെയും ഹവ്വയുടെയും പാപം നിർഭാഗ്യവാന്മാരായ ഈ ദമ്പതികളുടെ മുഴുവൻ സന്തതിപരമ്പരകളേയും പാപപങ്കിലമാക്കിയിട്ടുണ്ടെങ്കിൽ അതിന്റെ സ്വാഭാവിക പരിണിതി എന്ന നിലയ്ക്ക് എല്ലാ ആൺപെൺ സന്തതികളിലേക്കും ഈ പാപവാസന സംക്രമിച്ചിട്ടുണ്ടാകും. ഒരു പക്ഷേ, സ്ത്രീജനങ്ങൾ ഈ പാപസംക്രമത്തിന് കൂടുതൽ വിധേയമായിട്ടുണ്ടാകും. കാരണം ആദമിനെ പ്രലോഭിപ്പിക്കുവാൻ പിശാച് ഉപകരണമാക്കിയത് സ്ത്രീയെയായിരുന്നുവല്ലോ. ആയതിനാൽ പാപത്തിന്റെ ഉത്തരവാദിത്വം ആദമിനേക്കാൾ കൂടുതലായി ഹവ്വയുടെ ചുമലിലാണ് വന്നുവീഴുക. യേശുവിന്റെ ജനനത്തെ (പിതാവില്ലാത്ത ജനനം) സംബന്ധിച്ചിടത്തോളം വ്യക്തമായും ഹവ്വായുടെ പുത്രിയായിരുന്നു (കന്യാമറിയം) ബഹുഭൂരിപക്ഷം പങ്കും നിർവ്വഹിച്ചത്. ഇവിടെ ശക്തമായി ഉയർന്നുവരുന്ന ചോദ്യമിതാണ്: മനുഷ്യമാതാവിന്റെ ജീൻ വഹിക്കുന്ന യാതൊരു ക്രോമോസോമും ജനിതകപരമായി യേശുവിന് നൽകപ്പെട്ടിട്ടില്ലേ? നൽകപ്പെട്ടിട്ടുണ്ടെങ്കിൽ ആദമിന്റെ സന്തതിപരമ്പരകളിലേക്ക് പകർന്ന പാപത്തിൽ നിന്നു രക്ഷപ്പെടാൻ യേശുവിന് സാധ്യമല്ല. യേശുവിന് തന്റെ മാതാവിൽ നിന്ന് യാതൊരുവിധ ക്രോമോസോമും നൽകപ്പെട്ടിട്ടില്ലെങ്കിൽ തീർച്ചയായും അദ്ദേഹത്തിന്റെ ജനനത്തിലെ അത്ഭുതം ഇരട്ടിക്കുന്നു. മാതാവിൽനിന്നും പിതാവിൽനിന്നും കോമോസോമുകൾ പകർന്നു ലഭിക്കാതെ ഒരു കുഞ്ഞ് ജനിക്കുക എന്നത് അതിശയകരം തന്നെയാണ്. ഹവ്വയിൽ നിന്ന് ദാനം ചെയ്യപ്പെട്ട ആ ക്രോമോസോം ഉണ്ണിയേശുവിന് പകർന്നു നൽകിയപ്പോൾ എന്ത്കൊണ്ട് സഹജമായ പാപപ്രലോഭനം അത് സംവഹിച്ചില്ല എന്നത് ദുരൂഹമായിരിക്കുന്നു. ക്രിസ്ത്രീയ സഹോദരന്മാരുടെ വിശ്വാസമനുസരിച്ച് യേശുവിന് മാനവരാശിയുടെ പാപം വഹിക്കാൻ അത്തരമൊരു പാപരഹിതത്വം ആവശ്യമാണ്. ഈ ഒരേയൊരു ഉപാധിയിലാണ് ക്രിസ്ത്യാനികൾ യേശുവിൽ വിശ്വസിക്കുന്നത്. ഏതായാലും യേശു അങ്ങനെ പാപരഹിതനായി ജനിച്ചു എന്നുതന്നെ കരുതുക. അപ്പോൾ മറ്റൊരു പ്രശ്നം ഉത്ഭവിക്കുന്നു. ക്രിസ്തുമതം ആവിർഭവിക്കുന്നതിന് മുമ്പ് മരിച്ച് മണ്ണടിഞ്ഞ ആദം സന്തതികളുടെ കാര്യത്തിൽ എന്താണ് സംഭവിക്കുക എന്ന് ഒരാൾക്ക് ചോദിക്കാവുന്നതാണ്.

അഞ്ചു ഭൂഖണ്ഡങ്ങളിലായി തലമുറതലമുറയായി ലോകം മുഴുവൻ പരന്നുകിടന്നിരുന്ന ആ മനുഷ്യർ കോടാനുകോടിയായിരുന്നു. അതുവരെ ജനിച്ചിട്ടില്ലാത്ത തങ്ങളുടെ രക്ഷകനായ യേശുവിനെ സംബന്ധിച്ച് കേൾക്കുക പോലും ചെയ്യാൻ യാതൊരു സാധ്യതയോ, പ്രതീക്ഷയോ ഇല്ലാതെ, യേശുവിന് മുമ്പുള്ള ജനസമൂഹം ജീവിച്ചുമരിച്ചിട്ടുണ്ടാവും. വാസ്തവത്തിൽ ആദമിനും യേശുവിനും ഇടയിലുള്ള മനുഷ്യസമൂഹം തീർച്ചയായും കാലാകാലത്തേക്കായി നരകത്തിലെറിയപ്പെടുന്നതായിട്ടാണ് കാണപ്പെടുന്നത്. എന്തുകൊണ്ട് അവർക്ക് പാപപൊറുതിയുടെ വിദൂരമായ അവസരം പോലും നൽകപ്പെട്ടില്ല? പൂർവ്വകാല പ്രാബല്യത്തോടെ അവർക്ക് യേശുക്രിസ്തുവിനാൽ പൊറുത്തുകൊടുക്കപ്പെടുമോ? അങ്ങനെയാണെങ്കിൽ എങ്ങനെയാണ് പൊറുത്തുകൊടുക്കുക?

കൊച്ചുദേശമായ ജൂദിയയെ അപേക്ഷിച്ച് ലോകത്തുള്ള ബഹുഭൂരിഭാഗം സ്ഥലങ്ങളിലെ ജനങ്ങളും യേശു ജീവിച്ചിരിക്കുന്ന കാലത്ത് തന്നെ അദ്ദേഹത്തെപ്പറ്റി അറിഞ്ഞിട്ടില്ല. അവർക്ക് എന്ത് സംഭവിക്കും? അവരാരും തന്നെ യേശുവിന്റെ ദൈവപുത്രത്വത്തിൽ വിശ്വസിക്കുകയോ വിശ്വസിക്കാനുള്ള അവസരം ലഭിക്കുകയോ ചെയ്തിട്ടില്ല. അവരുടെ പാപം ശിക്ഷിക്കപ്പെടാതെ പോകുമോ? അതല്ല അവർ ശിക്ഷിക്കപ്പെടുമോ? അവർ ശിക്ഷിക്കപ്പെടുന്നില്ലെങ്കിൽ എന്തു കാരണത്താലാണ് ശിക്ഷിക്കപ്പെടാതിരിക്കുക? ഇനി അവർ ശിക്ഷിക്കപ്പെടുകയാണെങ്കിൽ അതിന്റെ യുക്തിശാസ്ത്രമെന്ത്? അവർക്ക് എന്ത് അവസരമാണ് നൽകപ്പെട്ടിട്ടുള്ളത്? അവർ തികച്ചും നിസ്സഹായരായിരുന്നുവല്ലോ. എന്തൊരു വികൃതമായ നീതിപാലനം!

# ആഗ്രഹിക്കാത്ത ത്യാഗം

നമുക്ക് ക്രൂശീകരണ സംഭവത്തിലേക്ക് കടക്കാം. ഇവിടെ നാം പരിഹരിക്കപ്പെടാൻ കഴിയാത്ത ഒരു വിഷമമാണ് കാണുന്നത്. യേശുവിനെ സംബന്ധിച്ച് നമ്മോട് ദൃഢമായി പറയപ്പെട്ടത് പിതാവായ ദൈവത്തിനുവേണ്ടി സ്വയം സമർപ്പിക്കപ്പെട്ടു എന്നാണ്. അതായത് മാനവരാശിയുടെ പാപത്തിന് വേണ്ടി സ്വയം ബലിയാടായി എന്ന്. തീർച്ചയായും ക്രിസ്ത്യാനികൾ അങ്ങനെ വിശ്വസിക്കുന്നു. യേശുവിന്റെ ആഗ്രഹസാഫല്യത്തിന്റെ ആ നിമിഷം സമാഗതമായപ്പോൾ പാപികളായ മാനവരാശിയുടെ ഒളിമങ്ങിയ പ്രതീക്ഷകൾക്ക് ഒരു പുതിയ കാലത്തിന്റെ പൊൻപുലരിയുടെ ആരംഭമായിരുന്നു അത്. മാനവചരിത്രത്തിലെ അനർഘമായ ഈ നിർണായക മുഹൂർത്തം അത്യധികം ആഹ്ലാദത്തോടെയും ആമോദത്തോടെയും ഹർഷോന്മാദത്തോടെയും യേശു വരവേൽക്കുന്നത് കാണാൻ നാം പ്രതീക്ഷയോടെ അദ്ദേഹത്തിന്റെ നേരെ തിരിയുമ്പോൾ നാം അത്യാഗാധമായി നിരാശരായിത്തീരുകയും നമ്മുടെ സങ്കൽപ്പങ്ങളെല്ലാം വീണടിയുകയും ചെയ്യും. വിജയോന്മാദത്തിന്റെ ആ അസുലഭ നിമിഷങ്ങൾക്ക് അക്ഷമനായി കാത്തിരിക്കേണ്ട യേശുവിന് പകരം നാം കാണുന്നത് പിതാവായ ദൈവത്തോട് മരണമെന്ന കൈപ്പേറിയ പാനപാത്രം എന്നിൽ നിന്നകറ്റേണമേ എന്ന് ഏങ്ങലടിച്ചു തേങ്ങിക്കരഞ്ഞു പ്രാർത്ഥിക്കുന്ന യേശുവിനെയാണ്.

അസഹ്യദുഃഖത്തിന്റെ യാതനാപൂർണ്ണമായ ആ കാളരാത്രി പ്രാർത്ഥനാപൂർവ്വം ചെലവഴിച്ച യേശു, ഉറങ്ങിപ്പോയ തന്റെ ശിഷ്യരിലൊരാളെ ശകാരിക്കുകയുണ്ടായി. ബൈബിളിൽ ആ കഥ ഇങ്ങനെ വിവരിക്കുന്നു:

"അനന്തരം യേശു അവരുമായി ഗെത്ത്ശെമന എന്ന തോട്ടത്തിൽ വന്നു. ശിഷ്യന്മാരോട് ഞാൻ അവിടെ പോയി പ്രാർത്ഥിച്ചുവരുവോളം ഇവിടെ ഇരിപ്പീൻ എന്നു പറഞ്ഞു. പത്രോസിനെയും സെബെദി പുത്രന്മാർ ഇരുവരെയും കൂട്ടിക്കൊണ്ട് ചെന്നു. ദുഃഖിച്ചും വ്യാകുലപ്പെട്ടും തുടങ്ങി: എന്റെ ഉള്ളം മരണവേദനപോലെ അതിദുഃഖിതമായിരിക്കുന്നു; ഇവിടെ താമസിച്ചു എന്നോടുകൂടെ ഉണർന്നിരിപ്പിൻ എന്നു അവരോടു പറഞ്ഞു. പിന്നെ അവർ അൽപ്പം മുന്നോട്ടു ചെന്നു. കമിഴ്ന്നു വീണു. പിതാവേ, കഴിയുമെങ്കിൽ ഈ പാനപാത്രം എങ്കൽനിന്ന് നീങ്ങിപ്പോകേണമേ; എങ്കിലും ഞാൻ ഇച്ഛിക്കുംപോലെ അല്ലാ, നീ ഇച്ഛിക്കുംപോലെ ആകട്ടെ എന്നു പ്രാർഥിച്ചു. പിന്നെ അവൻ ശിഷ്യന്മാരുടെ അടുക്കൽ വന്നു. അവർ ഉറങ്ങുന്നതുകണ്ടു. പത്രോസിനോട്: എന്നോട് കൂടെ ഒരു നാഴികപോലും ഉണർന്നിരിപ്പാൻ നിങ്ങൾക്ക് കഴിഞ്ഞില്ലേയോ? പരീക്ഷയിൽ അകപ്പെടാതിരിക്കാൻ ഉണർന്നിരുന്നു പ്രാർത്ഥിക്കിൻ; ആത്മാവ് ഒരുക്കമുള്ളത്, ജഡമോ ബലഹീനമത്രേ എന്നു പറഞ്ഞു. രണ്ടാമതും പോയി: പിതാവേ ഞാൻ കുടിക്കാതെ അത് നീങ്ങിക്കൂടാ എങ്കിൽ നിന്റെ ഇഷ്ടം ആകട്ടെ എന്നു പ്രാർത്ഥിച്ചു."(മത്തായി 26: 36–43) ■

***(വിവ: ഏ.എം)***

*പേജ് 19ൽ നിന്ന്*

തന്റെ അവസാന ശ്വാസംവരെ ഖാദിയാനിൽ താമസിച്ചുകൊണ്ട് ഖാദിയാനെ സംരക്ഷിച്ചുകൊള്ളാമെന്ന് ഹസ്റത്ത് ഖലീഫത്തുൽ മസീഹ് സാനി(റ)യോട് പ്രതിജ്ഞ ചെയ്തുകൊണ്ട് 313 'ദർവേശു'മാരുടെ സംഘത്തിൽ ഉപ്പായ്ക്ക് ചേരാനുള്ള ഭാഗ്യം ലഭിച്ചു. വിഭജനത്തിനുശേഷം ലഹള ശാന്തമായപ്പോൾ 1950–ൽ സാനിയുടെ നിർദ്ദേശാനുസരണം എന്റെ ഉപ്പാപ്പ മൗലാനാ ബി. അബ്ദുല്ല സാഹിബിന്റെ കീഴിൽ കേരളത്തിൽ തബ്ലീഗ് പ്രവർത്തനങ്ങൾക്കായി കോഴിക്കോട്ടെത്തി. മർഹൂം അഹ്മദ് റശീദ് സാഹിബും മുബല്ലിഗായി അന്ന് കേരളത്തിലുണ്ടായിരുന്നു. കണ്ണൂർ, കൂടാളി, പഴയങ്ങാടി, കോഴിക്കോട്, കരുനാഗപ്പള്ളി എന്നീ അഞ്ചു ജമാഅത്തുകൾ മാത്രമായിരുന്നു അന്നുണ്ടായിരുന്നത്. അല്ലാഹുവിന്റെ അപാരമായ അനുഗ്രഹത്താലും മേൽപറഞ്ഞ മൂന്നുപേരുടെ കൂട്ടായ പരിശ്രമത്തിന്റെ ഫലമായും 25 ജമാഅത്തുകൾ കേരളത്തിൽ പല ഭാഗങ്ങളിലായി സ്ഥാപിതമായി. മർഹൂം മൗലാനാ ബി. അബ്ദുല്ലാഹ് സാഹിബിന്റെ ഭക്തിനിർഭരമായ സേവനത്തിന്റെയും ഉപദേശത്തിന്റെയും ഫലമായിട്ടുകൂടിയാണ് ഇതെല്ലാം സാധ്യമായതെന്ന് ഉപ്പ എപ്പോഴും ഓർക്കാറുണ്ടായിരുന്നു. പുതുതായി രൂപംകൊണ്ട ജമാഅത്തുകൾ ഇവയാണ്: പത്തപ്പിരിയം, വാണിയമ്പലം, കൊടിയത്തൂർ, കരുളായി, മണ്ണാർക്കാട്, പാലക്കാട്, ചേലക്കര, മുറിയക്കണ്ണി, അലനല്ലൂർ, കാവശ്ശേരി, ആലപ്പുഴ, ഐരാപുരം, എറണാകുളം, കൊച്ചി, കാക്കനാട്, കൽകുളം, മോഗ്രാൽ, മംഗലാപുരം, വടകര, തലശ്ശേരി, കടലായി, സാത്താങ്കുളം, മേലേപാളയം, കോട്ടാർ, മഞ്ചേശ്വരം.

ധാരാളം ദുആ ചെയ്യുകയും കൃത്യമായി തഹജ്ജുദ് നമസ്ക്കരിക്കുകയും ചെയ്യാറുണ്ടായിരുന്നു ഉപ്പ. മറ്റുള്ളവരോട് വളരെ വിനയത്തോടെ പെരുമാറുകയും ഒരിക്കലും അഹങ്കാരം കാണിക്കാതിരിക്കുകയും ചെയ്യുന്ന പ്രകൃതമായിരുന്നു അദ്ദേഹത്തിന്റേത്. എന്റെ മാതാവുമായുള്ള ഉപ്പയുടെ വിവാഹബന്ധം തികച്ചും ദൈവഹിതമനുസരിച്ചുള്ളതായിരുന്നു. മക്കളായ ഞങ്ങളോടും ഞങ്ങളുടെ സന്തതികളോടും അങ്ങേയറ്റം സ്നേഹവാത്സല്യങ്ങൾ കാണിച്ചിരുന്ന ഉപ്പയുടെ വിയോഗം ഞങ്ങളുടെ ഹൃദയത്തിൽ ആഴത്തിലുള്ള മുറിവാണ് സൃഷ്ടിച്ചിരിക്കുന്നത്. എങ്കിൽതന്നെയും ഉപ്പയുടെ ജനാസ ഖാദിയാൻ ദാറുൽ അമാനിലെ 'ബിഹിശ്ത്തി മഖ്ബറ'യിൽ ഖബറടക്കം ചെയ്യപ്പെട്ടതിൽ അങ്ങേയറ്റം സന്തോഷിക്കുകയും അതിന് ഭാഗ്യം നൽകിയ അല്ലാഹുവിന് നന്ദി രേഖപ്പെടുത്തുകയും ചെയ്യുന്നു. ഉപ്പയുടെ മഗ്ഫിറത്തിനുവേണ്ടിയും സ്വർഗ്ഗത്തിൽ ഉന്നത സ്ഥാനം ലഭിക്കുന്നതിനുവേണ്ടിയും ദുആ ചെയ്യണമെന്ന് വായനക്കാരോട് അഭ്യർത്ഥിക്കുന്നു. ■

അനുഭവക്കുറിപ്പ്

# ജാഹിലിയ്യത്ത് അവസാനിക്കുന്നില്ല

ബി. എ. മുഹമ്മദ് നജീബ്, എറണാകുളം

## നബിതിരുമേനി(സ)യുടെ ജീവചരിത്രം വിതരണം ചെയ്തതിന്റെ പേരിൽ കോട്ടയത്ത് വെച്ച് മുസ്‌ലിം തീവ്രവാദികളാൽ ആക്രമിക്കപ്പെട്ട അഹ്‌മദി യുവാവ് സംഭവം വിവരിക്കുന്നു.

ഘോരവനത്തിലെ വന്യമൃഗങ്ങളെക്കാൾ തരംതാണ മക്കയിലെ കിരാത മനുഷ്യർക്കും മാനവകുലത്തിനു മുഴുവനും സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും സമാധാനത്തിന്റെയും സൗരഭ്യം പരത്തുവാനായി മരുഭൂമിയിൽ വിരിഞ്ഞ പനിനീർ പുഷ്പമായിരുന്നു ഹസ്റത്ത് റസൂൽ തിരുമേനി (സ). പക്ഷേ കാരുണ്യത്തിന്റെ പരിപൂർണ്ണ രൂപമായിരുന്ന ആ പുണ്യപുരുഷന്റെ സൗന്ദര്യത്തിനു മുമ്പിൽ അല്ലാഹുവിന്റെ സുന്ദരസൃഷ്ടിയായ പനിനീർ പുഷ്പത്തിനുപോലും എന്തു വിലയാണുള്ളത്?

ആ ജാഹിലിയ്യാ കാലഘട്ടത്തിൽ ഇസ്‌ലാമിനെ സംഹരിക്കാൻ വ്യാഘ്ര ത്തെപോലെ ചീറിയടുത്ത ഖലന്മാർ ആ കാരുണ്യമൂർത്തിയുടെ മുഖശ്രീ ദർശിച്ചപ്പോൾ, അവിടുത്തെ സ്നേഹത്തിന്റെ, കരദ്വയങ്ങൾ സ്പർശിച്ചപ്പോൾ അവരിൽ പലരും റസൂൽതിരുമേനി(സ)ക്ക് വേണ്ടി സർവ്വവും സമർപ്പിച്ച് ദൈവഭക്തരായി മാറി. സൗമ്യവും സഹിഷ്ണുതയും സ്നേഹവും കൊണ്ട് മനുഷ്യഹൃദയങ്ങളെ കീഴടക്കിയ രാജകുമാരനായിരുന്നു തിരുമേനി (സ).

സത്യം മുറുകെ പിടിച്ചതിന്റെ പേരിൽ ആ പുണ്യപുരുഷന്റെ അനുയായികൾക്ക് എത്രയോ കൊടിയ മർദ്ദനങ്ങളേറ്റിട്ടുണ്ട്. ഹസ്റത്ത് ബിലാൽ (റ)നെ ചുട്ടുപഴുത്ത മണലരണ്യത്തിലൂടെ വലിച്ചിഴച്ചു! എത്രയോ സഹാബാക്കളെ മൃഗീയമായി പീഡിപ്പിച്ചു. പക്ഷേ, അതുകൊണ്ടൊന്നും ആ മഹാന്മാരുടെ വിശ്വാസാദർശങ്ങൾക്ക് അൽപ്പംപോലും ഇളക്കം തട്ടിയില്ല. അഗ്നിയിൽ സ്ഫുടം ചെയ്തെടുത്ത സ്വർണ്ണംപോലെ അവർക്ക് ശുദ്ധിയും തിളക്കവുമേറിവന്നു. അന്ന് ഇതെല്ലാം ചെയ്തുകൂട്ടിയത് സത്യത്തിന്റെ ശത്രുക്കളായ ബഹുദൈവ വിശ്വാസികളായിരുന്നു. പീഡനമേൽക്കേണ്ടിവന്നത് മുസ്‌ലിംകൾക്കും. ഇന്ന് 1400 സംവത്സരങ്ങൾക്കു ശേഷവും തത്തുല്യമായതോ അതിനേക്കാൾ വലുതോ ആയ പീഡനങ്ങൾക്ക് ഇരയാവുന്നത് ഇസ്‌ലാമിന്റെയും റസൂൽ തിരുമേനി (സ)യുടെയും സന്ദേശം ലോകം മുഴുവൻ പരത്തുവാൻ രാപ്പകൽ പരിശ്രമിക്കുന്ന അഹ്‌മദിയ്യാ മുസ്‌ലിം ജമാഅത്തിനാണ്. ഇവിടെ പ്രതിസ്ഥാനത്തു നിൽക്കുന്നതാകട്ടെ പ്രധാനമായും മുസ്‌ലിം നാമധാരികളും എന്നതാണ് ഏറ്റവും വേദനിപ്പിക്കുന്ന വിചിത്രമായ സത്യം! നമ്മുടെ അയൽ രാഷ്ട്രമായ പാക്കിസ്താനിൽ പരിശുദ്ധ കലിമ-അതായത് അല്ലാഹുവല്ലാതെ മറ്റൊരു ദൈവമില്ല. മുഹമ്മദ് നബി (സ) അല്ലാഹുവിന്റെ ദൂതനാകുന്നു-എന്നു പറഞ്ഞതിന്റെ പേരിൽ മാത്രം അഹ്‌മദികൾ തുറുങ്കിലടക്കപ്പെടുകയും പീഡിപ്പിക്കപ്പെടുകയും ചെയ്യുന്നുണ്ട്. അഹ്‌മദിയായതിന്റെ പേരിൽ മാത്രം വർഷങ്ങൾക്കു മുമ്പ് അഫ്ഘാനിസ്ഥാനിൽവെച്ച് കഴുത്തോളം മണ്ണിട്ട് മുടി ക്രൂരമായി കല്ലെറിഞ്ഞ് ശഹീദാക്കപ്പെട്ട വ്യക്തിയാണ് ഇസ്‌ലാമിന്റെ വീരപുത്രൻ അബ്ദുല്ല ത്തീഫ് സാഹിബ് (റ).

നമ്മുടെ മതേതര ഇന്ത്യയിലെ കൊച്ചുകേരളത്തിലും തമസ്സിന്റെ സന്തതികൾക്ക് അഹ്‌മദിയ്യാ ജമാഅത്തിലൂടെ ഇസ്‌ലാമിനുണ്ടാകുന്ന പുരോഗതി കണ്ട് സഹിക്കാനാകുന്നില്ല. ആശയങ്ങൾകൊണ്ട് അഹ്‌മദിയ്യത്തിനെ തോൽപ്പിക്കാനാവില്ലെന്ന യാഥാർത്ഥ്യം തിരിച്ചറിഞ്ഞ ആ ദുഃശ്ശക്തികൾ മക്കാ മുശ്‌രിക്കുകളുടെ അതേ പാതയിലൂടെ തന്നെ ചരിക്കുകയാണ്. അതേ നയം തന്നെ പിന്തുടരുകയാണ്. പരിശുദ്ധ ഇസ്‌ലാമിനു വേണ്ടി ജീവൻ ത്യജിക്കാൻ വരെ തയ്യാറായി പോർക്കളത്തിലേക്കു കുതിച്ചു പാഞ്ഞ മുസ്‌ലിംകളെ, മരണഭയംമൂലം നട്ടംതിരിഞ്ഞ ശത്രുക്കൾക്ക് തോൽപ്പിക്കാനായില്ലെന്ന യാഥാർത്ഥ്യത്തെക്കുറിച്ച് ആധുനിക കാലഘട്ടത്തിലെ അവരുടെ പിൻതലമുറക്കാർ ഒരു നിമിഷമെങ്കിലും ചിന്തിച്ചിരുന്നുവെങ്കിൽ എന്ന് വെറുതെ ആശിച്ചുപോവുകയാണ്. അഹ്‌മദിയ്യത്തിന്റെ പ്രരാംഭകാലഘട്ടത്തിൽ സത്യവിശ്വാസികളായ അഹ്‌മദികൾക്കു കേരളത്തിൽ അനേകം പരീക്ഷണഘട്ടങ്ങൾ നേരിടേണ്ടിവന്നിട്ടുണ്ട്. അത് ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു എന്നാണ് സംഭവങ്ങൾ മനസ്സിലാക്കിത്തരുന്നത്. ഈ വിനീതനും ഇത്തരത്തിൽപ്പെട്ട ചില ദുരനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്. 1993 ഏപ്രിൽ 25-ാം തിയ്യതി എറണാകുളം ജില്ലയിലെ പാറേപ്പറമ്പിൽ വെച്ചാണ് ആദ്യാനുഭവം. ആയിടെ എറണാകുളത്ത് വെച്ച് നടന്ന 'അൽഖുർആൻ എക്സിബിഷൻ' ഒട്ടേറെ ജനങ്ങളുടെ ശ്രദ്ധ പിടിച്ചുപറ്റിയത് സത്യത്തിന്റെ ശത്രുക്കൾക്ക് സഹിച്ചിരുന്നില്ല. ഈ വിനീതനും പള്ളുരുത്തിയിലെ രണ്ടു സഹോദരങ്ങളും മൂവാറ്റുപുഴയിലെ ശേഖ് അബ്ദുല്ല എന്ന യുവാവും ചേർന്ന് പാറേപ്പറമ്പിൽ വെച്ച് അഹ്‌മദി

യുത്തിനെ പരിചയപ്പെടുത്തി മുന്നോട്ട് നീങ്ങുകയായിരുന്നു. പെട്ടെന്ന് കുറെയധികം മുസ്‌ലിം നാമധാരികൾ വന്ന് ഞങ്ങളെ വളഞ്ഞു. ''ഖുർആൻ ഹിന്ദുക്കൾക്കും മറ്റും പ്രദർശിപ്പിക്കാനുള്ളതാണോ! വിവരമുണ്ടോ ഇവന്മാർക്ക്" എന്നതായിരുന്നു ഒരാളുടെ അഭിപ്രായം. തുടർന്നു തലങ്ങും വിലങ്ങും മർദ്ദനമായി. ശേക്ക് അബ്ദുല്ലയുടെ കൈപിടിച്ച് വളച്ചു. ഈ വിനീതന്റെ മുഖത്തടിച്ച് കണ്ണട കുപ്പത്തൊട്ടിയിലേക്ക് വലിച്ചെറിഞ്ഞു. പരിശുദ്ധ ഖുർആൻ അടക്കമുള്ള ഗ്രന്ഥങ്ങൾ തട്ടിപ്പറിച്ചു. ആ ഖുർആൻ പ്രതി ഒരുപക്ഷേ ഇപ്പോഴും അവരുടെ മനസ്സിൽ ഒരു തീക്കനലായി എരിയുന്നുണ്ടാവണം. പക്ഷേ ശത്രുക്കളുടെ മനസ്സിൽ പശ്ചാത്താപമുണ്ടായിട്ടില്ലെന്നുപിന്നീടുള്ള സംഭവങ്ങൾ തെളിയിച്ചുകാട്ടി. ഇസ്‌ലാമിക സാഹിത്യം വിതരണം ചെയ്യുവാൻ ഏകനായി ഇറങ്ങിപ്പുറപ്പെട്ട എന്റെ ജ്യേഷ്ഠൻ ബി ബി അഹ്‌മദ് കബീർ സാഹിബിനെ അവർ വളരെയധികം പേർ ഒത്തുചേർന്ന് ക്രൂരമായി മർദ്ദിച്ച് തങ്ങളുടെ 'ആണത്തം' പ്രദർശിപ്പിച്ചു.

ചരിത്രം ആവർത്തിക്കുകയാണ്. 2002 ഒക്ടോബർ 6നു ഞായറാഴ്ചയാണ് ഏറ്റവും പുതിയ സംഭവം. അഹ്‌മദിയ്യാ ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ കോട്ടയത്ത് വെച്ച് നടന്ന പുസ്തക പ്രദർശനത്തിനു ലഭിച്ച വൻവിജയം 'ജിഹാദി'നുവേണ്ടി ദാഹിച്ചു നടന്ന, മുസ്‌ലിം നാമധാരികളായ, വെളിച്ചത്തെ ഭയപ്പെടുന്ന ഒരു കൂട്ടം ചെറുപ്പക്കാർക്ക് സഹിക്കാവുന്നതിലും അപ്പുറത്തായിരുന്നു. രാവിലെ ഒമ്പതര മണിയോടുകൂടി ഈ വിനീതനും എറണാകുളത്തെ പി വി ശംസുദ്ദീൻ സാഹിബും മൗലവി ശഫീഖ് അഹ്‌മദ് സാഹിബും ചേർന്നു ഇല്ലിയ്ക്കൽ എന്ന സ്ഥലത്തൂടെ മുന്നോട്ടു നീങ്ങി. ഇസ്‌ലാമിന്റെ സന്ദേശം എല്ലാ മതസ്ഥർക്കും എത്തിച്ചുകൊടുക്കുക എന്നതായിരുന്നു ഞങ്ങളുടെ ലക്ഷ്യം. സമാധാനപ്രഭുവായ മുഹമ്മദ് നബി(സ)യുടെ ജീവചരിത്രത്തിന്റെ 34 കോപ്പികൾ മാത്രമാണ് ഞങ്ങളുടെ കയ്യിൽ ആകെയുണ്ടായിരുന്ന പുസ്തകങ്ങൾ. ഒട്ടനേകം മുസ്‌ലിം വീടുകളിൽനിന്നും അമുസ്‌ലിം വീടുകളിൽനിന്നും വളരെ നല്ല പ്രതികരണമാണ് ഞങ്ങൾക്കു ലഭിച്ചത്. പലരും ഞങ്ങളെ വളരെയധികം ശ്ളാഘിച്ചു. ഇത് ഞങ്ങൾക്ക് കൂടുതൽ മുമ്പോട്ട് നീങ്ങാനുള്ള പ്രേരണ നൽകി. 17 കോപ്പികൾ ഞങ്ങൾ വിറ്റഴിക്കുകയും റസൂൽ തിരുമേനി (സ)യെ കുറിച്ചുള്ള തെറ്റിദ്ധാരണ നീക്കുവാൻ ആവുന്നത്ര പരിശ്രമിക്കുകയും ചെയ്തു. ഒരു പെന്തക്കോസ്ത് മിഷൻ കേന്ദ്രത്തിൽ വെച്ച് ഫാദർ ബെന്നി ഞങ്ങളെ സന്തോഷത്തോടെ സ്വീകരിക്കുകയും നബിചരിത്രം വില നൽകി വാങ്ങുകയും ചെയ്തു. അഹ്‌മദിയ്യാ ജമാഅത്തിനെക്കുറിച്ച് മനസ്സിലാക്കിയിട്ടുള്ള അദ്ദേഹം കോട്ടയത്തു നടന്ന അൽഖുർആൻ എക്സിബിഷനെക്കുറിച്ചും സംസാരിച്ചു. സമയം ഉച്ചയ്ക്ക് രണ്ടരമണിയോടടുത്തു. വിശപ്പും ദാഹവും ഞങ്ങളെ അൽപ്പം തളർത്തിയിരുന്നു. തൊട്ടടുത്തു കണ്ട ഒരു മുസ്‌ലിം സഹോദരന്റെ ഹോട്ടലിൽ കയറി വിശപ്പടക്കി. അദ്ദേഹവും കൂടെയുണ്ടായിരുന്ന ഒരാളും നബിചരിത്രം വാങ്ങുകയും ചെയ്തു. പെട്ടെന്ന് മുസ്‌ലിം നാമധാരികളായ കുറെയധികം അക്രമികൾ വന്ന് ഞങ്ങളെ വളഞ്ഞു. അവർ നബിചരിത്രം വാങ്ങി പരിശോധിച്ചു. "ഞങ്ങളുടെ കയ്യിലുള്ളത് റസൂലുല്ലാ (സ)യുടെ മഹത്വം വിവരിക്കുന്ന ചരിത്രമാണ്. ആ പുണ്യാത്മാവിനെ അപകീർത്തിപ്പെടുത്തുന്ന ഒരൊറ്റ വചനം പോലും ഇതിൽ ഇല്ല. ദാ! ബാഗ് പരിശോധിച്ചോളൂ!" ഞാൻ ശാന്തമായി പറഞ്ഞുകൊണ്ട് ബാഗ് തുറന്നുകാണിച്ചു. മൗലവി സാഹിബും കാര്യം വിശദമാക്കാൻ തുടങ്ങിയെങ്കിലും ആ അക്രമികൾ കോപാകുലരായിരുന്നു. "ഖാദിയാനികളെന്തിനാണ് നബിചരിത്രം പ്രചരിപ്പിക്കുന്നത്?" ഒരാൾ ആക്രോശിച്ചു. നബിതിരുമേനി (സ)യുടെ ജീവചരിത്രം പ്രചരിപ്പിക്കാനുള്ള കുത്തകാവകാശം അവർക്കു മാത്രമാണുള്ളതെന്ന യാഥാർത്ഥ്യത്തെക്കുറിച്ച് അപ്പോൾ മാത്രമാണ് ഞങ്ങൾ അറിഞ്ഞത്! സംഗതി പന്തികേടാണെന്നു തോന്നിയ ഞങ്ങൾ മൂവരും റോഡ് മുറിച്ചുകടന്ന് ഒരു ബസിൽ കയറിപ്പറ്റി. ബസ് പുറപ്പെടുന്നതിനുമുമ്പേ ഏതാനും അക്രമികളും ബസിലേക്കു ചാടിക്കയറി. ചിലർ ബൈക്കുമായി വന്ന് ബസ് വളഞ്ഞു. ഞാൻ ബസിന്റെ പിൻസീറ്റിൽ ഇരിക്കുകയായിരുന്നു. അക്രമികൾക്കു കയ്യേറ്റം ചെയ്യാനുള്ള സുവർണാവസരം. ഒരാൾ ബസിന്റെ കമ്പിയിൽ തൂങ്ങിനിന്നുകൊണ്ട് എന്റെ മുഖത്തും തലയിലും ആഞ്ഞുചവിട്ടി. കണ്ണട തെറിച്ചു ദൂരെ വീണു. ബസിൽ നിൽക്കുകയായിരുന്ന ശംസുദ്ദീൻ സാഹിബിനെയും മൗലവി ശഫീക്ക് അഹ്‌മദ് സാഹിബിനെയും എന്നെയും തലങ്ങും വിലങ്ങും അടിച്ചു. ഈ വിനീതന്റെ തല കമ്പിയിലടിച്ച് പൊട്ടി രക്തം വാർന്നൊലിക്കുവാൻ തുടങ്ങി. പകച്ചു നിന്ന ബസ് യാത്രക്കാരെ നോക്കി ഒരാൾ വിളിച്ചുകൂവി: 'ഇവർ കള്ളൻമാരാണ്!' എന്നിട്ട് ഉന്തിത്തള്ളി ബസ്സിനു പുറത്താക്കി. അവശേഷിച്ച തിരുനബി ചരിത്രത്തിന്റെ 17 കോപ്പികൾ ആ മുസ്‌ലിം നാമധാരികൾ വലിച്ച് പുറത്തേക്കെറിഞ്ഞു. അതിനു തൊട്ടടുത്ത ക്രിസ്തീയ ദേവാലയത്തിലെ പുരോഹിതൻ ആദരപൂർവ്വം ആ പുസ്തകം വാങ്ങി ദേവാലയത്തിൽ കൊണ്ടുവെച്ചിരുന്നു. ആ സാമാന്യമര്യാദപോലും കാരുണ്യത്തിന്റെ പ്രവാചകനായ മുഹമ്മദ് നബി (സ)യുടെ ചരിത്രഗ്രന്ഥത്തോട് ആ മുസ്‌ലിം നാമധാരികൾ കാണിച്ചില്ല. തുടർന്നു ഞാൻ കണ്ടത് തളർന്നുവീണ ശംസുദ്ദീൻ സാഹിബിനെ അക്രമികൾ സംഘം ചേർന്നു മർദ്ദിക്കുന്നതാണ്. ഈ ദയനീയരംഗം കണ്ട എനിക്കു പിന്നെ മുന്നോട്ടു നിങ്ങാനുള്ള ശക്തിയുണ്ടായിരുന്നില്ല. പക്ഷേ എന്റെ വസ്ത്രങ്ങളാകെ രക്തത്തിൽ കുതിർന്നതു കണ്ടാണ് ആ സാധു മനുഷ്യൻ തളർന്നുവീണത്. 'നിന്നെയൊക്കെ കൊന്ന് പുഴയിലെറിയും' എന്ന് ഒരാൾ ആക്രോശിച്ചു. ഒടുവിൽ അല്ലാഹുവിന്റെ സഹായത്താൽ എങ്ങനെയൊക്കെയോ അവിടെ നിന്നു രക്ഷപ്പെട്ട് ഒരു അമുസ്‌ലിം സഹോദരി നൽകിയ വെള്ളംകുടിച്ച് ഓട്ടോറിക്ഷയിൽ കയറി

കോട്ടയത്തെ ആശുപത്രിയിലെത്തി ച്ചേർന്നു. അവിടെവെച്ച് മുറിവ് തുന്നിക്കെട്ടി എറണാകുളത്തേക്കു തിരിച്ചുപോന്നു. അന്നത്തെ അക്രമവുമായി ബന്ധമുള്ള ആരെങ്കിലും ഈ വരികൾ വായിക്കുന്നുണ്ടെങ്കിൽ അവരോട് ഒരു വാക്ക്. അതിനുവേണ്ടിയാണ് ഇത്രയും കുറിച്ചത്. ആരുടെയും സഹാനുഭൂതി പിടിച്ചുപറ്റാൻ ശ്രമിക്കുന്നവരല്ല അഹ്മദികൾ. അഹമദിയ്യാ ജമാഅത്തിനുണ്ടാകാൻ പോകുന്ന വൻ പുരോഗതിയെക്കുറിച്ച് ഞങ്ങൾക്ക് കടുകളവ് പോലും ആശങ്കയില്ല. ഞങ്ങൾക്ക് ആശങ്കയുള്ളത് നിങ്ങളുടെ പര്യവസാനത്തെക്കുറിച്ച് മാത്രമാണ്. സത്യത്തിന്റെ പാതയിൽ ഞങ്ങൾ മരണംവരെ മുന്നോട്ട് പോവുകതന്നെ ചെയ്യും. ഞങ്ങളുടെ മുമ്പിലുള്ളത് സർവ്വലോകരക്ഷിതാവായ അല്ലാഹുവിന്റെ തിരുദൂതനായ മുഹമ്മദ് നബി (സ)യുടെ മാതൃക മാത്രമാണ്. സമാധാനത്തിന്റെ പ്രവാചകനായ ഖാത്തമുന്നബിയ്യീൻ (സ)യുടെ ജീവചരിത്ര ഗ്രന്ഥത്തിന്റെ, നിങ്ങൾ വലിച്ചെറിഞ്ഞുകളഞ്ഞ ആ 17 കോപ്പികൾക്ക് പിന്നെ എന്തു സംഭവിച്ചു? നാളെ പരലോകത്ത് അല്ലാഹുവിന്റെ തിരുമുമ്പിൽ അവ നിങ്ങൾക്കെതിരിൽ സാക്ഷി പറയുമ്പോൾ നിങ്ങളുടെ അവസ്ഥ എന്തായിരിക്കും? കാലം വളരെ കുറച്ചേയുള്ളൂ. അല്ലാഹുവിന്റെ സന്നിധിയിൽ വിലപിച്ചുകൊണ്ട് നിങ്ങൾ മാപ്പിരക്കുക. എങ്കിൽ ആ കാരുണ്യവാൻ നിങ്ങൾക്ക് പൊറുത്തുതരും. ഇല്ലെങ്കിലോ? പ്രവാചക നിഷേധികളുടെ ചരിത്രം ചവറ്റുകൊട്ടയിൽ നിന്നു പുറത്തെടുത്ത് നിങ്ങളൊന്നു പരിശോധിച്ചു നോക്കുക. എത്ര ദയനീയമായിരുന്നു അവരുടെ പര്യവസാനം. ഞങ്ങൾ അഹ്മദികൾ അല്ലാഹുവിന്റെ വാഗ്ദാനത്തിൽ അടിയുറച്ച് വിശ്വസിക്കുന്നവരാണ്. “ഞാനും എന്റെ പ്രവാചകന്മാരും വിജയിക്കുക തന്നെ ചെയ്യു”മെന്നു അല്ലാഹു വിശുദ്ധഖുർആനിലൂടെ പ്രഖ്യാപിച്ചുകഴിഞ്ഞിരിക്കുന്നു. പ്രാർത്ഥനാ നിർഭരമായ ഹൃദയത്തോടെ ഞാൻ എന്റെ വാക്കുകൾക്ക് തൽക്കാലം വിരാമമിടുകയാണ്. ■

# ഓർമ്മകളിലെ അബുൽവഫാ സാഹിബ്

**കെ.എ. അബ്ദുൽകലാം – കൊച്ചി**

ദിവംഗദതനായ മൗലവി അബുൽവഫാ സാഹിബ് എറണാകുളം ജില്ലയിലെ അഹ്മദികൾക്ക് ഏറെ കടപ്പാടുകൾ ഉള്ള മാന്യവ്യക്തിയായിരുന്നു.

മൗലവി അലവി സാഹിബ് എച്ച്. എ. യുടെ അശ്രാന്ത പരിശ്രമഫലമായി ഇവിടെ ധാരാളം അഹ്മദി അനുഭാവികളും അഹ്മദികളും ഉണ്ടായെങ്കിലും അവർക്ക് സ്ഥിരമായി ഒത്തുകൂടാൻ ഒരു മിഷൻ ഹൗസ് ഇവിടെയില്ലായിരുന്നു. എറണാകുളത്ത് ഒരു മിഷൻ ഹൗസ് ഉണ്ടാക്കുക എന്നത് അബുൽ വഫാ സാഹിബിന്റെ കൂടി ഒരാഗ്രഹമായിരുന്നു. നിരന്തരമായ കത്തിടപാടുകളിലൂടെ ജൂബിലി ഫണ്ടിൽനിന്നും മിഷൻ ഹൗസിന് വേണ്ട ധനം വായ്പയായി നൽകുകയും ചെയ്തു. അങ്ങനെ എറണാകുളത്ത് മിഷൻ ഹൗസ് സ്ഥാപിതമായി. അതിന് അബുൽ വഫാസാഹിബും, ഈ ലേഖകനും ജാമ്യക്കാരായിരുന്നു. 1981 ജൂൺ 8-ാംനുയാണ് രജിസ്ട്രേഷൻ നടന്നത്.

പള്ളുരുത്തിയിൽ ഇന്നൊരു മിഷൻ ഹൗസുണ്ട്. മൗലവി അബുൽ വഫാസാഹിബ് 14/4/81ൽ പള്ളുരുത്തി എസ്. ഡി. പി. വൈ. യുടെ പ്ലാറ്റിനം ജൂബിലിയിൽ സർവ്വമത സമ്മേളനത്തിൽ നടത്തിയ പ്രസംഗമാണ് അതിന് വഴിയൊരുക്കിയത്. അന്നത്തെ സമ്മേളനത്തിൽ നടന്ന ഏറ്റവും മികച്ച പ്രസംഗം അബുൽ വഫാസാഹിബിന്റെതായിരുന്നു. സുന്നികളും, മുജാഹിദുകളും, ജമാഅത്ത് കാരും അരങ്ങ് തകർത്തിരുന്ന ആ കാലത്ത് ഇസ്‌ലാമിന്റെ വേറിട്ടൊരു ശബ്ദം കേട്ടത് നാട്ടുകാർക്കൊരു പുതുമയായിരുന്നു. ഇതര മതസ്ഥർ അബുൽ വഫാസാഹിബിന്റെ പ്രസംഗത്തിന്റെ പെരുമ ഇവരോടൊക്കെ പറയുമായിരുന്നു.

കൊച്ചി ജമാഅത്തിന്റെ മിഷൻ ഹൗസ് ഉദ്ഘാടനവേളയിലും, അതിനുമുമ്പ് നടന്ന തബ്‌ലീഗ് വേളയിലും അബുൽ വഫാസാഹിബ് ചെയ്ത പ്രസംഗങ്ങൾ കൊച്ചി പൗരാവലി കേട്ടിട്ടുള്ള അപൂർവ്വമായ പ്രസംഗങ്ങളായി നിലനിൽക്കുന്നു. “ഖിലാഫത്ത്” എന്ന വിഷയം ഇത്രയും ഭംഗിയായി പ്രസംഗിക്കുന്നവർ കേരള സംസ്ഥാനത്ത് തന്നെ അപൂർവ്വമാണ്. കൊച്ചി ജമാഅത്തിൽ പിന്നീട് ബൈഅത്ത് ചെയ്ത മെമ്പർമാരായ പലരുടെയും സംശയങ്ങൾ തീർക്കുന്നതിന് അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ സഹായിച്ചിട്ടുണ്ട്.

അബുൽ വഫാസാഹിബ് ഇസ്‌ലാമിന്റെ ഒരു വീര പോരാളിയായിരുന്നു. പാണ്ഡിത്യവും വിനയവും ഒത്ത് ചേർന്ന പോരാളി. തിരിഞ്ഞുനോക്കുമ്പോൾ സന്തോഷവും, ആവേശവും മാത്രം നൽകുന്ന പോരാളി. കൂട്ടത്തിൽ പറഞ്ഞുകൊള്ളട്ടെ, എനിക്ക് ബൈഅത്ത് വാചകം ചൊല്ലിത്തന്നത് അദ്ദേഹമാണ്, കോഴിക്കോട് ദാറുസ്സലാമിൽ വെച്ച്. അല്ലാഹു അദ്ദേഹത്തിന്റെ സേവനങ്ങൾ സ്വാലിഹായ അമലായി സ്വീകരിച്ച് അദ്ദേഹത്തിന് മഗ്ഫിറത്തും ജന്നത്തും നൽകി അനുഗ്രഹിക്കട്ടെ-ആമീൻ.

# മവാഹിബുർറഹ്മാൻ ○ നസീമെ ദഅ്വത്ത്

മുഹമ്മദ് ഉമർ എച്ച്. ഏ.

ഹസ്റത്ത് മഹ്ദി മസീഹി(അ)ന്റെ ആത്മീയ ഭണ്ഡാരം (റൂഹാനി ഖസായിൻ) എന്ന ഗ്രന്ഥസമുച്ചയത്തിലുള്ള മൂന്നാമത്തെ ഗ്രന്ഥമാണ് 'മവാഹിബുർറഹ്മാൻ'. ഈ ഗ്രന്ഥം അദ്ദേഹം അറബിയിൽ എഴുതി അതോടൊപ്പം ഫാർസിയിൽ തർജ്ജമയും ചേർത്താണ് പ്രസിദ്ധീകരിച്ചത്. ഈ മഹൽഗ്രന്ഥം, പ്രഗൽഭ അറബി പണ്ഡിതനും എന്റെ ഗുരുനാഥനും ആയ മൗലാനാ അഹ്മദ് റശീദുസാഹിബ് (മർഹൂം) മലയാളത്തിൽ വിവർത്തനം ചെയ്തിട്ടുണ്ട്.

ഹസ്റത്ത് വാഗ്ദത്ത മഹ്ദി മസീഹ് തന്റെ ദിവ്യവാദം ഉന്നയിച്ചുകൊണ്ടും തന്റെ സത്യത്തിന്നു സാക്ഷ്യമായി ഒരു ദൈവശിക്ഷയെന്നോണം ഇറങ്ങിയ പ്ലേഗിനെക്കുറിച്ചും ഈ ദൈവശിക്ഷയിൽ നിന്നു താനും തന്റെ ജമാഅത്തും രക്ഷപ്പെടുമെന്നുമുള്ള ഇംഗ്ലീഷ് ഭാഷയിൽ പ്രസിദ്ധീകരിച്ച ഒരു വിജ്ഞാപനം ഈജിപ്തിൽ നിന്നു പുറപ്പെട്ടിരുന്ന 'അൽലിവാഹ്' എന്ന മാസികയുടെ അധിപൻ മുസ്തഫാ കമാൽപാശ എന്നയാൾക്കു ലഭിച്ചു. പ്രസ്തുത വിജ്ഞാപനത്തിൽ അല്ലാഹു തന്റെ ജമാഅത്തിനെ ഈ ഭയങ്കര വിപത്തിൽ നിന്നു രക്ഷപ്പെടുത്തുന്നതാണെന്ന് വാഗ്ദാനം ചെയ്തിരിക്കുന്നുവെന്നും അതുകൊണ്ട് അഹ്മദികൾ പ്രതിരോധ കുത്തിവെപ്പ് നടത്തേണ്ടതില്ലെന്നും പ്രഖ്യാപിച്ചിരുന്നു. ഇതിനെ ആക്ഷേപിച്ചുകൊണ്ട് പ്രസ്തുത അൽലിവാഹ് പത്രം, കുത്തിവെക്കാതിരിക്കുന്നത് ദൈവത്തിന്റെ കാര്യകാരണനിയമത്തിന്നെതിരും 'നിങ്ങൾ മനഃപൂർവ്വം നാശത്തിലേക്ക് കൈകടത്തരുത്' എന്ന ഖുർആനിക കൽപ്പനക്ക് വിരുദ്ധവുമാണെന്ന് എഴുതി. ഈ ആക്ഷേപത്തിന്നുള്ള മറുപടിയായാണ് ഹസ്റത്ത് അഹ്മദ് (അ) മവാഹിബുർറഹ്മാൻ എന്ന ഈ അറബിഗ്രന്ഥം രചിച്ചത്. 1903 ജനുവരിയിൽ പ്രസിദ്ധീകൃതമായ ഈ ഗ്രന്ഥത്തിൽ പ്രസ്തുത ആക്ഷേപത്തിന്നു വിശദമായ മറുപടി നൽകിക്കൊണ്ട് തന്റെ വിശ്വാസാദർശങ്ങളെക്കുറിച്ചും തന്റെ സത്യതക്കു തെളിവായി കഴിഞ്ഞ മൂന്നുവർഷങ്ങളിലുണ്ടായ പല ദൃഷ്ടാന്തങ്ങളെയും അടയാളങ്ങളെയും കുറിച്ച് വിശദീകരിച്ചിരിക്കുന്നു. പ്രസ്തുത മഹാമാരി 6 വർഷങ്ങൾക്കകം 38 ലക്ഷം ജനങ്ങളെ കൊന്നൊടുക്കുകയുണ്ടായെങ്കിലും പ്രവചനമനുസരിച്ച് അഹ്മദിയ്യത്തിന്റെ നാലു ചുവരുകളിൽ സുരക്ഷിതരായവർ ഈ മഹാരോഗത്തിൽനിന്നു വിമുക്തരായി എന്നത് ആ സത്യാത്മാവിന്റെ സത്യതക്കുള്ള മഹൽദൃഷ്ടാന്തമാകുന്നു.

ഇസ്ലാമിൽ നിന്നു വിഭിന്നമായ ഒരു വിശ്വാസാദർശവും തനിക്കില്ലെന്നു സമർത്ഥിച്ചുകൊണ്ട് അദ്ദേഹം ഇപ്രകാരം എഴുതുന്നു:

"തീർച്ചയായും ഞങ്ങൾ മുസ്ലിംകളാകുന്നു. സത്യാസത്യവിവേചന ഗ്രന്ഥമായ അല്ലാഹുവിന്റെ കിതാബ് വിശുദ്ധഖുർആനിലും നമ്മുടെ യജമാനനായ ഹ: മുഹമ്മദു മുസ്തഫാ (സ) അല്ലാഹുവിന്റെ പ്രവാചകനും ദൂതനും ആണെന്നും ഞങ്ങൾ വിശ്വസിക്കുന്നു. ഏറ്റവും ശ്രേഷ്ഠമായ മതം ആ പുണ്യാത്മൻ കൊണ്ടുവന്ന ഇസ്ലാം ആകുന്നു. അദ്ദേഹം ഖാത്തമുന്നബിയ്യീൻ ആകുന്നു. അദ്ദേഹത്തിന്റെ ശിക്ഷണം കൊണ്ടു പരിപാലിക്കപ്പെടാത്തതും അദ്ദേഹത്തിന്റെ വാഗ്ദത്ത മനുസരിച്ചു പ്രത്യക്ഷപ്പെടാത്തതും ആയ ഒരു പ്രവാചകനും അദ്ദേഹത്തിനുശേഷം ഇല്ലതന്നെ. ഈ ഉമ്മത്തിലെ തന്റെ ഔലിയാക്കളുമായി ദിവ്യഭാഷണം നടത്തുക എന്നത് അല്ലാഹുവിന്റെ ചര്യയിൽ പെട്ടതാകുന്നു. അത്തരക്കാർക്ക് നബിമാരുടെ നിറം നൽകപ്പെടുന്നതാകുന്നു. അവർ സ്വയം പര്യാപ്ത സ്വതന്ത്ര നബിമാരാകുന്നില്ല. തീർച്ചയായും വിശുദ്ധഖുർആൻ ശരീഅത്തിന്റെ ആവശ്യം പൂർത്തീകരിക്കുന്നു. അതുകൊണ്ട് പ്രസ്തുത വ്യക്തികൾക്ക് ഖുർആനിക ജ്ഞാനമല്ലാതെ ഒന്നുംതന്നെ നൽകപ്പെടുന്നില്ല. അവർ അതിൽ കുറക്കുകയോ കൂട്ടുകയോ ചെയ്യുന്നില്ല. ആരെങ്കിലും അതിൽ ഏറ്റക്കുറച്ചിൽ നടത്തുന്നുവെങ്കിൽ അവർ ദുർവൃത്തരായ പിശാചുക്കളിൽപ്പെട്ടവരായിരിക്കുന്നതാണ്" (പേജ് 285)

ഖത്മുന്നുബുവ്വത്തിന് വ്യാഖ്യാനം നൽകിക്കൊണ്ടെഴുതുന്നു. "ഖത്മുന്നുബുവ്വത്ത് എന്നത്കൊണ്ട് നാം ഉദ്ദേശിക്കുന്നത് അതിന്റെ പരിപൂർണ്ണതയാണ്. പ്രവാചക ശ്രേഷ്ഠരായ മുഹമ്മദു നബി (സ)യിൽ അത് പരിപൂർണ്ണത പ്രാപിച്ചിരിക്കുന്നു. അദ്ദേഹത്തിന്നുശേഷം അദ്ദേഹത്തിന്റെ ഉമ്മത്തിൽപ്പെടാത്തതും അദ്ദേഹത്തെ പരിപൂർണ്ണമായി പിൻപറ്റാത്തതും ആയ ഒരു നബിയും വരുന്നതല്ല എന്നു ഞങ്ങൾ വിശ്വസിക്കുന്നു. അദ്ദേഹത്തിന്റെ ആത്മീയ പ്രഭാവം കരസ്ഥമാക്കുകയും അദ്ദേഹത്തിന്റെ പ്രകാശത്താൽ പ്രഭാപൂരിതനായിരിക്കുകയും ചെയ്തിരിക്കുന്ന ഒരാൾ ഇവിടെ ആഗതനായിരിക്കുന്നു." (285)

അദ്ദേഹം തന്റെ ജമാഅത്തിനെ ഇപ്രകാരം ഉപദേശിച്ചു:

"നമ്മുടെ ജമാഅത്തിൽ ദീനുൽ ഇസ്ലാമിന്റെ അടിസ്ഥാന പ്രമാണങ്ങളെ അംഗീകരിക്കാത്തവരും അല്ലാഹുവിന്റെ കിതാബായ വിശുദ്ധഖുർആനെയും സർവ്വസൃഷ്ടികളിലും വെച്ച് ഉത്തമനായ റസുൽതിരുമേനിയെയും അനുസരിക്കാത്തവർ നമ്മുടെ ജമാഅത്തിൽ പ്രവേശിക്കുന്നില്ല. അവർ അല്ലാഹുവിലും ആദരവിന്റെയും കാരുണ്യത്തിന്റെയും പ്രതീകമായ അവന്റെ റസൂലിലും അന്ത്യനാളിലും പുനരുത്ഥാനത്തിലും സ്വർഗ്ഗനരകാദികളിലും വിശ്വസിക്കണം. ഇസ്ലാം ദീനിനെയല്ലാതെ മറ്റൊരു മതത്തെയും അംഗീകരിക്കുകയില്ലെന്നു സത്യം ചെയ്തുപറയണം. സർവ്വശക്തനായ അല്ലാഹുവിന്റെ കിതാബിനെയും പ്രകൃതിക്കനുയോജ്യമായ ഈ മതത്തെയും മുറുകെപ്പിടിച്ചുകൊണ്ട് അന്ത്യനിമിഷം വരെ ജീവിക്കുമെന്ന് അവർ പ്രതിജ്ഞ ചെയ്യട്ടെ. വിശു

ദ്ധഖുർആൻ, നബിതിരുമേനിയുടെ സുന്നത്ത്, പരിശുദ്ധ സഹാബാക്കളുടെ ഏകകണ്ഠമായ അഭിപ്രായം എന്നിവയിൽക്കൂടി സ്ഥാപിതമായ കാര്യങ്ങളനുസരിച്ച് പ്രവർത്തിക്കുമെന്ന് അവർ ഏറ്റുപറയട്ടെ. ഈ മൂന്നു കാര്യങ്ങളെ ഉപേക്ഷിക്കുന്ന ആൾ സ്വയം അഗ്നിയിൽ തള്ളപ്പെടുന്നതാണ്. അവന്റെ പര്യവ സാനം അപജയവും നാശവുമാകുന്നു." (99)

തുടർന്നും അദ്ദേഹം തന്റെ ജമാഅത്തിനെ ഉപദേശിക്കുന്നു: "അല്ലയോ സഹോദരൻമാരേ! ഭക്തിനിർഭരമായ സൽക്കർമ്മങ്ങളിലൂടെയല്ലാതെ ഈമാൻ സ്ഥായിയായി വളരുന്നില്ല. മനഃപൂർവം കർമ്മാനുഷ്ഠാനങ്ങളെ ഉപേക്ഷിക്കുന്നവൻ ദൈവസന്നിധിയിൽ ഈമാനില്ലാത്തവനാണ്. അല്ലയോ സഹോദരന്മാരേ! നിങ്ങൾ ഭയഭക്തിയോടുകൂടി സൽക്കർമ്മങ്ങളിൽ മുന്നോട്ടു കുതിച്ചുകൊണ്ടിരിക്കുവിൻ. മരണം ആസന്നമാകുന്നതിനുമുമ്പെ നിങ്ങൾ ദുഷ്കർമ്മങ്ങൾ ഉപേക്ഷിച്ചുകൊള്ളുവിൻ. ദുൻയാവിന്റെ പച്ചളിപ്പും അലങ്കാരവും നിങ്ങളെ വഞ്ചിക്കാതിരിക്കട്ടെ. ഈ ഭവനത്തിന്റെ തിളക്കവും അതിന്റെ സൗന്ദര്യവും മരീചികയാണ്. അതിന്റെ അവസാനം നാശമാണ്. അതിന്റെ മധുരം വാസ്തവത്തിൽ കയ്പാണ്. അതിന്റെ ലാഭം നഷ്ടവും ആകുന്നു."

ഈ ദിവ്യോപദേശമനുസരിച്ച് ജീവിക്കുവാനുള്ള സൗഭാഗ്യം അല്ലാഹു നമുക്കു തന്നനുഗ്രഹിക്കുമാറാകട്ടെ ആമീൻ.

## നസീമെ ദഅ്വത്ത്

പ്രസ്തുത വാല്യത്തിലെ ആറാമത്തെ ഗ്രന്ഥമാണ് നസീമെ ദഅ്വത്ത്

1903ലെ ആദ്യദിനങ്ങളിൽ ഖാദിയാനിലെ ചില നവ മുസ്‌ലിം സഹോദരന്മാർ ഹസ്റത്ത് വാഗ്ദത്ത മസീഹി (അ)നോട് അന്വേഷിക്കുകയോ അനുവാദം വാങ്ങുകയോ ചെയ്യാതെ നല്ല ഉദ്ദേശ്യത്തോടുകൂടി പ്രസിദ്ധീകരിച്ച ഒരു ലഘുലേഖയിൽ ഹിന്ദുക്കളോടും മുസ്‌ലിംകളോടും പ്രാർത്ഥനമൂലം അല്ലെങ്കിൽ ഒരു മതസമ്മേളനം വിളിച്ചുകൂട്ടി താന്താങ്ങളുടെ മതത്തിന്റെ സത്യത തെളിയിക്കുവാൻ ഒരാഹ്വാനം ചെയ്യുകയുണ്ടായി. വളരെ ആത്മാർത്ഥതയോടും പ്രതിപക്ഷ ബഹുമാനത്തോടും കൂടി എഴുതി പ്രസിദ്ധീകരിച്ച ഈ ലഘുലേഖക്ക് മറുപടിയായി ആര്യസമാജക്കാർ ഇസ്‌ലാമിനെയും ഹസ്റത്ത് റസൂൽ കരീം (സ) തിരുമേനിയെയും വളരെ നിന്ദ്യമായി ആക്ഷേപിച്ചുകൊണ്ട് 'ഖാദിയാനി പോപ്പിന്റെ ശിഷ്യന്മാരുടെ പൊങ്ങച്ചത്തിന്നുള്ള മറുപടി' എന്ന പേരിൽ ഒരു വിജ്ഞാപനം പ്രസിദ്ധീകരിച്ചു. അതിൽ ഹസ്റത്ത് വാഗ്ദത്ത മസീഹിനെയും ജമാഅത്തിലെ ആദരണീയരായ വ്യക്തികളെയും കുറിച്ച് വളരെ വേദനാജനകമായ രീതിയിൽ അസഭ്യവാക്കുകൾ പ്രയോഗിച്ചിരുന്നു. ഇവരുടെ കഠിനവാക്കുകളും അസഭ്യവചനങ്ങളും നിറഞ്ഞ ഈ ലഘുലേഖക്ക് മറുപടിയൊന്നും എഴുതേണ്ടെന്ന് ഹ: വാഗ്ദത്ത മസീഹ് (അ) കരുതിയിരുന്നുവെങ്കിലും ഇതിന്നു മറുപടി എഴുതണമെന്ന ദൈവിക വെളിപാടനുസരിച്ച് അദ്ദേഹമെഴുതി പ്രസിദ്ധീകരിച്ചതാണ് നസീമെ ദഅ്വത്ത് എന്ന ഈ ഗ്രന്ഥം.

"അല്ലാഹു തന്റെ പ്രത്യേകമായ ദിവ്യവെളിപാടുവഴി ഈ ലഘുലേഖക്ക് മറുപടി എഴുതണമെന്നും ഈ മറുപടി എഴുതുന്നതിൽ ഞാൻ നിന്റെ കൂടെ ഉണ്ടായിരിക്കുമെന്നും അറിയിച്ചു. ഇതിന്നു മറുപടി എഴുതുന്നതിൽ ഞാൻ തനിച്ചല്ല എന്ന ഈ സുവാർത്തയിൽ എനിക്കതിയായ സന്തോഷമുണ്ടായി. അങ്ങനെ ഞാൻ ദൈവിക ശക്തി ഉൾക്കൊണ്ട് അവന്റെ സഹായത്തോടെ ഈ മറുപടി എഴുതാൻ തുനിഞ്ഞു. എന്നാൽ അവർ എനിക്കും എന്റെ യജമാനനായ ഹസ്റത്ത് മുഹമ്മദുനബി (സ)ക്കും എതിരായി ചെയ്ത ചീത്തവാക്കുകളെയും അസഭ്യവചനങ്ങളെയും തീരെ അവഗണിച്ചുകൊണ്ടു വളരെ മൃദുവായ ഭാഷയിൽ മറുപടി എഴുതുവാൻ ഞാൻ ആഗ്രഹിച്ചു." (363, 364)

മതങ്ങളുടെ താരതമ്യപഠനത്തിന്നായി മൂന്നു കാര്യങ്ങളെക്കുറിച്ചു അവഗാഢം ചിന്തിച്ചാൽ മതിയെന്ന് ഒരാക്ഷേപത്തിന് മറുപടിയായി അദ്ദേഹം എഴുതി. ആ മൂന്നു കാര്യങ്ങൾ ഇവയാണ്:

1. ദൈവത്തിന്റെ ഏകത്വം, ശക്തി പ്രതാപം, ജ്ഞാനം, പരിപൂർണ്ണമഹത്വം, രക്ഷാശിക്ഷാ നടപടികൾ മറ്റു ദൈവികമായ ഗുണങ്ങൾ.

2. മനുഷ്യകുലത്തിന്റെ ഭൗതികവും ധാർമ്മികവും ആത്മീയവുമായ അഭിവൃദ്ധിക്കും പുരോഗതിക്കുമുള്ള അദ്ധ്യാപനങ്ങൾ.

3. ഒരു മതം വെറും നിർജ്ജീവനും ദുർബലനും ആയ കടംകഥകളിൽ മാത്രം കാണപ്പെടുന്ന സങ്കൽപ്പദൈവത്തെയാണോ പ്രദർശിപ്പിക്കുന്നത്?

ഈ മൂന്നു അടിസ്ഥാനപരമായ കാര്യങ്ങളുടെ വെളിച്ചത്തിൽ ഗ്രന്ഥകർത്താവ്, ക്രിസ്തുമതം, ആര്യമതം, ഇസ്‌ലാം എന്നീ മതങ്ങളുടെ അദ്ധ്യാപനങ്ങളെ വളരെ വിശദമായി തുലനം ചെയ്യുകയും താരതമ്യപ്പെടുത്തുകയും ചെയ്തതിന്നുശേഷം ഇസ്‌ലാമിന്റെ മഹാത്മ്യത്തെ സ്ഥാപിച്ച് കാണിച്ചിരിക്കുന്നു.

ഹിന്ദുക്കളുടെ നാലു ദേവതകളായ ആകാശം, സൂര്യൻ, ചന്ദ്രൻ, ഭൂമി എന്നിവ ഉപമാലങ്കാരമായി ദൈവത്തിന്റെ നാലു ദിവ്യഗുണങ്ങൾ ഉൾക്കൊണ്ടവയാണെന്നും സൂറ: ഫാത്തിഹയിലെ നാലു ദൈവിക ഗുണങ്ങളായ റുബൂബിയത്ത്, റഹ്മാനിയ്യത്ത്, റഹീമിയ്യത്ത് മാലിക്കിയത്ത് എന്നിവയെ പ്രസ്തുത ദേവതകളുടെ നാലു ദിവ്യഗുണങ്ങളുമായി താരതമ്യപ്പെടുത്തി വളരെ ഹൃദയസ്പൃക്കും ആത്മീയതക്ക് ബലംകൂട്ടുന്ന രീതിയിലും വിശദീകരിച്ചിരിക്കുന്നു. ഗ്രന്ഥകർത്താവ് ആര്യമതക്കാരുടെ പല ആക്ഷേപങ്ങൾക്കും യുക്തിപരമായും പ്രമാണപരമായും മറുപടി നൽകി. ആര്യസമാജക്കാരുടെ പുനർജ്ജന്മസിദ്ധാന്തം, നിയോഗം എന്നീ വിശ്വാസങ്ങളെയും ഈ ഗ്രന്ഥത്തിൽ ശക്തിയുക്തം ഖണ്ഡിക്കുകയുണ്ടായി. ദൈവം അർശിൽ ഉപവിഷ്ഠനായതുകൊണ്ട് അവൻ പരിമിതനാണെന്നും നാലു മലക്കുകൾ ആ അർശിനെ ചുമന്നുകൊണ്ടിരിക്കുന്നുവെന്നും മലക്കുകൾ ദൈവത്തിന്ന് റിപ്പോർട്ടുകൾ എത്തിക്കുന്നതുവരെ അവൻ അജ്ഞനാണെന്നും ദൈവം പരിവർത്തന വിധേയനാണെന്നും ദൈവത്തിന്റെ ശുപാർശ ശിർക്കാണെന്നും മറ്റുമുള്ള എല്ലാ ആക്ഷേപങ്ങൾക്കും ഹസ്റത്ത് അഹ്മദ് (അ) അവിതർക്കിതമായ നിലയിൽ ഈ ഗ്രന്ഥത്തിൽ മറുപടി നൽകിയിരിക്കുന്നു.

ഗ്രന്ഥകർത്താവ് ഒരാഴ്ചക്കകം ഈ ഗ്രന്ഥം എഴുതി തയ്യാറാക്കി 1903 ഫെബ്രുവരിയിൽ പ്രസിദ്ധീകരിക്കുകയും ഫെബ്രുവരി 28, മാർച്ച്1 തീയതികളിൽ ഖാദിയാനിൽവെച്ചു ചേർന്ന ആര്യസമാജക്കാരുടെ വാർഷിക സമ്മേളനത്തിൽ വിപുലമായ തോതിൽ വിതരണം ചെയ്യുകയുമുണ്ടായി. ■

**കുറിപ്പുകൾ**

**മുസാഫിർ**

# മതംമാറ്റ നിരോധന ബില്ലും മതദേശീയതയും

ഞാൻ ആരാണെന്നും ഞാൻ എങ്ങനെ ചിന്തിക്കണമെന്നും എന്റെ മതം എന്തായിരിക്കണമെന്നും നിർണ്ണയിക്കാനുള്ള സമ്പൂർണ്ണാധികാരം എന്നിൽ മാത്രം നിക്ഷിപ്തമാണ്. ഓരോ ആൾക്കുമുള്ള ഈ ആത്മബോധമാണ് മാനുഷതയുടെ കാതൽ. ആ അധികാരം മറ്റൊരാളോ ഭരണകൂടമോ വ്യക്തിയിൽ നിന്ന് എടുത്തുമാറ്റുകയോ നിഷേധിക്കുകയോ നിയന്ത്രിക്കുകയോ ചെയ്യുന്നത് ഏറ്റവും അധിക്ഷേപാർഹമായ ഒരു കിരാത കൃത്യമാണ്. വ്യക്തിഹത്യക്ക് സമമായ ഈ മനുഷ്യ പീഡനത്തെ ആധുനിക രാഷ്ട്ര വിജ്ഞാനീയം മിതമായ അർത്ഥത്തിൽ ഫാസിസം എന്ന് വിളിക്കുന്നു. സഹസ്രാബ്ദങ്ങളായി മതപുരുഷന്മാരും തത്ത്വജ്ഞാനികളും ദാർശനികന്മാരും മനുഷ്യത്വത്തിൽ വിശ്വസിക്കുന്ന എല്ലാ നല്ലവരും ചേർന്ന് രക്തവും ജീവനും കൊടുത്ത് വർണ്ണവും വദനവും നൽകിയ പാവനമായ ഈ മനുഷ്യസ്വാതന്ത്ര്യത്തെ തമിഴ്നാട്ടിലെ സിനിമാനടിയായ ഒരു മുഖ്യമന്ത്രി ഇല്ലാതാക്കാൻ ശ്രമിക്കുകയാണ്. അതാണ് വിവാദാത്മകമായ മതംമാറ്റ നിരോധന ഓർഡിനൻസ്. അധികാരത്തിന്റെ ദുരമൂത്ത ജയലളിത, പഞ്ചവടിയിൽ ശ്രീരാമചന്ദ്രന്റെ സ്വൈര്യജീവിതം തകർക്കാനെത്തിയ കാമപീഡയേറ്റ ശൂർപ്പണഖയെപ്പോലെ നാട്ടിൽ കുഴപ്പം സൃഷ്ടിക്കുകയാണ്.

അനന്തഗഹനമായ അദൃശ്യങ്ങളിലേക്ക് അനുപദം നടന്നടുക്കുന്ന മനുഷ്യന്റെ അൽപ്പനേരത്തെ ഇടത്താവളമാണ് ഇഹലോകജീവിതം. മുന്നിലും പിന്നിലും അദൃശ്യങ്ങളുടെ നിതാന്ത ശൂന്യതക്ക് നടുവിൽ ഒരു വിസ്മയ ഖണ്ഡം പോലെ മനുഷ്യജീവിതം നിൽക്കുന്നു. ഈ മഹാ പ്രഹേളികയെ നിർദ്ധരിക്കാൻ ആത്മജ്ഞാനിയായ മനുഷ്യൻ വികാരവായ്പ്പോടെ വാരിപ്പുണർന്ന അന്വേഷണോപാധിയാണ് മതം. ആത്മീയവും കാലദേശാതിവർത്തിയുമായ മതങ്ങളാണ് മനുഷ്യജീവിതത്തിന്റെ പരംപൊരുൾ തേടുന്നത്. പരിപാവനമായ മതങ്ങളെ ഭൂമിയിൽ രാഷ്ട്രം സ്ഥാപിക്കാനുള്ള ദേശീയതയുടെ അടിസ്ഥാനമാണെന്ന് കരുതുന്നവരുണ്ട്. എത്ര തുച്ഛമാണ് അവരുടെ മതസങ്കൽപ്പം. അധികാരകസേരയിൽ ആസനം സ്പർശിച്ചാൽ മോക്ഷപദം പൂകുമെന്ന് കരുതുന്ന അത്തരം അഴകിയ രാവണന്മാർക്ക് 'മതം' എന്നാൽ രാഷ്ട്രീയമാണ്. അധികാര സോപാനത്തിലേക്കുള്ള ചവിട്ടുപടിയായി മാത്രം മതത്തെ കാണുന്ന അവരുടെ 'രാഷ്ട്രീയമത'മാണ് യഥാർത്ഥമതത്തിന്റെ പരിശുദ്ധി കെടുത്തുന്നത്. അവർക്കാണ് മതപരിവർത്തനങ്ങളിൽ ആശങ്കയുള്ളത്. അധികാരവും ഭൗതിക ഭോഗങ്ങളും പിടിച്ചുപറ്റാൻ മനുഷ്യസ്വാതന്ത്ര്യത്തെ വിലങ്ങുവെക്കുന്നവർ ഗീതയിലെ ഈ വചനം ഓർക്കുക.

"താനി സർവ്വാണി
സംയമ്യയുക്ത ആസീത മത്പരഃ
വശേഹി യ സ്യേന്ദ്രയാണി
തസ്യ പ്രജ്ഞാ പ്രതിഷ്ഠിതാ"

(വിഷയങ്ങളിലുള്ള അഭിലാഷത്തെ ഉപേക്ഷിച്ച് ആത്മാവിൽ തന്നെ മനസ്സുറപ്പിച്ച് ഇന്ദ്രിയങ്ങളെയെല്ലാം വിഷയങ്ങളിൽ നിന്ന് പിൻമടക്കണം. വിഷയങ്ങളിൽ ഇന്ദ്രിയങ്ങൾക്ക് യഥേഷ്ടം വ്യാപരിക്കാൻ അൽപ്പവും അവസരം കൊടുക്കരുത്. ഇങ്ങനെ ഇന്ദ്രിയങ്ങളെ നിരങ്കുശമായി വിടാതെ പാട്ടിൽ നിർത്തിയ മഹാഭാഗ്യവാന്റെ ആത്മജ്ഞാനം മാത്രമാണ് ഉറച്ചുനിൽക്കുന്നത്.)

ഉന്നതമായ ജനാധിപത്യ ബോധമുള്ള സിവിൽ സമൂഹങ്ങളിൽ മതംമാറ്റങ്ങൾ അവരുടെ രാഷ്ട്രസ്വരൂപത്തേയോ രാഷ്ട്രവ്യവഹാരങ്ങളേയോ ബാധിക്കുന്നില്ല. കാരണം അവരുടെ രാഷ്ട്രം അത്രമാത്രം ഉദാരവും അയവുള്ളതുമായിരിക്കും. ഹിന്ദുരാഷ്ട്രവാദികളാകട്ടെ ഇസ്‌ലാമിക രാഷ്ട്രവാദികളാകട്ടെ ആളുകൾ മതം മാറുമ്പോൾ അവരുടെ മതരാഷ്ട്രത്തിന്നാധാരമായ മതദേശീയതയുടെ സമവാക്യങ്ങൾ തകിടം മറിയുമെന്ന് ഭയപ്പെടുന്നു. അതുകൊണ്ടാണ് യഥാസ്ഥിതി നിലനിർത്താൻ മതംമാറ്റ നിരോധന നിയമം വേണമെന്ന് മുറവിളി കൂട്ടുന്നത്.

മതങ്ങൾക്ക് രണ്ട് വശങ്ങളുണ്ട്. ദൈവവുമായി ബന്ധപ്പെട്ട ആത്മീയ മൂല്യങ്ങളും സമസൃഷ്ടികളുമായി ബന്ധപ്പെട്ട സാമൂഹിക മൂല്യങ്ങളും. ഇതിൽ ദൈവവുമായി ബന്ധപ്പെട്ട ആരാധന, ആഘോഷങ്ങൾ, ആചാരങ്ങൾ മുതലായവയിലാണ് മത വൈവിധ്യങ്ങൾ കൂടുതൽ തെളിഞ്ഞുകാണുക. സഹിഷ്ണുത, സ്നേഹം, സഹനം, സഹകരണം മുതലായ സാമൂഹിക മൂല്യങ്ങൾ എല്ലാ മതങ്ങളുടേയും അദ്ധ്യാപനങ്ങളാണ്. ഈ സാമൂഹിക മൂല്യങ്ങൾ മതങ്ങളുടെ മാത്രം കുത്ത

കയല്ല. മതവിശ്വാസമില്ലാത്തവരും ചില പ്പോൾ മതവിശ്വാസികളാണെന്ന് പറയു ന്നവരേക്കാൾ ഉന്നതനിലവാരത്തിൽ ഈ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കാറുണ്ട്. അതിനുകാരണം സ്രഷ്ടാവായ ദൈവം ആത്മാവുള്ള എല്ലാ മനുഷ്യരിലും സാമൂഹിക മൂല്യത്തിന്നധിഷ്ഠാനമായി വർത്തിക്കുന്ന ധാർമ്മിക മനസ്സാക്ഷി നിക്ഷേപിച്ചിരിക്കുന്നതുകൊണ്ടാണ്. മനുഷ്യനായിപ്പിറന്ന എല്ലാവരുടേയും സാമൂഹിക സങ്കൽപ്പങ്ങളിൽ ദൈവം ഉൾച്ചേർത്തിരിക്കുന്ന ഈ മൂല്യബോധം മതങ്ങളും മതേതര പ്രസ്ഥാനങ്ങളും അവരുടെതായ രീതിയിൽ വളർത്തി ക്കൊണ്ടുവരണം. മനുഷ്യത്വത്തിൽ വിശ്വസിക്കുന്ന എല്ലാവരും പറയുന്ന കേവല സാമൂഹിക മൂല്യങ്ങൾ ഒന്നുത ന്നെ. ഭാരതത്തെപ്പോലെയുള്ള ഒരു ബഹുമത സമൂഹത്തിൽ മതപരമായ പരിഗണനകൾക്കതീതമായി നമ്മുടെ സാമൂഹിക മൂല്യങ്ങൾ രൂപപ്പെടു ത്തുന്ന സാമൂഹിക സംസ്കാരമാണ് നമ്മുടെ ദേശീയതയായി നില കൊള്ളേണ്ടത്. ഹിന്ദുവും മുസ ൽമാനും ഒരുപോലെ സംസാരിക്കുന്ന ഭാഷ, ശ്വസിക്കുന്ന വായു, കഴിക്കുന്ന ആഹാരം, അനുഭവിക്കുന്ന കാലാവ സ്ഥ, പ്രകൃതിയുടെ കനിവും ക്രോധവും എല്ലാം ഒന്നാണ്. രാഷ്ട്രത്തിന്റെ ദേശീയ സംസ്കാരം നിർണയിക്കുന്ന തിൽ ഭൗതികമായ ഇത്തരം ഘടക ങ്ങൾക്കും മുഖ്യപങ്കാണുള്ളത്. അതുകൊണ്ട് ഹിന്ദുവിന്റെയും മുസൽമാന്റെയും ദേശീയ സംസ്കാരം ഒന്നാണ്. വിഭിന്ന മതസ്ഥരായാലും ഒരു രാഷ്ട്രത്തിലെ പൗരന്മാർ എന്ന നിലയ്ക്ക് ഹിന്ദുവിന്റെയും മുസൽമാ ന്റെയും പ്രശ്നങ്ങൾ ഒന്നാണ്. അതിന് 'ഹിന്ദുത്വം' എന്ന മതപരവും വിഭാഗീ യവുമായ വാക്ക് ഉപയോഗിക്കണമെന്ന് ശഠിക്കുമ്പോൾ അത് നമ്മുടെ മതേ തര സങ്കൽപ്പത്തിനെതിരാകുന്നു. മത ത്തിന്റെ അടിസ്ഥാനത്തിൽ ദേശീയ തയെ കാണൽ മതരാഷ്ട്രവാദികളുടെ ഒരു ആവശ്യമാണ്.

നിർബന്ധ മതപരിവർത്തനത്തെ തട യാൻ വേണ്ടിയാണ് തമിഴ്നാട്ടിൽ ഓർഡിനൻസ് കൊണ്ടുവന്നിരിക്കുന്നത്. ആളുകളെ പിടിച്ചുകൊണ്ടുപോയി വാളിന്റെയും തോക്കിന്റെയും മുന്നിൽ നിർത്തിയോ ഭീഷണിപ്പെടുത്തിയോ നട ത്തുന്ന മതംമാറ്റമാണ് നിർബന്ധ മതം മാറ്റം. അത്തരം മതംമാറ്റം ഭാരതത്തി ലെവിടെയും നടക്കുന്നതായി അറിവി ല്ല. തമിഴ്നാട്ടിൽ മുഖ്യമന്ത്രി ജയലളിത ഭരിക്കുമ്പോൾ വീരപ്പനവർകൾ കാട്ടിൽ തട്ടുതകർപ്പൻ സമാന്തരഭരണം നടത്തു കയാണല്ലോ. അദ്ദേഹത്തിന്റെ ബഡ്ജ റ്റിൽ ധനക്കമ്മി അനുഭവപ്പെടുമ്പോൾ താരമൂല്യമുള്ള വ്യക്തികളെ നാട്ടിൽ നിന്നും പിടിച്ചുകൊണ്ടുപോയി ഭീഷണി പ്പെടുത്താറുണ്ട്. അത് മതംമാറ്റത്തിന് വേണ്ടിയല്ല. സാമ്പത്തിക പ്രശ്നങ്ങൾ തീർക്കുന്ന തമിഴ്നാട്ടിലെ ഒരു വീരപ്പൻ രീതി മാത്രം. അതവിടെ നിർബാധം തുടരുമ്പോഴാണ് നിർബന്ധ മതം മാറ്റം ഇല്ലാതാക്കാൻ ജയലളിതയുടെ പുറ പ്പാട്.

പിന്നെയുള്ളത് പ്രലോഭിപ്പിച്ചുള്ള മതംമാറ്റമാണ്. ദാരിദ്ര്യവും പിന്നോക്കാ വസ്ഥയും അനുഭവിക്കുന്ന ഇന്ത്യയിലെ പട്ടിണിപ്പാവങ്ങളെ പ്രലോഭിപ്പിച്ച് മതപ രിവർത്തനം നടത്തുന്നത് തികച്ചും തെറ്റാണ്. ആതുരസേവനവും ജീവകാ രുണ്യ പ്രവർത്തനവും മാനുഷിക പരി ഗണനയുടെ അടിസ്ഥാനത്തിൽ മാത്ര മായിരിക്കണം. അതോടൊപ്പം തന്നെ നാം മറ്റൊരു പ്രശ്നം കണക്കി ലെടുക്കേണ്ടതുണ്ട്. യഥാർത്ഥഹിന്ദു മതം ഉത്കൃഷ്ടവും പരിപാവനുമാ ണെന്ന കാര്യത്തിൽ സംശയമില്ല. എല്ലാ മതങ്ങൾക്കുമുണ്ടാകുന്ന ജീർണ്ണത ഹിന്ദുമതത്തേയും പിടികൂടിയിട്ടുണ്ട്. അതിലൊന്നാണ് ജാതിവ്യവസ്ഥ. പട്ടിക്കും പശുവിനും നടക്കാനനുവാദ മുള്ള പൊതുനിരത്തിലൂടെ വഴിന ടക്കാൻ അനുവദിക്കാത്ത, ഈശ്വരനെ ആരാധിക്കാൻ ആരാധനാലയങ്ങളിൽ പ്രവേശനം നിഷേധിക്കപ്പെട്ട, പൊതു കുളത്തിലും ക്ഷേത്രക്കുളത്തിലും കുളി ക്കാനനുവദിക്കപ്പെടാത്ത, കുടിവെള്ളം നൽകപ്പെടാത്ത അസ്പൃശ്യരും അയി ത്തക്കാരുമായ മനുഷ്യമക്കളുടെ അധഃ സ്ഥിതാവസ്ഥക്ക് കാരണക്കാർ ആരാണ്? ഹിന്ദുമതത്തിലെ സവർണ്ണ മേധാവിത്വത്തിന് ഇതിൽ ഉത്തരവാദിത്വ മില്ലേ? ഒരു നേരത്തെ ആഹാര ത്തിന്നായും, ഒരു കൂരയിൽ മനുഷ്യ നേപ്പോലെ കിടന്നുറങ്ങാനും അന്ത സ്സോടെ തെരുവിൽ നടക്കാനും വേണ്ടി സ്വന്തം മതത്തിൽ നിന്ന് പീഡനങ്ങളും നിന്ദയും മാത്രം ഏറ്റുവാങ്ങുന്ന അധഃ സ്ഥിതൻ ഒരു നിമിഷം ചിന്തിച്ചുപോ യാൽ അത് തെറ്റാണെന്നും പ്രലോഭന മാണെന്നും കുറ്റപ്പെടുത്താൻ പറ്റുമോ? പ്രലോഭിപ്പിച്ച് മതം മാറ്റുന്നവരേക്കാളും പ്രലോഭനത്തിന് വിധേയരാവുന്നവരേ ക്കാളും കൂടുതൽ കുറ്റം പ്രലോഭന ങ്ങൾക്ക് വശംവദരാകുമാറ് അവരെ അധഃകൃതരും അസ്പൃശ്യരുമാക്കി തീർത്ത സവർണ്ണ ഹിന്ദുക്കളുടെ ജാതി വ്യവസ്ഥക്കില്ലെ? പ്രലോഭിപ്പിച്ചു മതം മാറ്റുക എന്നത് അന്തസ്സാർന്ന ഒരു സത്യമതത്തിന് ചേർന്നതല്ല എന്നതാണ് വാസ്തവം. ഇനി പണത്തിനും ഭക്ഷ ണത്തിനും മറ്റു സുഖസൗകര്യ ങ്ങൾക്കും വേണ്ടി ഒരാൾ തന്റെ മതം മാറി എന്നു വെക്കുക. പരിവർത്തിതൻ അവന്റെ ആത്മീയ ജീവിതത്തെ നഷ്ട പ്പെടുത്തി എന്നല്ലാതെ അതൊരു ക്രിമി നൽകുറ്റംപോലെ കണക്കാക്കാൻ പറ്റുമോ? അത് തെറ്റാണെങ്കിൽ ദൈവ മാണ് അതിന് വിധിപറയേണ്ടത്. ഇനി അത്തരം ഒരു മതപരിത്യാഗിയെ ലക്ഷ്യ മിട്ട മതത്തിലേക്ക് പോകാനനുവദി ക്കാതെ നിയമം മൂലം നമ്മുടെ മത ത്തിൽ തന്നെ പിടിച്ചുനിർത്തിയാൽ. അയാളുടെ മതവിശ്വാസം കാപട്യമാ വില്ലേ? അത് അയാളെ കപടവിശ്വാസി യാക്കുന്നു എന്ന് മാത്രമല്ല ഒരാളുടെ മത സ്വാതന്ത്ര്യത്തിനുമേൽ നിയമവും അധി കാരവും ഉപയോഗിച്ച് ഇത് മുഖേന ബലപ്രയോഗം നടത്തുകയല്ലേ ചെയ്യു ന്നത്? മതവിശ്വാസം മനുഷ്യഹൃദയവും ആത്മാവുമായി ബന്ധപ്പെട്ട ഒരു അമൂർത്തവിഷയമാണ്. അതിനുണ്ടാ കുന്ന പരിവർത്തനവും അപ്രകാരംത ന്നെ. ആയതിനാൽ മതപരിവർത്തനം നടന്നത് സത്യാന്വേഷണത്തിന്റെ ഫല മായല്ല, നിർബ്ബന്ധിച്ചും പ്രലോഭിപ്പിച്ചു മാണെന്ന് എങ്ങനെ കണ്ടെത്താൻ സാധിക്കും? നിർബന്ധ മതപരി വർത്തനം ശിക്ഷയർഹിക്കുന്ന ഒരു ക്രിമിനൽ കുറ്റമായിട്ടാണ് ഇവിടെ

വ്യവസ്ഥ ചെയ്തിരിക്കുന്നത്. അത് സ്വേച്ഛയാലാണോ നിർബന്ധമായിട്ടാണോ എന്ന് കണ്ടുപിടിക്കേണ്ട ചുമതല പോലീസുകാരന് വിട്ടുകൊടുക്കുമ്പോൾ മനുഷ്യസ്വാതന്ത്ര്യം അധികാരസ്ഥർ അനുവദിക്കുന്ന ഒരു ഔദാര്യമായിത്തീരില്ലേ? ആയിരം അപരാധികളെ വെറുതെ വിട്ടാലും ഒരു നിരപരാധിയും ശിക്ഷിക്കപ്പെടരുത് എന്ന നീതിതത്ത്വം ലംഘിക്കപ്പെടാനുള്ള അവസരം ഇവിടെ സംജാതമാവുന്നു. ചുരുക്കത്തിൽ, ഒരു മതത്തെ നിയമനിർമ്മാണം കൊണ്ടും അധികാരത്തിന്റെ ബലത്തിലും സംരക്ഷിച്ചുനിർത്തുക എന്നത് ആ മതത്തിന്റെ ബലഹീനതയെയാണ് സൂചിപ്പിക്കുന്നത്. അതാകട്ടെ മനുഷ്യസ്വാതന്ത്ര്യത്തിന് ഭീഷണിയുമാണ്.

മതങ്ങൾ കേവലവിശ്വാസമോ തീപ്പിടിക്കുന്ന വികാരമോ അല്ല. എല്ലാ മതങ്ങൾക്കും അതിന്റെ തത്ത്വങ്ങൾ പ്രതിനിധാനം ചെയ്യുന്ന ഒരാശയ മണ്ഡലമുണ്ട്. ഈ ആശയ ഭൂമികയിൽ നിന്നുകൊണ്ട് സൗഹാർദ്ദപൂർണ്ണമായ ആശയസംവാദങ്ങൾ നടത്തുകയാണ് മതങ്ങൾ ചെയ്യേണ്ടത്. വിശുദ്ധഖുർആൻ പറയുന്നു: ''തത്ത്വജ്ഞാനവും സദുപദേശവും കൊണ്ട് നിന്റെ നാഥന്റെ മാർഗ്ഗത്തിലേക്ക് നീ ജനങ്ങളെ ക്ഷണിക്കുക. ഏറ്റവും ഉത്കൃഷ്ടമായ രീതിയിൽ അവരോട് സംവാദം നടത്തുകയും ചെയ്യുക" (16:126)

നിർബന്ധ മതപരിവർത്തനങ്ങളോട് ഇസ്ലാമിന്റെ നിലപാട് വളരെ വ്യക്തമാണ്. ഖുർആൻ പറയുന്നു "മതത്തിൽ ഒരുതരത്തിലുമുള്ള നിർബന്ധവുമില്ല. നിശ്ചയമായും സന്മാർഗ്ഗം ദുർമാർഗ്ഗത്തിൽ നിന്ന് വ്യതിരിക്തമാണ്" (2:257) "പറയുക: അല്ലയോ ജനങ്ങളേ, നിങ്ങളുടെ നാഥനിൽനിന്ന് ഇപ്പോഴിതാ സത്യം നിങ്ങൾക്ക് വന്നെത്തിയിരിക്കുന്നു. അതുകൊണ്ട് ആര് സന്മാർഗ്ഗത്തിൽ ചരിക്കുന്നുവോ അത് അവന്റെ ആത്മാവിന് വേണ്ടിയാണ്. ആര് വഴിതെറ്റുന്നുവോ? അത് അവന്റെ ദോഷമായിട്ടുതന്നെയാണ് വഴിതെറ്റുന്നത്. ഞാൻ നിങ്ങളുടെ മേൽ ഒരു സർവ്വാധികാരിയല്ല. നിനക്ക് വെളിപ്പെട്ടതിനെ നീ പിന്തുടരുക." (10:109)

മനുഷ്യന്റെ ചിന്താസ്വാതന്ത്ര്യത്തേയും മതം തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യത്തേയും ഇസ്ലാം ചക്രവാളത്തോളം വിശാലമാക്കിയിരിക്കുന്നു. എന്നിട്ടും മനുഷ്യന്റെ മതസ്വാതന്ത്ര്യത്തെ കുഴിച്ചുമൂടിയ നീതിയുടെ ശ്മശാനങ്ങളാണ് മുസ്ലിം നാടുകൾ എന്ന ദൗർഭാഗ്യത്തെയോർത്ത് മുസ്ലിംകൾ ലജ്ജിക്കേണ്ടിയിരിക്കുന്നു. മതംമാറ്റ നിരോധന നിയമത്തെ എതിർക്കാൻ ഇവിടുത്തെ മുസ്ലിംകൾക്ക് ധാർമ്മികമായി യാതൊരു അവകാശവുമില്ല. സഊദി അറേബ്യമുതൽ പാക്കിസ്താൻ വരെയുള്ള രാജ്യങ്ങൾ ജനാധിപത്യത്തിനോടും മതസ്വാതന്ത്ര്യത്തിനോടുമുള്ള അവഹേളനത്തിന്റെ പ്രതീകമായി നിൽക്കുന്നത് ഇവിടുത്തെ മുസ്ലിംകൾ കാണുന്നില്ലേ? അറബി രാജ്യങ്ങളിലെ ജനാധിപത്യവിരുദ്ധ വ്യവസ്ഥയേയും പാക്കിസ്താനിലെ അഹ്മദികൾക്കെതിരെയുള്ള കിരാതമായ നിയമങ്ങളെയും അനുകൂലിക്കുന്ന ഇവിടുത്തെ മുസ്ലിം കക്ഷികൾ മതേതരത്ത്വ ത്തിന്റെ മൂല്യങ്ങൾ ഇപ്പോഴും കെടാതെ സൂക്ഷിക്കുന്ന ഇന്ത്യയിലെ പ്രശ്നങ്ങൾക്ക് മാത്രം ഒച്ചവെക്കുന്നത് ശരിയല്ല.

ഹിറ്റ്ലറേയും താക്കറെയേയും അശോക് സിംഗാളിനേയും പിന്നിലാക്കുന്ന ഒരു സിദ്ധാന്തമാണ് മുസ്ലിംകളിലെ മതരാഷ്ട്രവാദികളും ഫാസിസ്റ്റുകളുമായ ജമാഅത്തെ ഇസ്ലാമിയുടേത്. മതം എന്നാൽ അവർക്ക് രാഷ്ട്രമാണ്. മതപരിവർത്തനങ്ങൾക്കുള്ള അവരുടെ ശിക്ഷ എന്താണെന്ന് കേട്ടാൽ സ്വാതന്ത്ര്യത്തെ സ്നേഹിക്കുന്നവർ ബോധംകെട്ടുപോകും. ഇസ്ലാമിൽ നിന്ന് ആരെങ്കിലും മതംമാറിയാൽ അയാളെ വധിച്ചുകളയണമെന്നാണ് ജമാഅത്തെ ഇസ്ലാമി സിദ്ധാന്തം. അവരുടെ സ്ഥാപകനേതാവും പരമോന്നതാചാര്യനുമായ അബുൽ അഅ്ലാ മൗദൂദി ആധികാരികമായിത്തന്നെ ഈ വിഷയം കൈകാര്യം ചെയ്തുകൊണ്ട് 'മുർത്തദ്കി ശദാ ഇസ്ലാമീ ഖാനൂൻ മെ' (മതത്യാഗിക്കുള്ള ശിക്ഷ ഇസ്ലാമിൽ) എന്ന പേരിൽ ഒരു പുസ്തകമെഴുതിയിട്ടുണ്ട്. അതിൽ അദ്ദേഹം പറയുന്നു: "നമ്മുടെ അധികാരപരിധിയിൽ നാം ഒരു മുസൽമാനേയും അവന്റെ മതം മാറ്റുവാനും മറ്റു മതക്കാർക്ക് പ്രചാരണം നടത്തുവാനോ അനുവദിക്കുന്നതല്ല." (മുർത്തദ്കി സസാ ഇസ്ലാമീ ഖാനൂൻ മെ, ലാഹോർ ഇസ്ലാമിക് പബ്ലിക്കേഷൻ -1981, 8-ാം പതിപ്പ് പേജ് 32) അദ്ദേഹം തുടരുന്നു: "ഈ പ്രശ്നത്തിനുള്ള എന്റെ പരിഹാരനിർദ്ദേശം ഇതാണ്. ഇസ്ലാമിക വിപ്ലവം നടന്നുകഴിഞ്ഞാൽ എല്ലാ നാമമാത്ര മുസ്ലിംകളും ഒരു വർഷത്തിനുള്ളിൽ ഇസ്ലാമിൽനിന്ന് അവർ സ്വയം പുറത്തുപോയതായി പ്രഖ്യാപിക്കുകയും മുസ്ലിം സൊസൈറ്റിയിൽനിന്ന് അവർ നിഷ്ക്രമിക്കുകയും ചെയ്യണം. അതിനുശേഷം ഒരു കൊല്ലം കഴിഞ്ഞാൽ എല്ലാ ജന്മനാ മുസ്ലിംകളും മുസ്ലിംകളായി കണക്കാക്കപ്പെടും. ഇസ്ലാമിലെ എല്ലാ നിയമങ്ങളും പ്രാവർത്തികമാക്കൽ അവർക്ക് നിർബന്ധമാകും. ഇസ്ലാ മിലെ എല്ലാ നിർബന്ധകർമ്മങ്ങളും ബാധ്യതകളും നടപ്പാക്കാൻ അവർ നിർബന്ധിക്കപ്പെടും. അതിനുശേഷം ആരെങ്കിലും ഇസ്ലാമിൽനിന്നു പുറത്തുപോകാൻ ആഗ്രഹിച്ചാൽ അയാൾ വധിക്കപ്പെടുന്നതാണ്." ('മുർത്തദ്കി സസാ ഇസ്ലാമീ ഖാനൂൻ മെ' പേജ് 80)

ജമാഅത്തെ ഇസ്ലാമിക്കാരും അവരുടെ മാധ്യമങ്ങളും നിർബന്ധ മതംമാറ്റ നിരോധന നിയമത്തെ എതിർത്തുകൊണ്ടുള്ള പ്രചാരണ കോലാഹലങ്ങളിൽ മുൻപന്തിയിൽ തന്നെയുണ്ട്. മതപരിവർത്തനത്തെ സംബന്ധിച്ച തങ്ങളുടെ കാട്ടാള നിയമങ്ങൾ പുനഃപരിശോധിക്കുകയും തങ്ങളുടെ സ്ഥാപകനേതാവിനെ തള്ളിപ്പറയുകയുമാണ് അവർ ആദ്യം ചെയ്യേണ്ടത്. അതിനുശേഷമാകട്ടെ ഇവിടുത്തെ പ്രതിഷേധം. മതപരിവർത്തന സ്വാതന്ത്ര്യത്തെക്കുറിച്ച് മുറവിളി ഏറുന്ന ഈ സമയം അതിനുപറ്റിയതാണെന്ന് അവരെ ഓർമ്മിപ്പിക്കുന്നു. മതം രാഷ്ട്രീയത്തിലും രാഷ്ട്രീയം മതത്തിലും കൈകടത്തി നമ്മുടെ സാമൂഹിക ജീവിതം പ്രശ്നസങ്കീർണ്ണമാക്കുന്ന എല്ലാ വിപത്തുകളിൽനിന്നും ദൈവം നമ്മെ രക്ഷിക്കട്ടെ. ■

**കുറിപ്പുകൾ**

**മുസാഫിർ**

# ചൂരലും വിദ്യാഭ്യാസവും

തമിഴ്നാട്ടിലെ സ്കൂൾ വിദ്യാഭ്യാസ ചട്ടങ്ങളിൽ എഴുതിച്ചേർത്ത കുപ്രസിദ്ധമായ ഒരു നിയമം പരിഷ്കൃതലോകത്തിന്റെ വിദ്യാഭ്യാസ ബോധന രീതിക്ക് യോജിച്ചതല്ല എന്ന അഭിപ്രായം ഉയർന്നുവന്നിരിക്കുന്നു. അവിടുത്തെ വിദ്യാഭ്യാസ ചട്ടത്തിലെ 51ാം വകുപ്പിലെ നിയമം അദ്ധ്യാപകർക്ക് വിദ്യാർത്ഥിയുടെ മേൽ ശാരീരിക ദണ്ഡനമേൽപ്പിക്കാനുള്ള അനുവാദം നൽകിയിരിക്കുന്നു.

"Corporal Punishment shall not be inflicted, except in a case of moral deliquency, such as deliberate lying, obscenity of word or act or flagrant insubordination, and it shall be limited to six cuts on the hands, and be administered only by or under the supervision of a headmaster" സദാചാര ഭംഗത്തിന്റെ, അതായത് കരുതിക്കൂട്ടിയുള്ള കളവ്, വാക്കിലോ പ്രവർത്തിയിലോ ഉള്ള അശ്ലീലത, വ്യക്തമായ അനുസരണക്കേട് എന്നീ വിഷയങ്ങളില്ലാതെ ശാരീരിക ദണ്ഡനം ചുമത്തപ്പെടരുത്. അത് പ്രധാനാദ്ധ്യാപകനോ അല്ലെങ്കിൽ അദ്ദേഹത്തിന്റെ മേൽനോട്ടത്തിലോ കൈയ്യിൽ ആറ് പ്രഹരങ്ങൾ നൽകലായി പരിമിതപ്പെടുത്തേണ്ടതുമാണ്"

കുട്ടികളെ, പ്രത്യേകിച്ച് വിദ്യാർത്ഥികളെ അടിക്കുക എന്നത് അനുവദനീയമല്ലാത്ത കാര്യമാണ്. അതിൽ പ്രൈമറി, അപ്പർ പ്രൈമറികളിലെ പിഞ്ചുവിദ്യാർത്ഥികളും ഉൾപ്പെടും എന്ന കാര്യവും നാമോർക്കണം. ഉന്നയിക്കപ്പെടുന്ന കുറ്റത്തിനെതിരെ പ്രതിരോധിക്കാൻ ശേഷിയില്ലാത്ത നിസ്സഹായരായ പിഞ്ചുകുട്ടികളെ പ്രഹരിക്കാനുള്ള നിയമപരമായ അനുവാദം അദ്ധ്യാപകർക്ക് നൽകുന്നത് പരിഷ്കൃതലോകത്തിന്റെ രീതിയല്ല. കഠിനമായ ശിക്ഷകളിലൂടെ മാത്രമേ മനുഷ്യൻ നന്നായിത്തീരൂ എന്ന കിരാതമായ മദ്ധ്യകാലത്തെ കുറ്റവാളികളോടുള്ള സമീപനത്തിന്റെ പരിശിഷ്ടമാണ് ഈ വിദ്യാഭ്യാസച്ചട്ടത്തിൽ പ്രതിഫലിക്കുന്നത്. കുറ്റകൃത്യങ്ങളുടെ കാരണം കുറ്റവാളിയിൽ മാത്രം പരിമിതമല്ലെന്നും അവന് പുറത്തുനിന്നുള്ളതും ജന്മജാതമായി ലബ്ധമായതുമായ അനേകം കാരണങ്ങളാണ് കുറ്റവാളിയെ സൃഷ്ടിക്കുന്നതെന്ന് ആധുനിക കുറ്റശാസ്ത്രം പറയുന്നു. ഈ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ കുറ്റവാളികൾക്കുള്ള ശിക്ഷകളിൽ അടിസ്ഥാനപരമായ പരിഷ്ക്കരണങ്ങൾ ആധുനികനീതിപീഠങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് നിഷ്കക്കളങ്കരായ പിഞ്ചുകുഞ്ഞുങ്ങളുടെ പൂമേനിയിൽ പ്രയോഗിക്കാൻ അദ്ധ്യാപകർക്ക് ചൂരൽ നൽകിയിരിക്കുന്നത്. ബ്രിട്ടനിൽ നിന്നും നിരവധി യൂറോപ്യൻ രാജ്യങ്ങളിൽനിന്നും ചൂരൽ എന്നേ വിട പറഞ്ഞുകഴിഞ്ഞിട്ടും നമ്മുടെ ക്ലാസ്സ്മുറികളിൽ ചൂരൽ എന്ന ചെങ്കോലുമായിക്കൊണ്ടാണ് അദ്ധ്യാപകൻ വാഴുന്നത്. മാലാഖമാരെപ്പോലെ കുട്ടികളെ പഠിപ്പിക്കുകയും പരിചരിക്കുകയും ചെയ്യുന്ന അദ്ധ്യാപകരെ മറന്നുകൊണ്ടല്ല ഇതെഴുതുന്നത്. പക്ഷേ, അടിക്കാനുള്ള നിയമസമ്മതി മുഴുവൻ വിദ്യാഭ്യാസത്തെയും മാനവീയമല്ലാതാക്കുന്നു.

നമ്മുടെ വിദ്യാഭ്യാസരീതി മുഖ്യമായും രാഷ്ട്രനിർമ്മാണത്തിനുവേണ്ടിയുള്ള പരിശീലനരംഗമാണ്. വ്യക്തിത്വവികസനം അതിന്റെ ഏറ്റവും അപ്രധാനമായ വശമാണ്. അദ്ധ്യാപകന് തൊഴിലും വിദ്യാർത്ഥിക്ക് തൊഴിൽനേടാനുള്ള ഉപാധിയുമാണ് ഇന്ന് വിദ്യാഭ്യാസം. അതുകൊണ്ട് തന്നെ ആത്മീയ സ്പർശമില്ലാത്ത തികഞ്ഞ ഔപചാരികതയുടെ ചുറ്റുപാടാണ് നമ്മുടെ ക്ലാസ്സ്മുറികൾ. അതിശീഘ്രം വളരുന്ന വൈജ്ഞാനികലോകവും എല്ലാ മേഖലയിലും ചുഴിഞ്ഞുനിൽക്കുന്ന ആധുനികലോകത്തെ പ്രൊഫഷണലിസവും വിദ്യാഭ്യാസത്തെ കൂടുതൽ കൂടുതൽ ഭാരമുള്ളതും ബോധനരീതികളെ കൂടുതൽ യാന്ത്രികവും കർക്കശവുമാക്കി മാറ്റുകയാണ്. കുട്ടികളുടെ ശാരീരിക ചലനങ്ങളും ചിന്തകളും അസ്ഥിരമാണ്. സവിശേഷമായ അവരുടെ ഈ ജൈവപ്രകൃതി കണക്കിലെടുത്താണ് അച്ചടക്കത്തിന്റെ പാഠങ്ങൾ നൽകേണ്ടത്. നാലു ചുമരുകളുള്ള ക്ലാസ്സുമുറി ബാലകന്മാരുടെ സ്വാതന്ത്ര്യത്തെ തടഞ്ഞുനിർത്തുന്ന ഒരു കൃത്രിമ സ്ഥലമാണെന്ന് നാം ഓർക്കണം. ഇതൊന്നും കണക്കിലെടുക്കാതെ ഈ വിങ്ങിപ്പൊട്ടുന്ന അന്തരീക്ഷത്തിലേക്കാണ് ചൂരലുമായി അദ്ധ്യാപകൻ കടന്നുവരുന്നത്.

നിയമത്തിൽ പറഞ്ഞ സദാചാര ലംഘനത്തിന്റെ പേരിലല്ല മിക്ക കുട്ടികളും അദ്ധ്യാപകന്റെ പ്രഹരത്തിന് വിധേയരാകുന്നത്; പഠിക്കാത്തതിന്റെ പേരിലാണ്. പ്രതിജനഭിന്നമായി ജനിക്കുന്ന കുട്ടികളുടെ വ്യക്തിനിഷ്ഠമായ കഴിവുകൾ അവരുടെ സാഹചര്യങ്ങളും പഠനനിലവാരത്തെ സ്വാധീനിക്കുന്നു. അവർക്ക് ഇഷ്ടമില്ലാത്ത വിഷയങ്ങൾ അടിച്ചേൽപ്പിക്കുമ്പോഴാണ് പഠനവൈകല്യങ്ങളുണ്ടാകുന്നത്. വീടുകളിലെ സാഹചര്യം, മാതാപിതാക്കളുടെ വിദ്യാഭ്യാസനിലവാരം, അദ്ധ്യാപകന്റെ ബോധനരീതി ഇതെല്ലാം വിദ്യാർത്ഥികളുടെ പഠനത്തെ ബാധിക്കുന്ന ഘടകങ്ങളാണ്. സർവ്വോപരി, പഠനമെന്നത് ഒരു മാനസിക വ്യാപാരവുമാണ്. ഇതൊന്നും പരിഗണിക്കാതെ സർക്കസിലെ മൃഗശിക്ഷകനെപ്പോലെ മാഷ് യഥേഷ്ടം ചൂരൽക്കഷായം വെച്ചുവിളമ്പുന്നത് ക്രൂരമാണ്. അദ്ധ്യാപകൻ മാനസിക പിരിമുറക്കമുള്ള ആളും ക്രൂരസ്വഭാവിയുമാണെങ്കിൽ പാവം പിഞ്ചുവിദ്യാർത്ഥികളുടെ ഗതി പിന്നെ പറയാനുമില്ല. ക്ലാസ്സുകളിൽവെച്ച് ക്രൂരമനസ്ഥിതിക്കാരായ അദ്ധ്യാപകരുടെ മർദ്ദനങ്ങൾക്ക് വിധേയരാകുന്ന കുട്ടിയുടെ

കൊച്ചുസങ്കടങ്ങൾ ആരോടും തുറന്നു പറയാൻ കഴിയാതെ നാളെ വീണ്ടും മർദ്ദകനായ അദ്ധ്യാപകനെ അവർ അഭിമുഖീകരിക്കേണ്ടിവരുന്നു. ആ വിദ്യാർത്ഥിയുടെ മാനസിക വ്യഥ എത്രമാത്രം ദുഃഖകരമാണ്. സദുപദേശത്തിലൂടെയും ഉത്തമമാതൃകയിലൂടെയും ഇളം പൈതങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിന് പകരം മർദ്ദിച്ച് നന്നാക്കുന്ന അദ്ധ്യാപനശൈലി അനുഭവിച്ചുവളരുന്ന കുട്ടിക്ക് മാനസിക വൈകല്യം പിടികൂടാനും സമൂഹത്തിനുമുമ്പിൽ അവനൊരു മർദ്ദകനുമായി മാറാനും സാദ്ധ്യതയുണ്ട്.

വിദ്യാഭ്യാസരംഗം ഇന്ന് ഒരു കഴുത്തറപ്പൻ മത്സരവേദിയാണ്. ഒന്നോ രണ്ടോ മാത്രം കുട്ടികളുമായി ആകാംക്ഷയോടെയും മനഃസംഘർഷത്തോടെയും കുട്ടികളെ വിദ്യാഭ്യാസത്തിനയക്കുന്ന മാതാപിതാക്കൾ അദ്ധ്യാപകന്റെ എല്ലാ മുറകളും മത്സരത്തിൽ കുതിച്ചോടുന്ന കുതിരയുടെ പിറകിൽ ഏൽപ്പിക്കുന്ന കുതിമുള്ളുകളാണെന്ന ധാരണയോടെ സന്തോഷപൂർവ്വം സ്വീകരിക്കുന്നു. രക്ഷിതാക്കളുടെ ഈ വിധത്തിലുള്ള നിസ്സംഗതയും അജ്ഞതയും കുട്ടികളുടെ മനസ്വാസ്ഥ്യം കെടുത്തുന്ന ബോധനരീതിയായി വിദ്യാഭ്യാസത്തെ അധപ്പതിപ്പിക്കുന്നതിൽ പങ്കുണ്ട്. അതുകൊണ്ട്, കുട്ടികളെ അടിക്കാൻ അനുവദിക്കുന്ന നിയമം ഇല്ലാതാക്കാൻ രക്ഷാകർത്താക്കളും ബോധവാന്മാരാകണം. ഏറ്റവും കുറഞ്ഞ അദ്ധ്വാനത്തിലൂടെ സുഗമമായി കുട്ടികളെ പഠിപ്പിക്കാനുള്ള ടെക്നിക്കുകൾ ആധുനിക മനശാസ്ത്രജ്ഞൻമാരും വിദ്യാഭ്യാസ വിചക്ഷണൻമാരും ആവിഷ്ക്കരിച്ചിട്ടുണ്ട്. നമ്മുടെ പാഠശാലകളിലേക്ക് അവ കൊണ്ടുവരേണ്ടതുണ്ട്. ബാലമനസ്സുകളുടെ ചാഞ്ചല്യവും ക്രീഢാതൽപ്പരതയും കണക്കിലെടുത്ത് വിദ്യാഭ്യാസ വിദഗ്ധർ തയ്യാറാക്കിയ ബോധനരീതികൾ കേരളസർക്കാർ നടപ്പിലാക്കുന്നത് ഈ വഴിക്കുള്ള പരീക്ഷണമായിരിക്കാം.

മാനവ വിശ്വ വിദ്യാലയത്തിലെ മഹാഗുരുവായ മുഹമ്മദ് നബി (സ) യുടെ സ്വഭാവവും അദ്ധ്യാപനശൈലിയും അത്യുദാരവും നിസ്സീമമായ സ്നേഹത്തിന്റെതായിരുന്നു. ഖുർആൻ പറയുന്നു: "അല്ലാഹുവിന്റെ മഹത്തായ കാരുണ്യം തന്നെയാണ് അവനോട് നീ സൗമ്യമായി വർത്തിക്കുന്നത്. നീ പരുഷ സ്വഭാവിയും കഠിനഹൃദയനുമായിരുന്നെങ്കിൽ അവർ നിനക്ക് ചുറ്റും നിന്ന് ചിതറിപ്പിരിഞ്ഞുപോകുമായിരുന്നു" (3:160). കുട്ടികളെ അഗാധമായി സ്നേഹിച്ച മുഹമ്മദ് നബി (സ)യെ മാതൃകയാക്കുന്നവർക്ക് കുട്ടികളോട് കാട്ടുന്ന ഈ ക്രൂരനിയമം അംഗീകരിക്കാനാകില്ല. എത്ര വലിയ ദൗത്യയാത്ര നടത്തുന്ന വേളയിലായിരുന്നാൽപ്പോലും തിരുനബി (സ) കുട്ടികളെ കണ്ടാൽ വാരിയെടുത്ത് ഉമ്മ വെക്കുമായിരുന്നു. അവരോടൊപ്പം വിനോദങ്ങളിൽ ഏർപ്പെടുകയും ചെയ്തിരുന്നു. തിരുനബി (സ) അവരെ ദൈവത്തിന്റെ പൂന്തോപ്പിലെ പ്രിയപ്പെട്ട മലരുകളായിട്ടാണ് വിശേഷിപ്പിച്ചത്. മക്കയിലേക്ക് വിജയശ്രീലാളിതനായി കടന്നുവന്ന തിരുനബി (സ) തന്റെ ഒട്ടകപ്പുറത്ത് രണ്ട് പിഞ്ചുപ്പൈതങ്ങളെ ഇരുത്തിയാണ് ആഗതനായത്. തിരുനബി (സ)യുടെ ശിഷ്യനായ വാഗ്ദത്ത മസീഹ് (അ) കുട്ടികളെ പ്രഹരിക്കുന്നതിനോട് കഠിനമായ വെറുപ്പ് പ്രകടിപ്പിച്ചിരുന്നു. അങ്ങനെയാരെങ്കിലും ചെയ്തതായി അറിഞ്ഞാൽ ആ മഹാത്മാവിന്റെ മുഖത്ത് കോപം അങ്കുരിക്കുമായിരുന്നു. കുട്ടികളെ മർദ്ദിക്കുന്നത് ഒരുതരം 'ശിർക്ക്' (ദൈവത്തിൽ പങ്കുചേർക്കൽ) ആണെന്നാണ് അദ്ദേഹം അഭിപ്രായപ്പെട്ടത്. കുട്ടികളിൽ സ്വഭാവ ദൂഷ്യങ്ങളുണ്ടെങ്കിൽ അവർക്കുവേണ്ടി പ്രാർത്ഥിക്കുകയാണ് വേണ്ടതെന്നും ആ പ്രാർത്ഥനകൾ നിരുപാധികം സ്വീകരിക്കപ്പെടുമെന്നുമുള്ള തിരുനബി (സ)യുടെ മൊഴിമുത്തുകൾ അദ്ദേഹം അനുയായികളെ ഇടക്കിടെ ഉണർത്താറുണ്ടായിരുന്നു. അഹ്മദിയ്യാ ഖലീഫ ഹസ്റത്ത് മിർസാ ത്വാഹിർ അഹ്മദ് തിരുമനസ്സിന് കുഞ്ഞുങ്ങളോടുള്ള സ്നേഹം അളവറ്റതാണ്. തിരക്കുപിടിച്ച തന്റെ ജീവിതത്തിൽ ദിവസേന മണിക്കൂറുകളോളം കുട്ടികളുമായി ചെലവഴിക്കുകയും അവർക്ക് കഥകളും വിജ്ഞാനവും പകർന്നുനൽകുകയും ചെയ്യുന്നതിൽ ഖലീഫ തിരുമനസ്സ് ബദ്ധശ്രദ്ധനാണ്. മുസ്‌ലിം ടെലിവിഷൻ അഹ്മദിയ്യ അത് സ്ഥിരമായി സംപ്രേഷണം ചെയ്തുവരുന്നുണ്ട്. കുട്ടികളുടെ സ്നേഹമസൃണമായ സ്വഭാവ സംസ്കരണ ശിക്ഷണങ്ങളെ സംബന്ധിച്ച് ദീർഘമായ ഖുത്ബകൾ തന്നെ അദ്ദേഹം നടത്തിയിട്ടുണ്ട്. കുട്ടികൾ ബലഹീനരും നിസ്സഹായരും സ്നേഹം അർഹിക്കുന്നവരുമാണ്. അവരെ അകാരണമായി വേദനിപ്പിക്കുന്ന സാഹചര്യങ്ങൾ ഒഴിവാക്കുക എന്നത് എല്ലാ മനുഷ്യസ്നേഹികളുടെയും ആവശ്യമാണ്. ■

# ഈദുൽ ഫിത്വ്ർ ഡിസംബർ 6ന്

4-12-2002 ഉച്ചക്ക് 1.04ന് അമാവാസി സംഭവിക്കുന്നതിനാൽ അന്നേദിവസം സൂര്യനസ്തമിക്കുമ്പോൾ ചന്ദ്രന്റെ പ്രായം 5 മണിക്കൂർ 58 മിനുട്ടും, കോണകലം 3 ഡിഗ്രിയുമാണ്. ഈ ഘട്ടത്തിൽ ചന്ദ്രക്കല നഗ്നദൃഷ്ടിക്ക് ഗോചരമല്ല. ആയതിനാൽ 5-12-2002ന് ചന്ദ്രക്കല കാണുകയും 6-12-2002ന് ഈദുൽ ഫിത്വ്ർ ആയിരിക്കുകയും ചെയ്യും.

# പെരുന്നാൾ നമസ്ക്കാരം

ഉമ്മു അത്വിയ്യ (റ) യിൽനിന്ന് നിവേദനം: "പുണ്യത്തിലും മുസ്‌ലിംകളുടെ പ്രാർത്ഥനയിലും പങ്കാളികളാകാൻ വേണ്ടി രണ്ടു പെരുന്നാൾ ദിവസങ്ങളിലും കന്യകകളെയും ഋതുമതികളെയും പോലും (മൈതാനത്തേക്ക്) കൊണ്ടുപോകാൻ ഞങ്ങൾക്ക് കൽപ്പന ലഭിച്ചിട്ടുണ്ട്. ഋതുമതികൾ നമസ്ക്കാരസ്ഥലത്തുനിന്ന് അകന്നുനിൽക്കാൻ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്." (ഹദീസ്)

## വാർത്തകൾ

# അനുസ്മരണയോഗങ്ങൾ

### കോഴിക്കോട്

കോഴിക്കോട് ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ മൗലാന മുഹമ്മദ് അബുൽ വഫാ സാഹിബിന്റെ സേവനങ്ങളെ അനുസ്മരിച്ചുകൊണ്ട് നടന്ന 24-10-2002ന് ചേർന്ന യോഗത്തിൽ സൂബായി അമീർ ഏ.പി. കുഞ്ഞാമു സാഹിബ് അധ്യക്ഷപ്രസംഗം നടത്തി. മൗലാനയുടെ പ്രവർത്തനങ്ങളെ അദ്ദേഹം ഹ്രസ്വമായി വിലയിരുത്തി- നായിബ് അമീർ എം.എ. മുഹമ്മദ് സാഹിബ്, മൗലവി സാഹിബിന്റെ മകൻ റഫീഖ്അഹ്മദ് സാഹിബ്, ഏ.എം. മുഹമ്മദ് സലീം സാഹിബ്, ബിച്ചിക്കോയട്ടി സാഹിബ്, ടി. ആലി സാഹിബ്, ടി. അഹ്മദ് സഈദ് സാഹിബ്, ഐ.കെ. അഹ്മദ്കുട്ടി സാഹിബ്, എം. പി. കോയട്ടി സാഹിബ്, ഏ. കെ. മമ്മദ് കോയാ സാഹിബ്, അബ്ദുൽ കരീം സാഹിബ്, കെ. വി. മുസ്തഫാ സാഹിബ്, ശാഹിദ് സാഹിബ് എന്നിവർ പ്രസംഗിച്ചു.

### മർക്കര

മൗലാനാ മുഹമ്മദ് അബുൽ വഫാ സാഹിബിനെ അനുസ്മരിക്കാൻ മർക്കര ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ 18-10-2002ന് വെള്ളിയാഴ്ച മഗ്രിബ് നമസ്ക്കാരാനന്തരം മർക്കര അഹ്മദിയ്യാ മിഷൻ ഹൗസിൽ പ്രസിഡന്റ് എം.ഏ. ബശീർ അഹ്മദ് സാഹിബിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. മൗലവി മുഹമ്മദ് ഉമർ സാഹിബ് തീമാപൂരി, ജനാബ് പി കെ അബ്ദുൽ ജലീൽ സാഹിബ്, മൗലവി സി പി മൊയ്തീൻ കുട്ടി സാഹിബ്, അദ്ധ്യക്ഷൻ എന്നിവർ പരേതന്റെ സേവനങ്ങളെ അനുസ്മരിച്ച് സംസാരിച്ചു.

# ഖാദിയാനിൽ നടന്ന വാർഷിക ഇജ്തിമകൾ

ഖാദിയാൻ: അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ശാഖാ സംഘടനകളായ മജ്‌ലിസ് അൻസാറുല്ലാഹ്, മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ, മജ്‌ലിസ് അത്ഫാലുൽ അഹ്മദിയ്യാ ഇജ്തിമകൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഒക്ടോബർ 16, 17, 19, 20, 21 തിയ്യതികളിൽ ഖാദിയാനിൽ വെച്ച് നടക്കുകയുണ്ടായി.

### അൻസാറുല്ലാഹ് ഇജ്തിമാഅ്

ഒക്ടോബർ16: സാഹിബ് സാദാ മിർസാ വസീം അഹ്മദ് സാഹിബ് (നാസിർ അഅ്‌ലാ, അമീർ ജമാഅത്ത് അഹ്മദിയ്യാ ഖാദിയാൻ) പതാക ഉയർത്തിയതോടെ സമ്മേളനം ആരംഭിച്ചു. ഉദ്ഘാടന സമ്മേളനത്തിൽ മൗലാനാ കരീമുദ്ദീൻ സാഹിബ് (സദർ മജ്‌ലിസ് അൻസാറുല്ലാഹ് ഭാരത്), മൗലാനാ സഹീർ അഹ്മദ് സാഹിബ്, മൗലാനാ മുഹമ്മദ് ഹമീദ് കൗസർ എന്നിവർ വിവിധ വിഷയങ്ങളെ അധികരിച്ച് പ്രഭാഷണങ്ങൾ നടത്തി.

17-ാം തിയ്യതി രാവിലെ 9മണിക്ക് മൗ. കരീമുദ്ദീൻ സാഹിബിന്റെ അദ്ധ്യക്ഷതയിൽ യോഗം ആരംഭിക്കുകയും തുടർന്ന് നടന്ന പ്രസംഗമത്സരങ്ങൾ ബി.യം. കോയസാഹിബ് (നാസിം അഅ്‌ലാ കേരള) നിയന്ത്രിച്ചു. സമാപന സമ്മേളനത്തിൽ മിർസാ വസീം അഹ്മദ് സാഹിബ് വിജയികൾക്കുള്ള സമ്മാനദാനങ്ങൾ നിർവ്വഹിച്ചു.

### ഖുദ്ദാം അത്ഫാൽ ഇജ്തിമാഅ്

ഒക്ടോബർ 19: രണ്ട് ദിവസങ്ങളിലായി നടന്ന വൈജ്ഞാനിക കായിക മത്സരങ്ങളിൽ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നു വന്നെത്തിയ ഖാദിംകൾ പങ്കെടുത്തു. ഫുട്ബോൾ മത്സരത്തിൽ ഒന്നാംസ്ഥാനം കേരള ടീമിന്നായിരുന്നു.

21-ാം തിയ്യതി വൈകു. 5മണിക്ക് നടന്ന സമാപന സമ്മേളനത്തിൽ ഹസ്റത്ത് മിർസാ വസീം അഹ്മദ് സാഹിബിന്റെ അധ്യക്ഷതയിൽ വിജയികൾക്കുള്ള സമ്മാനദാനം നിർവഹിച്ചു. അത്യാകർഷകമായ രീതിയിൽ വേദി അലങ്കരിച്ച കോഴിക്കോട് മജ്‌ലിസിന് പ്രത്യേക സമ്മാനം ലഭിക്കുകയുണ്ടായി. മൗലവി മുഹമ്മദ് ഉമർ സാഹിബ് എച്ച്. ഏ. കേരള ഖുദ്ദാമുൽ അഹ്മദിയ്യക്ക് നൽകിക്കൊണ്ടിരിക്കുന്ന സഹായസഹകരണങ്ങൾക്ക് പ്രത്യേക സമ്മാനത്തിന്നർഹരായി.

## കോഴിക്കോട്,പള്ളിപ്പുറം മജ്‌ലിസുകൾക്ക് രണ്ടും മൂന്നും സ്ഥാനങ്ങൾ

ഏറ്റവും നല്ല മജ്‌ലിസ് അൻസാറുല്ലാക്കുള്ള (40 വയസ്സിന് മുകളിലുള്ളവരുടെ സംഘടന) രണ്ടും മൂന്നും സ്ഥാനങ്ങൾ യഥാക്രമം കോഴിക്കോട് പള്ളിപ്പുറം മജ്‌ലിസുകൾക്ക് ലഭിച്ചു. ഹസ്റത്ത് മിയാൻ വസിം അഹ്മദ് സാഹിബിൽ നിന്ന് രണ്ടാംസ്ഥാനത്തിനുള്ള ട്രോഫി ടി. ആലി സാഹിബ് ഏറ്റുവാങ്ങി.

## കോഴിക്കോട് ഖുദ്ദാമുൽ അഹ്മദിയ്യക്ക് മൂന്നാംസ്ഥാനം

ഖാദിയാനിൽ വെച്ച് നടന്ന ഭാരത് ഖുദ്ദാമുൽ അഹ്മദിയ്യാ വാർഷിക ഇജ്തിമയിൽ ഏറ്റവും നല്ല മജ്‌ലിസിനുള്ള മൂന്നാംസ്ഥാനം കോഴിക്കോട് ഖുദ്ദാമുൽ അഹ്മദിയ്യക്ക് ലഭിച്ചു. ഹസ്റത്ത് മിയാൻ വസീം അഹ്മദ് സാഹിബിൽ നിന്ന് മൂന്നാംസ്ഥാനത്തിനുള്ള ട്രോഫി കോഴിക്കോട് ഖാഇദ് ഡോ. സലാഹുദ്ദീൻ സാഹിബ് ഏറ്റുവാങ്ങി. സമ്മാനാർഹരായവരെ സംസ്ഥാന അമീർ ഏ. പി. കുഞ്ഞാമു സാഹിബ് അഭിനന്ദിച്ചു.

## അഹ്മദിയ്യാ കമ്മ്യൂണിറ്റി ഹാൾ ഉദ്ഘാടനം ചെയ്തു

മംഗലാപുരം: അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് നിർമ്മിച്ച 'അഹ്മദിയ്യാ മുസ്‌ലിം കമ്മ്യൂണിറ്റി ഹാൾ' ഒക്ടോബർ 25ന് വെള്ളിയാഴ്ച ജനാബ് ഡോ. മൻസൂർ അഹ്മദ് സാഹിബ് ഉദ്ഘാടനം ചെയ്തു. ഉദ്ഘാടനത്തോടനുബന്ധിച്ച് നടന്ന തർബിയത്ത് യോഗത്തിൽ എം.പി. ഇബ്റാഹിം സാഹിബ്, എൻ അബ്ദുർ റഹീം സാഹിബ്, യു.എം.എ. ബശീർ അഹ്മദ് സാഹിബ്, സിദ്ദീഖ് അശ്റഫലി സാഹിബ്, എം. ഉബൈദുല്ലാഹ് സാഹിബ്, കെ.എം. ആലിസാഹിബ് എന്നിവർ ആശംസാ പ്രസംഗങ്ങൾ നടത്തി. മുഹമ്മദ് യൂസുഫ് സാഹിബ് സ്വാഗതവും, എം.പി. ഇബ്റാഹിം സാഹിബ് നന്ദിയും പറഞ്ഞു.